| 179 | 325/14-2-22 | പാഷൻഫ്രൂട്ട് | 9,00 | കൃഷിഭവൻ,മുണ്ടേരി |
| 180 | 326/14-2-22 | പാഷൻഫ്രൂട്ട് | 4,500 | കൃഷിഭവൻ,ചെറുപുഴ |

| | | | | |
|---|---|---|---|---|
| 181 | 327/14-2-22 | പാഷൻഫ്രൂട്ട് | 8,100 | കൃഷിഭവൻ,മലപ്പട്ടം |
| 182 | 328/14-2-22 | പാഷൻഫ്രൂട്ട് | 2,250 | കൃഷിഭവൻ,കുറ്റ്യാട്ടൂർ |
| 183 | 329/14-2-22 | പാഷൻഫ്രൂട്ട് | 4,500 | കൃഷിഭവൻ,പടിയൂർ |
| 184 | 330/15-2-22 | കീടനാശിനി | 26,250 | കൃഷിഭവൻ,ചിറക്കൽ |
| 185 | 338/18-2-22 | കീടനാശിനി | 2,650 | കാങ്കോൽ ഫാം |
| 186 | 339/24-2-22 | പാഷൻഫ്രൂട്ട് | 3,708 | കൃഷിഭവൻ,ചപ്പാരപ്പടവ് |
| 187 | 340/24-2-22 | പാഷൻഫ്രൂട്ട് | 3,690 | കൃഷിഭവൻ,നടുവിൽ |
| 188 | 341/4-2-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 7,500 | കൃഷിഭവൻ,കൊളച്ചേരി |
| 189 | 342/4-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 7,500 | കൃഷിഭവൻ,മുണ്ടേരി |
| 190 | 343/4-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 7,500 | കൃഷിഭവൻ,ചെമ്പിലോട് |
| 191 | 344/4-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 7,500 | കൃഷിഭവൻ,ചേലോറ |
| 192 | 345/4-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 7,250 | കൃഷിഭവൻ,എരഞ്ഞോളി |
| 193 | 346/4-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 7,750 | കൃഷിഭവൻ,പിണറായി |
| 194 | 347/4-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 3,750 | കൃഷിഭവൻ,ന്യൂമാഹി |
| 195 | 348/8-3-22 | പാഷൻഫ്രൂട്ട് | 2,250 | കൃഷിഭവൻ,ആലക്കോട് |
| 196 | 349/8-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 15,000 | കൃഷിഭവൻ,ധർമ്മടം |
| 197 | 351/8-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 12,500 | കൃഷിഭവൻ,അഞ്ചരക്കണ്ടി |
| 198 | 352/8-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 12,500 | കൃഷിഭവൻ,വേങ്ങാട് |
| 199 | 354/11-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 7,500 | കൃഷിഭവൻ,പെരളശ്ശേരി |
| 200 | 355/11-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 7,500 | കൃഷിഭവൻ,എടക്കാട് |
| 201 | 356/14-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 20,000 | DAF,കുത്താളി |
| 202 | 358/14-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 1,000 | കൃഷിഭവൻ,മുണ്ടേരി |
| 203 | 359/16-3-22 | പ്ലാവിൻതൈ | 4,500 | കൃഷിഭവൻ,പട്ടുവം |
| 204 | 360/17-3-22 | കീടനാശിനി | 1,450 | പാലയാട് ഫാം |
| 205 | 361/23-3-22 | അടക്ക,കുരുമുളക് വള്ളി | 7,500 | കില,തളിപ്പറമ്പ് |
| 206 | 363/26-3-22 | ടിഷ്യൂകൾച്ചർ നേന്ത്രവാഴക്കന്ന് | 1,10,000 | കൃഷിഭവൻ,മുണ്ടേരി |
| 207 | 365/26-3-22 | ഫലവൃക്ഷത്തൈകൾ | 20,644 | കൃഷിഭവൻ,ഏഴോം |
| 208 | 367/26-3-22 | ഫലവൃക്ഷത്തൈകൾ | 20,269 | കൃഷിഭവൻ,കല്ല്യാശ്ശേരി |
| | | ആകെ | 38,58,669 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (7/21-12-22) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ₹38,58,669 ഈടാക്കി ജില്ലാപഞ്ചായത്തിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ജില്ലാ കൃഷി ഫാം,കരിമ്പം-SHM(RKYS)-വില്പനത്തുക മുഴുവൻ ഈടാക്കിയില്ല

SHM(RKYS)സ്കീം പ്രകാരമുള്ള വില്പനകൾക്ക് താഴെ ചേർത്ത പ്രകാരം ഡിസ്കൗണ്ട് നല്കിയിട്ടുണ്ട്.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ | ഇനം | സ്ഥാപനം | വില്പനത്തുക(₹) | ഈടാക്കിയത്(₹) | കുറവ്(₹) |
|---|---|---|---|---|---|---|
| 1 | 296/11-1-22 | ടിഷ്യൂ കൾച്ചർ നേന്ത്രവാഴ | കൃഷിഭവൻ,ഏഴോം | 10,000 | 4,750 | 5,250 |
| 2 | 298/11-1-22 | ടിഷ്യൂ കൾച്ചർ നേന്ത്രവാഴ | കൃഷിഭവൻ,കല്ല്യാശ്ശേരി | 10,000 | 4,750 | 5,250 |
| 3 | 300/11-1-22 | ടിഷ്യൂ കൾച്ചർ നേന്ത്രവാഴ | കൃഷിഭവൻ,നാറാത്ത് | 10,000 | 4,750 | 5,250 |
| | | | | | ആകെ | 15,750 |

ഇപ്രകാരം ഡിസ്കൗണ്ട് നല്കാമെന്നത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുകയോ,അല്ലാത്തപക്ഷം കുറവ് വന്നതുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(8/21-12-22) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 കാർബൺ ന്യൂട്രൽ ജില്ല- ലിറ്റിൽ ഫോറസ്റ്റ് ചലഞ്ച് - പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല- ചെലവ് തുക₹9,35,073 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 842/22 |
| പ്രോജക്ടിന്റെ പേര് | കാർബൺന്യൂട്രൽജില്ല-ലിറ്റിൽഫോറസ്റ്റ് ചലഞ്ച് |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ<br>(വൈ.പി ) |
| അടങ്കൽ | വികസന ഫണ്ട്- ₹9,72,732 |
| ചെലവ് | ചെലവ് തുക ₹9,35,073<br>ബിൽ നമ്പർ 1/6-12-21 ₹79,000<br>ബിൽ നമ്പർ 17/23-3-22 ₹4,87,516<br>ബിൽ നമ്പർ 19/31-3-22 ₹3,68,557 |

കണ്ണൂർജില്ലയെ കാർബൺന്യൂട്രൽജില്ലയായി മാറ്റുന്നതുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം 2 സെന്റ് സ്ഥലത്ത് മണ്ണ് നീക്കം ചെയ്ത്, പല ഉയരത്തിൽ വളരുന്ന 400 വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്നു. സ്ഥലമൊരുക്കുന്നതിന്റെ ഭാഗമായി 200 കിലോ ചാണകപ്പൊടിയും 200 കിലോ ചകിരിച്ചോറ്കമ്പോസ്റ്റും മേൽമണ്ണുമായി കൂട്ടിക്കലർത്തി പാകപ്പെടുത്തി തൈകൾ നടുന്നു.ചെമ്പരത്തിയുൾപ്പെടെയുള്ള ചെടികൾ ഉപയോഗിച്ച് ജൈവവേലി നിർമ്മിക്കുന്നു. ലേബർ ചാർജ്, ജില്ലാപഞ്ചായത്തിന്റെ സൈൻ ബോർഡ് എന്നിവ ഉൾപ്പെടെ ഒരു യൂണിറ്റിന് പൂഴിപ്രദേശത്ത് 40,000 രൂപയും ലാറ്ററൈറ്റ് പ്രദേശത്ത് 50,000രൂപയും വകയിരുത്തി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) നൂതനപ്രൊജക്ടുകൾ അംഗീകരിക്കുന്ന ജില്ലാതലവിദഗ്ദസമിതിയുടെ 18-10-2021 ലെ 914/2021/DPC/DPO/KNR നമ്പർ നടപടിക്രമമനുസരിച്ച് അംഗീകരിച്ച ഈ പ്രോജക്ടിൽ,കണ്ണൂർ ജില്ലയെ കാർബൺന്യൂട്രൽജില്ല ആക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ 30 സ്ഥലങ്ങളിൽ 2 സെന്റ് വിസ്തൃതിയിൽ കാട് ഉണ്ടാക്കുന്നു. അന്തരീക്ഷമലിനീകരണം കുറക്കുന്നതിനും ജൈവവൈവിധ്യം നിലനിർത്താനും പ്രദേശത്തെ അന്യംനിന്ന് പോകുന്ന തൈകളുടെ പുനരുദ്ധാരണവുമാണ് പ്രൊജക്ട് കൊണ്ട് ഉദ്ദേശിക്കുന്നതെന്നും ടി പദ്ധതിയിലെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിയിൽ തൊഴിലുറപ്പുപദ്ധതിയുടെ സേവനം കൂടി പ്രയോജനപ്പെടുത്തണമെന്ന നിർദ്ദേശത്തോടെയുമാണ് പദ്ധതി അംഗീകരിച്ചത്.എന്നാൽ പദ്ധതിയിൽ തൊഴിലുറപ്പ് സേവനം ഉപയോഗപ്പെടുത്തിയതിന്റെ വിവരങ്ങൾ ഫയലിൽ കാണിച്ചിട്ടില്ല.

2) ലിറ്റിൽഫോറസ്റ്റ്ചലഞ്ച് വൃക്ഷത്തൈകളുടെ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 21 പേർക്ക് തൈകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും വനം ഒരുക്കിയതിന്റെ തുക നൽകിയത് ബിൽ പ്രകാരം 17 പേർക്കാണ്. വൃക്ഷത്തൈകൾ കൈപ്പറ്റിയവർ മുഴുവൻ വനം ഒരുക്കിയിട്ടില്ലേ എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

3)ബിൽ പ്രകാരം ലിറ്റിൽഫോറസ്റ്റ് ഒരുക്കിയതിന് തുക കൈപ്പറ്റിയ 1)രമേഷ്ബാബു,ചിറ്റാരിപ്പറമ്പ് 2)അഭിലാഷ്.പി.ജോൺ,ഉളിക്കൽ എന്നിവർക്ക് വൃക്ഷത്തൈ വിതരണസ്റ്റേറ്റ്മെന്റ് പ്രകാരം തൈകൾ വിതരണം ചെയ്തതായി കാണുന്നില്ല.

4) ലേബർചാർജ്,ജില്ലാ പഞ്ചായത്തിന്റെ സൈൻ ബോർഡ് എന്നിവ ഉൾപ്പെടെ ഒരു യൂണിറ്റിന് പൂഴിപ്രദേശത്ത് 40,000 രൂപയും ലാറ്ററൈറ്റ് പ്രദേശത്ത് 50,000രൂപയുമാണ് വകയിരുത്തിയത്. എന്നാൽ ബിൽ പ്രകാരം തുക നൽകിയതിൽ 1)രമേഷബാബു ,ചിറ്റാരിപ്പറമ്പ്, -₹41500 2) ഷറിൻജോൺ,ചെമ്പിലോട്-₹41650 3) അഭിലാഷ് പി ജോൺ-ഉളിക്കൽ ₹2,01,032 4)പത്മനാഭൻ-₹42,000 5)അനിൽകുമാർ -₹42,000 6) മനേഷ് മോഹൻ -₹42,000 7) ഉല്ലാസൻ-₹41,690 8)ഭവാനിവിനോദ്- ₹42,000 9)വിജേഷ്.കെ- ₹42,000 10)ഉണ്ണികൃഷ്ണൻ.സി.എം- ₹41960, 11) HM SVUPS,കരിപ്പാട്-₹42000 എന്നിങ്ങനെയാണ് തുകകൾനൽകിയത്. 40,000രൂപയിൽ കൂടുതൽ തുക കൈപ്പറ്റിയ ഇവർ ലാറ്ററൈറ്റ് പ്രദേശത്താണ് വനം ഒരുക്കിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5) 2,01,032 രൂപ കൈപ്പറ്റിയ അഭിലാഷ്.പി.ജോൺ എന്നവർ എത്ര സെന്റിൽ വനം ഒരുക്കി എന്നതിന്റെയും നിലവിലെ

സ്ഥിതി സംബന്ധിച്ചുമുള്ള റിപ്പോർട്ടും ഇത്രയും തുക നൽകിയത് സംബന്ധിച്ച വിശദീകരണവും നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

6) സൈൻബോർഡ് ഉൾപ്പെടെയാണ് മേൽപ്പറഞ്ഞ പ്രകാരം തുക വകയിരുത്തിയിരിക്കുന്നതെങ്കിലും 20 സൈൻബോർഡ് തയ്യാറാക്കുന്നതിനായി 84,375 രൂപ ഇൻക്പോട്ട് ഗാരാഫിക്സിന് നൽകിയതായി കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

7) ചെടികളുടെ വിതരണസ്റ്റേറ്റ്മെന്റിൽ ഓരോ ഗുണഭോക്താവിനും നൽകിയ ആകെ തൈകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

8)48,355 തൈകൾ ശേഖരിച്ചതിൽ മുഴുവൻ തൈകളും വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. തൈകൾ ശേഖരിച്ച മാർഗ്ഗം ഫയലിൽ വ്യക്തമല്ല.

9) തൈകളുടെ വിതരണം,കയറ്റിറക്കുകൂലി എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ച 40,000 രൂപ റിക്കൂപ്പ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

10) ബില്ലിനൊപ്പം സമർപ്പിച്ച വൗച്ചറുകളിൽ, ഷമീർ.എൻ എന്നവരുടെ ജൈവവേലി നിർമ്മിച്ചതിന്റെ 2,000രൂപയുടെ വൗച്ചർ ഹാജരാക്കിയിട്ടില്ല.

11) പദ്ധതി ലക്ഷ്യംകൈവരിച്ചത് സംബന്ധിച്ച മോണിറ്ററിംഗ്റിപ്പോർട്ട്,നിലവിലെ സ്ഥിതിവിവരപത്രിക ഇവ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി(22/01-02-2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക₹9,35,073 രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 കൈപ്പാട് കൃഷി പ്രോത്സാഹനം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല-തിരിച്ചടവ് രേഖകൾ ലഭ്യമാക്കിയില്ല-₹9,50,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 173/22 |
| പ്രോജക്റ്റിന്റെ പേര് | കൈപ്പാട് കൃഷി പ്രോത്സാഹനം -ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ<br>വാട്ടർ മാനേജ്മെന്റ് |
| അടങ്കൽ | വികസന ഫണ്ട് -₹13,36,034; ഗ്രാമപഞ്ചായത്ത് വിഹിതം-₹70,318<br>ആകെ-₹14,06,352 |
| ചെലവ് | ₹13,36,034<br>ബിൽ നമ്പർ 13/22-3-22 ₹9,50,000<br>ഓൺലൈൻ ട്രാൻസ്ഫർ ₹ 3,86,034 |

ഭൗമസൂചികാപദവി ലഭിച്ച കൈപ്പാട് കൃഷിക്ക് അടിസ്ഥാനസൗകര്യമൊരുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഹെക്ടറിന് 95,000 രൂപ ജില്ലാ പഞ്ചായത്തും 5,000രൂപ ഗ്രാമപഞ്ചായത്തും വഹിക്കുന്ന രീതിയിലാണ് പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. നൂതന പ്രൊജക്ടുകൾ അംഗീകരിക്കുന്ന ജില്ലാതലവിദഗ്ദസമിതിയുടെ 8-10-2021-ലെ 814/2021/DPC/DPO/KNR തീരുമാനം അനുസരിച്ചാണ് പദ്ധതി അംഗീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

ചെറുകുന്ന് ഗ്രാമപഞ്ചായത്ത്, തരിശ് കൈപ്പാട് കൃഷിയോഗ്യമാക്കൽ എന്ന പദ്ധതിയിൽ ജില്ലാ പഞ്ചായത്ത്

വിഹിതമായി വകയിരുത്തിയ 9,50,000 രൂപ അനുവദിച്ചു തരാൻ അപേക്ഷ നൽകിയതിനെ തുടർന്ന് മേൽ ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.എന്നാൽ പദ്ധതി വെള്ളക്കെട്ട് കാരണം നടപ്പാക്കാൻ പറ്റാത്തതിനാൽ തുക തിരിച്ചടക്കുകയാണുണ്ടായത്. തുക തിരിച്ചടച്ചതായി പഞ്ചായത്ത് സെക്രട്ടറി ഫോൺ മുഖേന അറിയിച്ചതായി 5-4-22 തീയതിയിലെ നിർവഹണ ഉദ്യോഗസ്ഥന്റെ നോട്ട് ഫയലിൽ പറയുന്നുണ്ട്. തുകയുടെ തിരിച്ചടവ് സംബന്ധിച്ച് വിശദവിവരം ബന്ധപ്പെട്ട രേഖകൾസഹിതം ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (23/06.02.23) ത്തിന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. തിരിച്ചടവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹950000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ പ്രായോഗികത പരിശോധിക്കാതെയുള്ള ഇത്തരം ആസൂത്രണങ്ങൾ വഴി അനുവദിക്കപ്പെട്ട ഫണ്ട് നഷ്ടപ്പെടുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ -പദ്ധതി ലക്ഷ്യം കാണാത്തതും മറ്റ് അപാകങ്ങളും ₹1,28,200 രൂപ തടസ്സപ്പെടുത്തുന്നു.

1) തരിശുഭൂമി കൃഷിയോഗ്യമാക്കൽ (സ്പിൽഓവർ)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 866/22 |
| പ്രോജക്ടിന്റെ പേര് | തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ(സ്പിൽ ഓവർ) |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ,<br>വാട്ടർ മാനേജ്മെന്റ് |
| അടങ്കൽ | വികസനഫണ്ട് (പൊതുവിഭാഗം) -₹1,28,200 |
| ചെലവ് | ₹ 1,28,200<br>ബിൽ നമ്പർ 11/23-02-2022 |

1)തരിശ്ഭൂമികൃഷിയോഗ്യമാക്കൽ (സ്പിൽഓവർ) പദ്ധതിയുടെ ജില്ലാപഞ്ചായത്ത് വിഹിതം 1,28,200 രൂപ അനുവദിക്കാനുള്ള തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൻെറ റിക്വസിഷന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടപ്പോൾ, പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്നും 'ട്രഷറി റിഡംപ്ഷൻ' ചെയ്തു എന്നുമാണ് തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 23-08-2022 ന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് മറുപടി നൽകിയത്. സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ. തീയതി 29-01-2018 ഖ.3.5.4 ലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിന് തുക അനുവദിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/06-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് തുക വിനിയോഗിക്കാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്. റിഡംപ്ഷൻ ചെയ്ത തുക ഗ്രാമപഞ്ചായത്തിന് അടുത്ത സാമ്പത്തികവർഷം തിരികെ ലഭിക്കാൻ അർഹതയുണ്ട്. ഇപ്രകാരം ലഭിച്ചിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതും വിനിയോഗിച്ചിട്ടില്ലെങ്കിൽ സഞ്ചിതനിധിയിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്. തുകയുടെ വിനിയോഗവിവരത്തിൻെറ അഭാവത്തിൽ ₹ 1,28,200 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) തരിശുഭൂമി കൃഷിയോഗ്യമാക്കൽ (തൻവർഷം)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 180/22 |
| പ്രോജക്ടിന്റെ പേര് | തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ,<br>വാട്ടർ മാനേജ്മെന്റ് |

| | |
|---|---|
| അടങ്കൽ | ₹2,91,440 |
| ചെലവ് | ₹2,91,440 |
| ബിൽ നമ്പർ | അലോട്ട്മെന്റ് നമ്പർ 657 തീ- 17-12-21 ₹84,000<br>അലോട്ട്മെന്റ് നമ്പർ 774 തീ-15-01-22 ₹30,350<br>അലോട്ട്മെന്റ് നമ്പർ 950 തീ- 13-02-22 ₹87,500<br>ബിൽ നമ്പർ 6/20-1-22 -₹ 81,790<br>ബിൽ നമ്പർ 12/22-3-22- ₹ 7,800 |

മേൽപദ്ധതി പ്രകാരം ചുവടെ ചേർത്ത ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക(₹) |
|---|---|
| പട്ടുവം | 84,000 |
| മാലൂർ | 30,350 |
| ചെറുകുന്ന് | 41,790 |
| മാടായി | 40,000 |
| കൊളച്ചേരി | 87,500 |
| മാട്ടൂൽ | 7,800 |

1) 200ഹെക്ടർ തരിശ്ഭൂമിയിൽ നെൽക്യഷി ചെയ്യുന്നതിന് ലക്ഷ്യമിട്ട പദ്ധതിയിൽഹെക്ടർ ഒന്നിന് കർഷകന് 35,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും ലഭിക്കും. ഭൂവുടമ തന്നെ നെൽക്യഷി ചെയ്യുകയാണെങ്കിൽ ഉടമയ്ക്ക് 40,000 രൂപ നൽകുന്നതാണ്. കർഷകർക്കുള്ള സാമ്പത്തികസഹായത്തിൽ ഹെക്ടറിന് 20,000 രൂപ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തും 20,000രൂപ ജില്ലാപഞ്ചായത്തും നൽകുന്നതാണ്. ഭൂവുടമയ്ക്കുള്ള സാമ്പത്തികസഹായത്തിൽ 5000രൂപ ഗ്രാമ/ബ്ളോക്ക് പഞ്ചായത്ത് നൽകുന്നതാണ് എന്നരീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. രൂപീകരണ സമയത്ത് വികസന ഫണ്ട് 40,00,000 രൂപ വകയിരുത്തി രൂപീകരിച്ച പദ്ധതി പിന്നീട് ഗുണഭോക്താക്കളുടെ അഭാവത്തിൽ 2,91,440രൂപ അടങ്കലാക്കി ഭേദഗതി ചെയ്യുകയാണുണ്ടായത്. 200ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കാൻ വിഭാവനം ചെയ്ത പദ്ധതി കേവലം 14.5 ഹെക്ടർ സ്ഥലത്ത് മാത്രമേ നടപ്പാക്കിയിട്ടുള്ളൂ . പദ്ധതിയുടെ ലക്ഷ്യപ്രാപ്തി മോണിറ്ററിങ്ങ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല.

2) തുക നൽകിയതിൽ മാട്ടൂൽ , പട്ടുവം എന്നീ ഗ്രാമപഞ്ചായത്തുകൾ മാത്രമേ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളൂ. മാലൂർ,കൊളച്ചേരി,ചെറുകുന്ന്,മാടായി എന്നീ ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ 24/01-02-2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

## 1-17 പുഷ്പക്യഷിപദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹6,87,050 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 872/22 |
| പ്രോജക്റ്റിന്റെ പേര് | പുഷ്പക്കൃഷി പദ്ധതി |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ(വൈ.പി) |
| അടങ്കൽ | വികസന ഫണ്ട് ₹6,87,050 |
| ചെലവ് | ബിൽനമ്പർ 14/10-3-22 ₹6,87,050 |

മേൽ പദ്ധതിപ്രകാരം പുഷ്പകൃഷിക്കാവശ്യമായ തൈകൾ വിവിധ ഫാമുകൾ മുഖേന വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓണക്കാലത്ത് പൂക്കൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ കർഷകഗ്രൂപ്പുകൾക്ക് വാടാമല്ലിക, ചെട്ടിപ്പൂവ്തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നു. ആറുപേരെങ്കിലും ഉൾപ്പെട്ടതും കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കുന്നതുമായ കർഷകഗ്രൂപ്പുകൾക്കാണ് തൈകൾ വിതരണം ചെയ്യുക. വിവിധ കൃഷിഭവനകളിലേക്ക് ഫാമുകൾ മുഖാന്തിരം തൈകൾ ലഭ്യമാക്കുകയും ആയതിന്റെ വില വിവിധ ഫാമുകൾക്ക് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഓരോ ഫാമുകൾ മുഖേനയും വിതരണം ചെയ്ത തൈകളുടെ വിലവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | വിതരണം ചെയ്ത സ്ഥാപനം | തുക ₹ | തൈകളുടെ എണ്ണം |
|---|---|---|---|
| 1) | DAF തളിപ്പറമ്പ്- | 1,25,125 | 19250 |
| 2) | സ്റ്റേറ്റ്സീഡ്ഫാം, വേങ്ങാട് | 1,26,750 | 19500 |
| 3) | സ്റ്റേറ്റ്സീഡ്ഫാം,കാങ്കോൽ | 1,56,085 | 24013 |
| 4) | കോക്കനട്ട് നഴ്സറി,പാലയാട് | 1,35,687 | 20875 |
| 5) | TxDപോളിയൂണിറ്റ്,ചാലോട് | 1,43,403 | 22062 |

ഓഡിറ്റിനായി സമർപ്പിച്ച ഇൻവോയ്സുകൾ പ്രകാരം ജൂൺ,ജൂലൈ മാസങ്ങളിലായിട്ടാണ് തൈകൾ വിതരണം നടത്തിയിട്ടുള്ളത്. ഒരു തൈക്ക് 6.5 രൂപ നിരക്കിൽ ആണ് തൈകൾ വാങ്ങിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) കൃഷിഭവൻ,ന്യൂമാഹിയിലെ കൃഷിഓഫീസർ സമർപ്പിച്ച ക്ളെയിം പ്രകാരം 125 തൈകളുടെ വിലയായ 812 രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തൈകൾ സ്വീകരിച്ച ത്വയ്ബ കുടുംബശ്രീ സമർപ്പിച്ച രശീതി പ്രകാരം 97 തൈകൾ ലഭിച്ചതായാണ് കാണിച്ചിട്ടുള്ളത്.

2) കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിലെ തൈകളുടെ വിതരണസ്റ്റേറ്റ്മെന്റും അസിസ്റ്റന്റ്ഡയറക്ടകർഓഫ് അഗ്രിക്കൾച്ചർ, കുത്തുപറമ്പ് സമർപ്പിച്ച ലിസ്റ്റും പൊരുത്തപ്പെടുന്നില്ല. അസിസ്റ്റന്റ്ഡയറക്ടകർഓഫ്അഗ്രിക്കൾച്ചർ, കുത്തുപറമ്പ് സമർപ്പിച്ച ലിസ്റ്റ് പ്രകാരം2250 തൈകളും കുന്നോത്ത്പറമ്പ് അഗ്രിക്കൾച്ചർ ഓഫീസറുടെ സ്റ്റേറ്റ്മെന്റ് പ്രകാരം 2750 തൈകളുമാണ് വിതരണം ചെയ്തത്.

3)തൈകൾ വിതരണംചെയ്തതിന്, ചെമ്പിലോട്, പെരളശ്ശേരി (തൈകളുടെഎണ്ണം രേഖപ്പെടുത്തിയിട്ടില്ല), തൃപ്പങ്ങോട്ടൂർ, മാങ്ങാട്ടിടം, ചിറ്റാരിപ്പറമ്പ്, പാട്യം, കുന്നോത്ത്പറമ്പ്, എരമംകുറ്റൂർ, ചെറുതാഴം, ചെറുപുഴ, ചെറുകുന്ന്, ഏഴോം, കല്ല്യാശ്ശേരി, മാടായി, നാറാത്ത്, പേരാവൂർ, അഴീക്കോട്, ആറളം, കൊളച്ചേരി എന്നീ കൃഷിഭവനകളിലെ അഗ്രിക്കൾച്ചർ ഓഫീസർമാർ സമർപ്പിച്ച ക്ളെയിം പ്രകാരമാണ് തുക നൽകിയിരിക്കുന്നത്. തൈകൾ ബന്ധപ്പെട്ട ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

4) പതിമൂന്നാംപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പൂക്കളുടെ തൈകൾക്ക് 75% സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം 100% സബ്സിഡിയിൽ ആണ് തൈകൾ വിതരണം ചെയ്തിട്ടുള്ളത്. 100% സബ്സിഡി അനുവദിക്കുന്നതിനാധാരമായ ഉത്തരവ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5)ഓണക്കാലത്ത് പൂക്കൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കിയ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി(27/01-02-2023)ക്ക്മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹6,87,050 തടസ്സപ്പെടുത്തുന്നു.

## 1-18 നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി- ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക₹1,59,27,369 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 172/22 |

| | |
|---|---|
| | |
| പ്രോജക്റ്റിന്റെ പേര് | നെൽക്കൃഷിക്ക് കൂലിച്ചെലവ്-സബ്സിഡി-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ,<br>വാട്ടർ മാനേജ്മെന്റ് |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം ) ₹1,59,27,369<br>(ഗ്രാമപഞ്ചായത്ത്) ₹ 1,59,27,369<br>ആകെ- ₹3,18,54,738 |
| ചെലവ് | ₹1,59,27,369<br>അലോട്ടമെന്റ്നമ്പർ 372/11-10-21 ₹ 6,05,472<br>അലോട്ടമെന്റ്നമ്പർ 430/22-10-21 ₹2,27,824<br>അലോട്ട്മെന്റ്നമ്പർ 431/22-10-21₹ 3,57,000<br>അലോട്ട്മെന്റ്നമ്പർ 432/22-10-21 ₹1,51,130<br>അലോട്ട്മെന്റ്നമ്പർ 433/22-10-21 ₹ 92,320<br>അലോട്ട്മെന്റ്നമ്പർ434/22-10-21 ₹4,92,524<br>അലോട്ട്മെന്റ്നമ്പർ435/22-10-21 ₹4,99,664<br>അലോട്ട്മെന്റ്നമ്പർ436/ 22-10-21 ₹3,37,382<br>അലോട്ട്മെന്റ്നമ്പർ 437 /22-10-21 ₹ 1,64,118<br>അലോട്ട്മെന്റ്നമ്പർ 446/23-10-21 ₹5,92,703<br>അലോട്ട്മെന്റ്നമ്പർ597/30-11-21 ₹ 17,00,000<br>അലോട്ട്മെന്റ് നമ്പർ 636/ 15-12-21 ₹52,700<br>അലോട്ട്മെന്റ് നമ്പർ 770/14-01-22 ₹33,184<br>അലോട്ട്മെന്റ്നമ്പർ940 /11-02-22 ₹2,60,300<br>അലോട്ട്മെന്റ്നമ്പർ941 /11-02-22 ₹ 1,07,098<br>അലോട്ട്മെന്റ്നമ്പർ960 /14-02-22 ₹8,61,220<br>ബിൽ നമ്പർ 1 / 21-12-21 ₹48,43,500<br>ബിൽ നമ്പർ 3/21-12-21 ₹ 4,25,000<br>ബിൽ നമ്പർ 8 / 17-2-22 ₹ 19,65,000 |

നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി -ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം എന്ന പദ്ധതിയിൽ താഴെ പറയുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ഗ്രാമ പഞ്ചായത്ത് | അനുവദിച്ച തുക(₹) |
|---|---|---|
| 1 | കുറുമാത്തൂർ | 6,05,472 |
| 2 | രാമന്തളി | 2,27,824 |
| 3 | മയ്യിൽ | 15,86,008 |
| 4 | ചെങ്ങളായി | 5,51,712 |
| 5 | കൊളച്ചേരി | 5,92,703 |
| 6 | പട്ടുവം | 17,00,000 |
| 7 | ചപ്പാരപ്പടവ് | 52,700 |
| 8 | കരിവെള്ളൂർ പെരളം | 22,00,000 |
| 9 | പരിയാരം | 19,63,500 |

| | | |
|---|---|---|
| 10 | നാറാത്ത് | 6,80,000 |
| 11 | കാങ്കോൽ ആലപ്പടമ്പ് | 4,25,000 |
| 12 | ഉളിക്കൽ | 4,18,000 |
| 13 | ചെറുകുന്ന് | 6,80,000 |
| 14 | കടന്നപ്പള്ളി | 9,52,000 |
| 15 | മാടായി | 2,72,000 |
| 16 | കണ്ണപുരം | 6,48,720 |
| 17 | കീഴല്ലൂർ | 2,12,500 |

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിക്കായി ആകെ ചെലവഴിച്ച 1,59,27,369രൂപയിൽ 1,37,68,139രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ.ബാക്കിയുള്ള 21,59,230രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) മേൽപ്രകാരം തുക നൽകിയതിൽ, കടന്നപ്പള്ളി-പാണപ്പുഴ, പട്ടുവം, കാങ്കോൽ-ആലപ്പടമ്പ്, മയ്യിൽ എന്നീ ഗ്രാമപഞ്ചായത്തുകൾ മാത്രമേ വിനിയോഗസാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. കീഴല്ലൂർ, കണ്ണപുരം, മാടായി, ഉളിക്കൽ, ചെറുകുന്ന്, ചെങ്ങളായി, നാറാത്ത്, കരിവെള്ളൂർ-പെരളം, പരിയാരം, ചപ്പാരപ്പടവ്, കൊളച്ചേരി, കുറുമാത്തൂർ, രാമന്തളി എന്നീ ഗ്രാമപഞ്ചായത്തുകൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി(26/01-02-2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രവും 21,59,230രൂപയുടെ ചെലവ് രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 ഇൻവെസ്റ്റേഴ്സ് ഡസ്ക്- പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല- ചെലവ് തുക ₹4,26,128 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 844/22 |
| പ്രോജക്ടിന്റെ പേര് | ഇൻവെസ്റ്റേഴ്സ് ഡസ്ക് |
| നിർവ്വഹണം | മാനേജർ ജില്ലാവ്യവസായകേന്ദ്രം |
| അടങ്കൽ ₹5,00,000 | ₹ 2,48,000 വികസനഫണ്ട് (പൊതു വിഭാഗം )<br>₹2,52,000 തനത് ഫണ്ട് |
| ചെലവ് ₹4,26,128 | ബിൽ നമ്പർ 1049/22-2-22 ₹ 1,74,128 വികസനഫണ്ട് (പൊതു വിഭാഗം )<br>ചെക്ക് നമ്പർ-1569/26-03-2022 ₹73,872<br>ചെക്ക് നമ്പർ-1784/31-03-2022 ₹84,000<br>ചെക്ക് നമ്പർ ലഭ്യമല്ല ₹94,128<br>ആകെ – ₹2,52,000 (തനത് ഫണ്ട്) |

കണ്ണൂർ ജില്ലാപഞ്ചായത്ത് നൂതനപ്രൊജക്ടായി നടപ്പാക്കിയ പദ്ധതിയാണിത്. ജില്ലയിൽ സംരംഭം തുടങ്ങുന്ന സംരംഭകർക്ക് ആയതിനുള്ള പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും

ലഭിക്കേണ്ട അനുമതികൾ,ലൈസൻസുകൾ മുതലായവ ലഭ്യമാക്കുന്നതിനും സംരംഭകരെ സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത്.ആയതിനായി രണ്ട് ഡെവലപ്മെന്റ് ഓഫീസർമാരെ നിയമിച്ച് അവർക്കുള്ള വേതനം തനത്ഫണ്ടിൽ നിന്ന് നൽകാനും ഹെൽപ്ഡസ്കിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1)തദ്ദേശഭരണസ്ഥാപനങ്ങൾ ഇടപെട്ട് സഹായിക്കാതെ തന്നെ സ്വകാര്യവ്യക്തികൾ/സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കുന്ന മേഖല അല്ലെങ്കിലേ തദ്ദേശഭരണസ്ഥാപനം നൂതനപ്രോജക്ട് വഴി ഇടപെടേണ്ടതുള്ളൂവെന്ന് സ.ഉ (കൈ)11/2018/ത.സ്വ.ഭ.വ തീയതി 29-1-18 ഖണ്ഡിക 3-8-4-3(IV) പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. തദ്ദേശഭരണസ്ഥാപനങ്ങൾ ഇടപെട്ട് സഹായിക്കാതെ തന്നെ സ്വകാര്യവ്യക്തികൾ/സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കുന്ന മേഖലയാണിതെന്നിരിക്കേ, ഈ പ്രോജക്ടിനെ ഒരു നൂതനപ്രോജക്ടായി കണക്കാക്കാനാവില്ല.

2)ഒരു സംരംഭം തുടങ്ങുന്നതിന് ലൈസൻസ് എടുക്കൽ,അനുമതി നേടൽ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ ഏതൊരു സംരംഭകന്റെയും പ്രാഥമിക ഉത്തരവാദിത്തമാണെന്നിരിക്കേ,ഈയിനത്തിൽ സർക്കാർഫണ്ട് (ജില്ലാപഞ്ചായത്ത് ഫണ്ട്) ചെലവഴിക്കുന്നത് സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് നിലവിലില്ല.ആയതിനാൽ,രണ്ട് എന്റർപ്രനർ ഡെവലപ്മെന്റ് ഓഫീസർമാരെ നിയമിച്ച് ശമ്പളം നല്കിവരുന്നത് ശരിയായ നടപടിയല്ല.

3)ഒരു സംരംഭകന് 5,00,000/-രൂപ അനുവദിച്ചു മാത്രമാണ് 2021-22 കാലയളവിൽ ഇതുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ നടപ്പാക്കിയ പ്രോജക്ട്. എന്നാൽ,രണ്ട് എന്റർപ്രനർ ഡവലപ്മെന്റ് ഓഫീസർമാർക്ക് 2021 ഒക്ടോബർ മുതൽ 2022 മാർച്ച് വരെയുള്ള മാസങ്ങളിൽ ഒരാൾക്ക് 21,000രൂപവെച്ച് 6 മാസത്തെ വേതനം നൽകിയ ഇനത്തിൽ 2,52,000രൂപ ചെലവുണ്ട്.ഈ നിയമനം നിയമാനുസൃതമെങ്കിൽ,പ്രസ്തുത സർക്കാർ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.പതിമൂന്നാംപദ്ധതി സബ്സിഡിമാർഗ്ഗരേഖ ഖ:8-10പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന വിഭാഗങ്ങൾക്കൊഴികെ ശമ്പളമോ, ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയിൽ പറയുന്ന വിഭാഗങ്ങളിൽ എന്റർപ്രനർഡെവലപ്മെന്റ്ഓഫീസർമാർ ഉൾപ്പെടുന്നില്ല.

പദ്ധതി നടത്തിപ്പിലെ മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) രണ്ട് എന്റർപ്രനർഡവലപ്മെന്റ്ഓഫീസർമാർക്ക് 2021 ഒക്ടോബർ മുതൽ 2022 മാർച്ച് വരെയുള്ള മാസങ്ങളിൽ ഒരാൾക്ക് 21,000രൂപവെച്ച് 6 മാസത്തെ വേതനം നൽകിയ ഇനത്തിൽ 2,52,000രൂപ തനത്ഫണ്ട് ചെലവുണ്ടെങ്കിലും സുലേഖ ചെലവ്പത്രികയിൽ തനത് ഫണ്ടിൽ ചെലവ് കാണിച്ചിട്ടില്ല.

2)ചെലവുമായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്സെക്രട്ടറിയുടെയും ജില്ലാവ്യവസായകേന്ദ്രം മാനേജരുടെയും നടപടിക്രമങ്ങൾ മാത്രമേ ഇ-ഫയലിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ഇത് സംബന്ധിച്ച ബിൽനമ്പർ/ചെക്ക് നമ്പർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3)ഡെവലപമെന്റ്ഓഫീസർമാരുടെ ഹാജർപത്രിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഫീസർമാരുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്.ആയതിൽ നവംബർ മാസത്തെ ശമ്പളം നൽകിയതിന്റെ രശീതി മാത്രമേ ഫയലിൽ കാണിച്ചിട്ടുള്ളൂ . തുകനൽകിയതിന്റെ ചെക്ക് നമ്പർ,രശീതി എന്നിവ ഹാജരാക്കിയിട്ടില്ല.

4)ഇൻവെസ്റ്റേഴ്സ്ഡസ്ക് അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി റബ്കോവിൽ നിന്നും വാങ്ങിയ വുഡൻ ചെയർ വിത്ത്ആം (2എണ്ണം), എക്സിക്യൂട്ടീവ്ചെയർ(2എണ്ണം), ബുക്ക്ഷെൽഫ്(ചെറുത്)-1,സെമിഎക്സിക്യൂട്ടീവ്കമ്പ്യൂട്ടർടേബിൾ-1, സെമിഎക്സിക്യൂട്ടീവ്ടേബിൾ-1,കെൽട്രോണിൽ നിന്ന് വാങ്ങിയ പ്രിന്റർ,ഡെസ്ക്ടോപ്പ്കമ്പ്യൂട്ടർ,നവംബർ,ഡിസംബർ മാസങ്ങളിലെ ഫോൺബിൽ എന്നിവ ഉൾപ്പെടെ ആകെ 1,74,128 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5) മേൽപ്രകാരം വാങ്ങിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും സാധനങ്ങളുടെ വില കൈപ്പറ്റിയ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ രശീതിയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

6) പ്രസ്തുത പദ്ധതിയിൽ എന്റർപ്രനർഡെവലപ്മെന്റ് ഓഫീസർമാർ, 20-9-21 ന് ജോലിക്ക് പ്രവേശിച്ചു. 2022 മാർച്ച് 31 വരെയാണ് ഇവരുടെ നിയമനകാലാവധി.ഈ കാലയളവിൽ, പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പ്രസ്താവിച്ച രീതിയിൽ എത്രസംരംഭങ്ങൾ തുടങ്ങാൻ വേണ്ട പ്രൊജക്ട് റിപ്പോർട്ട്തയ്യാറാക്കി, വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും അനുമതി,ലൈസൻസുകൾ എന്നിവ ലഭ്യമാക്കി എന്നത് സംബന്ധിച്ച വിവരവും പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

7)21-3-22 ലെ DICKNR/1103/2021-C7 കത്ത് പ്രകാരം ജില്ലാവ്യവസായകേന്ദ്രം മാനേജർ ഇൻവെസ്റ്റേഴ്സ് ഡസ്ക് രജിസ്ട്രേഷൻ അദാലത്ത് 2022മേയ് മാസത്തിൽ നടത്താൻ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയതായി കാണുന്നു. മേൽ പ്രകാരം അദാലത്ത് നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും ആയത് സംരംഭകർക്ക് ഉപയുക്തമായിട്ടുണ്ടോ എന്നത്

സംബന്ധിച്ചും വിവരം ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി (നമ്പർ 42/13.02.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക ₹4,26,128 തടസ്സപ്പെടുത്തുന്നു.

## 1-20 കുടുംബശ്രീ വനിതസംരംഭപ്രോത്സാഹനം - ധനസഹായം കൈപ്പറ്റിയശേഷം സംരംഭം തുടങ്ങുവാൻ തയ്യാറായില്ല-പായം ഇന്റർലോക്കിംഗ് ഇൻഡസ്ട്രീസിന് അനുവദിച്ച ₹3,00,000 നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 6/22 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ-വനിതാസംരംഭപ്രോത്സാഹനത്തിന് ധനസഹായം |
| നിർവ്വഹണം | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,<br>കുടുംബശ്രീ |
| അടങ്കൽ | വികസന ഫണ്ട് ജനറൽ ₹6,00,000 |
| ചെലവ് ₹6,00,000 | 760/15-1-22 ₹3,00,000<br>1387/21-3-22 ₹3,00,000 |

കുടുംബശ്രീ വനിതാസംരംഭപ്രോത്സാഹനത്തിന് ധനസഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ കേരശ്രീ വെളിച്ചെണ്ണമിൽ, പായംഗ്രാമപഞ്ചായത്തിലെ പായംഇന്റർലോക്ക്ഇൻഡസ്ട്രീസ് എന്നിവക്ക് ധനസഹായം ഇനത്തിൽ 3ലക്ഷം രൂപ വീതം ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.
(1)പായംഇന്റർലോക്ക്ഇൻഡസ്ട്രീസ്

1)പായംഇന്റർലോക്ക്ഇൻഡസട്രിസ് യൂണിറ്റിലെ അംഗങ്ങൾക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള കായികക്ഷമത ഇല്ലാത്തതിനാലും ഉൽപ്പന്നങ്ങൾക്ക് വിപണനസാധ്യത ഇല്ലാത്തതിനാലും പ്രസ്തുത യൂണിറ്റ് തുടങ്ങാൻ സാധിക്കില്ലെന്നും ആയതിനാൽ തുക തിരിച്ചടക്കാൻ തയ്യാറാണെന്നും 24-8-2022 ലെ കത്തിലൂടെ പായം മെമ്പർ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്.
2- പതിമൂന്നാംപദ്ധതി സബ്സിഡിമാർഗ്ഗരേഖ സ.ഉ(കൈ)22/2018 തസ്വഭവ 14-2-2018 ഖ:6-4-4പ്രകാരം സ്വയം തൊഴിൽ ഗ്രൂപ്പ്സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൈപുണ്യപരിശീലനം നേടിയവരുടെ ഗ്രൂപ്പുകൾക്ക് മുൻഗണനയും ഗ്രേഡിംഗിലെ 6 മാസക്കാലാവധിക്ക് വനിതാ ഗ്രൂപ്പുകൾക്ക് ഇളവും അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പിലെ അംഗങ്ങളിൽ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചവർ ഉൾപ്പെട്ടിട്ടുണ്ടാവരുതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ധനസഹായം കൈപ്പറ്റിയ ഗ്രൂപ്പുകൾ നൈപുണ്യപരിശീലനം ലഭിച്ച ഗ്രൂപ്പുകളാണെന്നതിന്റെയോ, അംഗങ്ങൾക്ക് സ്വയം തൊഴിലിന് നാളിതുവരെ ധനസഹായം ലഭിച്ചിട്ടില്ല എന്നതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല.
3- ധനസഹായം ലഭ്യമായ പായംഇന്റർലോക്ക്ഇൻഡസ്ട്രീസ് നടത്തുന്ന യൂണിറ്റിലെ അംഗങ്ങൾ അവരുടെ കുടുംബവാർഷീക വരുമാനം 2 ലക്ഷം രൂപയിൽ അധികരിക്കുന്നില്ല എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
4- ധനസഹായം അനുവദിച്ച ഗ്രൂപ്പുകളുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാർഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല.
5-ധനസഹായം അനുവദിച്ച പായംഇന്റർലോക്ക്ഇൻഡസ്ട്രീസ് എന്ന യൂണിറ്റിന് വായ്പ അനുവദിച്ച കിളിയന്തിറസർവ്വീസ് കോ-ഓപ്പറേറ്റീവ്ബാങ്കിന് അനുവദിക്കുന്നതിനായി കിളിയന്തിറസർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ എസ്.ബി.ഐ, ഇരിട്ടി ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്കാണ് തുക 3,00,000 രൂപ ട്രാൻസ്ഫർ ചെയ്തത്. പ്രസ്തുത തുക ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
6-പദ്ധതിയുടെ പ്രവർത്തനക്ഷമത വിലയിരുത്താതെ, നൈപുണ്യപരിശീലനം ലഭിക്കാത്ത ഗ്രൂപ്പുകൾക്ക് കരാർ ഉടമ്പടിയിൽ പോലും ഏർപ്പെടാതെ ധനസഹായം അനുവദിച്ചത് പദ്ധതി നിർവ്വഹണത്തിലെ ഗൗരവമേറിയ വീഴ്ചയാണ്. ₹3,00,000 സബ്സിഡി അനുവദിച്ച് ഒരുവർഷം പിന്നിട്ടിട്ടും സംരംഭം ആരംഭിക്കാത്ത ഗ്രൂപ്പിൽ നിന്നും തുക ഇതുവരെ തിരിച്ച് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി(നമ്പർ28/13-02-2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ₹3,00,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-21 കുടുംബശ്രീ ട്രെയിനിംഗ്സെന്റർ- കുറുമാത്തൂർഡോർമെട്രി ഉടമസ്ഥാവകാശം വിട്ടുകിട്ടാത്ത കെട്ടിടത്തിലെ തുടർ ചെലവുകൾ ₹10,90,085രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 285/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ ട്രെയിനിംഗ് സെന്റർ, കുറുമാത്തൂർ-ഡോർമെട്ടി -അടിസ്ഥാന സൗകര്യം |
| നിർവ്വഹണം | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കുടുംബശ്രീ |
| അടങ്കൽ | വികസനഫണ്ട് ₹10,90,085 |
| ചെലവ് | ₹10,90,085<br>ബിൽ നമ്പർ-1760/30-3-22 ₹9,50,369<br>ബിൽ നമ്പർ-1531/26-3-22 ₹ 1,39,716 |

മേൽപദ്ധതി പ്രകാരം കുറുമാത്തൂർട്രെയിനിംഗ്സെന്ററിൽ പരിശീലനാർത്ഥികൾക്ക് താമസസൗകര്യം ഒരുക്കലുമായി ബന്ധപ്പെട്ട് ഡോർമെട്ടിക്കാവശ്യമായ മേശ (4എണ്ണം@8,512), കസേര (15എണ്ണം@3,835), അലമാര (4എണ്ണം@77,413), കട്ടിൽ(18എണ്ണം@25,711), കിടക്ക (45 എണ്ണം@2,888), തലയിണ(45എണ്ണം@217), കട്ടിൽ (9എണ്ണം@9,593) എന്നിവ വാങ്ങാനാണ് വിഭാവനം ചെയ്തത്. മേൽ സാധനങ്ങൾ സർക്കാർഅംഗീകൃതസ്ഥാപനമായ റബ്കോവിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) റബ്കോവിൽ നിന്ന് വാങ്ങിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2) 27-10-22ന് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, ജില്ലാപഞ്ചായത്ത്സെക്രട്ടറിക്കയച്ച കത്തിൽ (നമ്പർ285/A2/2022/KSKNR)ടി പരിശീലനകേന്ദ്രത്തിന്റെ നടത്തിപ്പിനായി ഒരു മാനേജ്മെന്റ്കമ്മിറ്റി രൂപീകരിക്കുന്നതിനും ട്രെയിനിംഗ്സെന്ററിൽ നിശ്ചിതനിരക്കിൽ വാടക ഈടാക്കി സർക്കാർ ഏജൻസികൾക്കും അംഗീകൃത സ്വകാര്യസ്ഥാപനങ്ങൾക്കും സ്ഥാപനത്തിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനപരിപാടികൾ നടത്തുന്നതിനുമുള്ള അനുവാദം നൽകുന്നതിന് കത്തയച്ചിട്ടുണ്ട്. എന്നാൽ തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3)സ്ഥാപനം നിലവിൽ പരിശീലനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നുണ്ടോയെന്നും വാങ്ങിച്ച സാധനങ്ങളുടെ പരിപാലനം എങ്ങിനെയെന്നും വ്യക്തമാക്കിയിട്ടില്ല.

4) മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സ്ഥാപനം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണെന്നും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ട്.കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും കെട്ടിടത്തിന് നമ്പർ,വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ചും വിവരം ലഭ്യമാക്കിയിട്ടില്ല.

5) ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിൽ ഡോർമെട്ടി സൗകര്യം ഒരുക്കൽ എന്ന പദ്ധതി പ്രകാരം മേൽ കാണിച്ച സാധനങ്ങൾ വാങ്ങിയതിനും ഉടമസ്ഥാവകാശത്തിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി(നമ്പർ34/13.02.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹10,90,085 തടസ്സപ്പെടുത്തുന്നു.

## 1-22 വനിതകളുടെ കോഫിബങ്ക് -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക -₹ 14,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 408/22 |
| പ്രോജക്ടിന്റെ പേര് | വനിതകളുടെ കോഫി ബങ്ക് |
| നിർവ്വഹണം | ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ കുടുംബശ്രീ |
| അടങ്കൽ | വികസന ഫണ്ട്-₹14,00,000 |
| ചെലവ് | ബിൽ നമ്പർ 1444/23-3-22 ₹ 14,00,000 |

മേൽ പദ്ധതി പ്രകാരം വനിതകളുടെ കോഫിബങ്ക് സ്ഥാപിക്കുന്നതിന് പത്രപരസ്യം നൽകിയാണ് അപേക്ഷ ക്ഷണിച്ചത്. ഏറ്റവും കുറഞ്ഞത് 5 വനിതകൾ ഉൾപ്പെട്ട ഗ്രൂപ്പ് സംരംഭത്തിന് പ്രോജക്ടിന്റെ 85% (പരമാവധി 3ലക്ഷം) രൂപയായിരിക്കും ബാക്ക് എൻഡഡ് സബ്സിഡി അനുവദിക്കുക. ജില്ലാപഞ്ചായത്ത് അംഗീകരിച്ച് നൽകിയ നിശ്ചിതമാതൃകയിൽ തന്നെയായിരിക്കണം കിയോസ്കുകൾ സ്ഥാപിക്കേണ്ടത്.കിയോസ്കുകൾ സ്ഥാപിക്കാനുള്ള

അനുമതിപത്രം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം തുടങ്ങിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ചത്.

ഇതനുസരിച്ച് അപേക്ഷനൽകിയ കണിച്ചാർ,കൊട്ടിയൂർ,പായം,പടിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ സംരംഭക ഗ്രൂപ്പുകൾക്ക് 25-11-2021 ന് ചേർന്ന ജില്ലാപഞ്ചായത്ത്ക്ഷേമകാര്യസ്റ്റാന്റിംഗ്കമ്മിറ്റി യോഗത്തിലെ 41/21(12) നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. കോഫികിയോസ്ക് സ്ഥാപിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, വിലനിലവാരം, കിയോസ്ക് സ്കെച്ച് എന്നിവ സംബന്ധിച്ച് കുടുംബശ്രീ എം പാനൽ ചെയ്തിട്ടുള്ള ഏജൻസിയായ AIFRHM സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത്ഭരണസമിതിയോട് ശുപാർശ ചെയ്യാൻ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24-12-21 തീയതിയിലെ 43/21 (8) നമ്പർ തീരുമാന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ചെറുപുഴ സിഡിഎസ് സമർപ്പിച്ച അപേക്ഷ അംഗീകാരത്തിനായി നിർവ്വഹണഉദ്യോഗസ്ഥൻ 17-1-22 ന് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചിട്ടുണ്ട്. പദ്ധതിനിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ കോഫികിയോസ്ക് സ്ഥാപിക്കുന്നതിനായി 2,80,000രൂപ വീതം അഞ്ച് ഗ്രൂപ്പുകൾക്ക് 14,00,000 രൂപ അനുവദിച്ചിട്ടുള്ള അനുമതി ഉത്തരവി(നമ്പർ 408/22/A2 2021/കെ എൻ ആർ തീയതി 23-03-2022)ൽ, 13-1-22 തീയതിയിലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗത്തിലെ 4/22 തീരുമാന പ്രകാരം അപേക്ഷകൾ അംഗീകരിച്ചതായി പരാമർശിക്കുന്നുണ്ട് .17-1-22 ന് അംഗീകാരത്തിനായി അയച്ച ചെറുപുഴ പഞ്ചായത്തിലെ അപേക്ഷ എങ്ങിനെയാണ് 13-1-22 ന് അംഗീകരിച്ചതെന്ന് വ്യക്തമല്ല.

2) അപേക്ഷ സമർപ്പിച്ച ഗ്രൂപ്പുകളൊന്നും കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി പത്രം സമർപ്പിച്ചിട്ടില്ല. പായം പഞ്ചായത്തിലെ ഗ്രൂപ്പ് ഒഴികെ മറ്റ് ഗ്രൂപ്പുകൾ അംഗങ്ങളുടെ വാർഷികവരുമാനം 2,00,000രൂപയിൽ കുറവാണെന്നതിനുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3) ആനുകൂല്യം ലഭിച്ച ഗ്രൂപ്പിലെ അംഗങ്ങൾക്ക് സർക്കാരിൽ നിന്നോ, സർക്കാർഏജൻസികളിൽ നിന്നോ സ്വയംതൊഴിലിന് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4) ആനുകൂല്യം ലഭിച്ച ഗ്രൂപ്പുമായി നിർവ്വഹണഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല.

5) ആനുകൂല്യം നൽകിയതിൽ കൊട്ടിയൂർ പഞ്ചായത്തിലെ പഞ്ചമി കോഫികിയോസ്ക്,പായം പഞ്ചായത്തിലെ കുടുംബശ്രീ കോഫികിയോസ്ക്,പെരുമ്പറമ്പ്- എന്നിവരുടെ ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക ക്രെഡിറ്റ് ആവാതെ സോഴ്സ് അക്കൗണ്ടിൽ ക്രഡിറ്റ് ആവുകയാണ് ചെയ്തതെന്ന് ട്രഷറി ഓഫീസറുടെ കത്തിൽ നിന്നും വ്യക്തമാകുന്നു. മേൽ തുക ഗുണഭോക്താക്കൾക്ക് ലഭ്യമായ വിവരം വ്യക്തമാക്കിയിട്ടില്ല.പ്രസ്തുത രണ്ട് സ്ഥാപനങ്ങൾ ഉൾപ്പെടെ അഞ്ച് സ്ഥാപനങ്ങളുടെയും ബാങ്ക് അക്കൗണ്ടിൽ തുക ക്രഡിറ്റായതിന്റെ വിവരം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട്/ലോൺ അക്കൗണ്ട് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

6) സബ്സിഡി അനുവദിച്ച എല്ലാ കോഫി കിയോസ്കുകളുടെ പൂർത്തീകരണം സംബന്ധിച്ച AIRFHM ന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ,പ്രവർത്തനം ആരംഭിച്ചത് സംബന്ധിച്ച വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

7) പ്രസ്തുത 5 കിയോസ്കുകളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിവരം വ്യക്തമാക്കേണ്ടതും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നമ്പർ35/13.02.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹ 14,00,000 തടസ്സപ്പെടുത്തുന്നു.

## 1-23 കുടുംബശ്രീ കറി പൗഡർ കൺസോർഷ്യത്തിന് ഡെലിവറി വാൻ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 502/22 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ കറിപൗഡർ കൺസോർഷ്യത്തിന് ഡെലിവറിവാൻ വാങ്ങൽ |
| നിർവ്വഹണം | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ<br>കുടുംബശ്രീ |
| അടങ്കൽ | ഗുണഭോക്തൃവിഹിതം- ₹3,00,000 |
| ചെലവ് | ₹2,40,603 |

| | |
|---|---|
| | വൗച്ചർ നമ്പർ 435/3-9-21 |

'കുടുംബശ്രീ കറിപൗഡർ കൺസോർഷ്യത്തിന് ഡെലിവറിവാൻ വാങ്ങൽ' എന്ന പദ്ധതി പ്രകാരം കൺസോർഷ്യം യൂണിറ്റുകൾക്ക് അസംസ്കൃത വസ്തുക്കൾ എത്തിച്ചു കൊടുക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുമായി 2020-21 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ളാഗ്ഷിപ്പ്മോട്ടോർ എന്ന സ്ഥാപനത്തിൽ നിന്നും 8,84,845 രൂപക്ക് ഡെലിവറിവാൻ വർഷം വാങ്ങുകയും ആയതിന് വികസനഫണ്ടിൽ 20-21 വർഷം വകയിരുത്തിയ ജില്ലാപഞ്ചായത്ത് വിഹിതം 6,00,000രൂപ ആ വർഷം നൽകുകയും ചെയ്തിരുന്നു. ഗുണഭോക്തൃവിഹിതമിനത്തിൽ കുടുംബശ്രീ വിഹിതമായാണ് തൻവർഷം സ്ഥാപനത്തിന്റെ സെക്യൂരിറ്റിഡെപ്പോസിറ്റ്(5%=44,242) കഴിച്ച് ബാക്കി തുക 2,40,603 രൂപ ഫ്ലാഗ്ഷിപ്പ്മോട്ടോഴ്സിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർചെയ്തത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ഗുണഭോക്തൃവിഹിതം സമാഹരിച്ചതിന്റെയും ജില്ലാപഞ്ചായത്തിൽ ഒടുക്കിയതിന്റെയുംരേഖകൾ, ഫ്ളാഗ്ഷിപ്പ്മോട്ടോഴ്സ് എന്ന സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രശീതി,ചെലവിനാസ്പദമായ ബിൽ നമ്പർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2)വാഹനത്തിന്റെ ലോഗ്ബുക്ക്,വാഹനത്തിന്റെ വാടകയിനത്തിൽ ലഭിക്കുന്ന തുക, ആയത് കറിപൗഡർ കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ ഒടുക്കുന്നതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3)പ്രോജക്ട് പ്രകാരം 9,00,000 രൂപ ചെലവ് വരുന്ന പർച്ചേസിനാണ് 6,00,000 രൂപ ജില്ലാപഞ്ചായത്ത് വിഹിതം നൽകേണ്ടത്. എന്നാൽ 8,84,845 രൂപ ചെലവ് വന്ന നിലയിൽ, പ്രൊജക്ട് പ്രകാരമുള്ള ചെലവ് അനുപാതം കണക്കാക്കി ബാക്കി തുക സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി(നമ്പർ36/13.02.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 വനിതാഗ്രൂപ്പുകൾക്ക് ഫിഷ്ബൂത്ത് -നാളിതുവരെ പ്രവർത്തനക്ഷമമായില്ല-ചെലവ് തുക ₹3,00,000 നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 409/22 |
| പ്രോജക്ടിന്റെ പേര് | വനിതാഗ്രൂപ്പുകൾക്ക് ഫിഷ് ബൂത്ത് |
| നിർവ്വഹണം | ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ<br>കുടുംബശ്രീ |
| അടങ്കൽ | വികസന ഫണ്ട് -300000 |
| ചെലവ് | ₹3,00,000<br>ബിൽ നമ്പർ 1436/ 23-3-22 |

മേൽപദ്ധതി പ്രകാരം പെരിങ്ങോം-വയക്കര സിഡിഎസിൽ ഉൾപ്പെട്ട 'ഫിഷ്ഗാലറി' എന്ന പേരിൽ രജിസ്റ്റർ ചെയ്ത ഫിഷ്ബൂത്ത് യൂണിറ്റിന് പെരിങ്ങോം വയക്കര സിഡിഎസിന്റെ ശുപാർശ പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റിന് പെരിങ്ങോം വയക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും സ്വയംതൊഴിൽ വായ്പയായി 3,70,000 രൂപ നൽകിയിട്ടുണ്ടെന്ന ബാങ്കിന്റെ 16-3-22ലെ കത്തിന്റെ അടിസ്ഥാനത്തിൽ മേൽക്കാണിച്ച ബിൽ പ്രകാരം പെരിങ്ങോം സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് ICICI ബാങ്കിന്റെ പയ്യന്നൂർ ബ്രാഞ്ചിൽ 3,00,000 രൂപ ക്രെഡിറ്റ് ചെയ്യുകയാണുണ്ടായത്. പ്രസ്തുത ഫിഷ്ബൂത്ത് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും അടിയന്തിരമായി പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അല്ലാത്ത പക്ഷം സംരംഭക യൂണിറ്റിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക തിരിച്ചടക്കണമെന്നും 1-9-2022 ന് പെരിങ്ങോം-വയക്കര സിഡിഎസ് ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ധനസഹായം അനുവദിച്ച ഗ്രൂപ്പുമായി കരാറിൽ ഏർപ്പെടാതെയും സംരംഭം പ്രവർത്തനസജ്ജമാകാതെയും തുക കൈമാറിയത് ശരിയായ നടപടിക്രമമല്ല.സംരംഭം നിലവിൽ ആരംഭിച്ചിട്ടുണ്ടോ/പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നമ്പർ 37/13.02.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനസഹായം കൈപ്പറ്റി ഒരു വർഷത്തോളമായിട്ടും സംരംഭം നാളിതുവരെ

പ്രവർത്തനക്ഷമമാക്കാഞ്ഞതിനാൽ ചെലവ് തുക ₹3,00,000 നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി സർക്കാരിലൊടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പദ്ധതിനിർവ്വഹണത്തിലെ മറ്റ് അപാകങ്ങൾ ചുവടെ-

1) ICICI ബാങ്കിൽ ട്രാൻസ്ഫർ ചെയ്ത തുക പെരിങ്ങോം- വയക്കര ബാങ്കിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് തെളിയിക്കുന്ന രേഖകൾ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

2) പ്രസ്തുത ധനസഹായം ബാക്ക് എൻഡഡ് സബ്സിഡി ആണെന്നും ഗുണഭോക്താക്കൾ തുക തിരിച്ചടക്കുന്ന മുറക്ക് അവരുടെ ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്നുമുള്ള വിവരം ചേർത്ത് പെരിങ്ങോം വയക്കര ബാങ്കിന് നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുക ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

3) ആനുകൂല്യം ലഭിച്ച ഗ്രൂപ്പിലെ അംഗങ്ങൾക്ക് സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ധനസഹായം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-25 വനിതാ സൂക്ഷ്മസംരംഭങ്ങൾക്ക് റിവോൾവിംഗ്ഫണ്ട് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -ചെലവ് തുക ₹10,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 410/22 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ വനിതാസംരംഭഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് |
| നിർവ്വഹണം | ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ<br>കുടുംബശ്രീ |
| അടങ്കൽ | വികസന ഫണ്ട് ₹10,00,000 |
| ചെലവ് | ബിൽ നമ്പർ 673/29-12-2021 ₹10,00,000 |

മേൽപദ്ധതി പ്രകാരം ആറളം ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗഅയൽക്കൂട്ടങ്ങൾ ചേർന്ന് രൂപീകരിച്ച 'നിള' 'ലോട്ടസ്'' എന്നീ കുടനിർമ്മാണയൂണിറ്റുകൾക്കാണ് അഞ്ചുലക്ഷം രൂപ വീതം ആനുകൂല്യം നല്കിയിട്ടുള്ളത്.പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) പട്ടികവർഗ്ഗഅയൽക്കൂട്ടഅംഗങ്ങൾ ചേർന്ന് രൂപീകരിച്ച 'നിള' 'ലോട്ടസ്'' എന്നീ കുടനിർമ്മാണ യൂണിറ്റുകൾക്ക് റിവോൾവിംഗ്ഫണ്ട് അനുവദിച്ചതുമായി ബന്ധപ്പെട്ട് മേൽ യൂണിറ്റുകളുടെ അപേക്ഷ,പ്രൊജക്റ്റ്പ്രൊപ്പോസൽ,യൂനിറ്റിൻെറ അംഗീകരിച്ച പ്രൊജക്റ്റ്റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രൊജക്ടിന്റെ അടങ്കൽ തുക 10,00,000/-രൂപക്ക് മുകളിലാണെന്നും ജില്ലാപഞ്ചായത്തിന് നടപ്പാക്കാൻ പറ്റുന്നതാണെന്നും പരിശോധിക്കാനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ല.

2)മേൽയൂണിറ്റുകൾക്ക് അടുത്ത മൺസൂണിന് മുമ്പ് 20,000കുടകൾ നിർമ്മിച്ച് വിപണിയിൽ ഇറക്കുന്നതിന് 60 ലക്ഷം രൂപയുടെ പ്രവർത്തനമൂലധനം ആവശ്യമുണ്ടെന്നും 50 ലക്ഷം രൂപ കുടുംബശ്രീ വഴി സമാഹരിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരികയാണെന്നും 5 ലക്ഷം രൂപ വീതം രണ്ട് ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുകയാണെങ്കിൽ ഒരു വർഷത്തിനകം മുഴുവൻ തുകയും തിരിച്ചടക്കാൻ പറ്റുമെന്നും സമർപ്പിച്ച പ്രൊജക്ടിൽ നിന്നും ബോധ്യപ്പെട്ടു എന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സെക്രട്ടറിക്കയച്ച കത്തിൽ പറയുന്നുണ്ടെങ്കിലും ആയത് പരിശോധിക്കാൻ ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല.

3) 29-10-2021 ലെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 38/2021(6) നമ്പർ തീരുമാന പ്രകാരം കുടുംബശ്രീ വഴി 50 ലക്ഷം രൂപ സമാഹരിച്ചു എന്ന സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് മാത്രമേ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി റിവോൾവിംഗ് ഫണ്ട് അനുവദിക്കാൻ സാധിക്കു എന്ന വ്യക്തമാക്കുന്നുണ്ട്.എന്നാൽ അത്തരം ഒരു സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. സാക്ഷ്യപത്രമില്ലാതെ, രണ്ട് ഗ്രൂപ്പുകൾക്കും 5 ലക്ഷം വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

4) 'നിള' 'ലോട്ടസ്'' എന്നീ ഗ്രൂപ്പുകളുടെ കേരളഗ്രാമീൺബാങ്കിന്റെ കീഴ്പ്പള്ളി ശാഖയിലെ അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്. മേൽ അക്കൗണ്ടുകൾ ബന്ധപ്പെട്ട ഗ്രൂപ്പിന്റേതാണെന്നതിന്റെ രേഖകളും ഗ്രൂപ്പുകൾക്ക് വായ്പ അനുവദിച്ച ലോൺ അക്കൗണ്ട് സംബന്ധിച്ച രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) ആനുകൂല്യം നൽകിയിട്ട് ഏകദേശം ഒരു വർഷത്തോളമായെങ്കിലും ബന്ധപ്പെട്ട ഗ്രൂപ്പുകൾ റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

6) റിവോൾവിംഗ് ഫണ്ടിന്റെ പ്രതിമാസ തുകയും തവണകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സംരംഭകരുമായി ഒന്നിച്ചും പ്രത്യേകമായും കരാർ വെക്കണമെന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇത്തരത്തിൽ കരാർ ചമച്ചിട്ടില്ല.

7) റിവോൾവിംഗ് ഫണ്ട് തിരിച്ചടക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കേണ്ട റിവോൾവിംഗ്ഫണ്ട് റിക്കുപ്പ്മെന്റ് അക്കൗണ്ട് ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല.

8) റിവോൾവിംഗ് ഫണ്ട് തിരിച്ചടവിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കണമെന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അത്തരം രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ-39/13.02.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹10,00,000 തടസ്സപ്പെടുത്തുന്നു.

## 1-26 തെരുവ്നായ്ക്കളുടെ പ്രജനനനിയന്ത്രണ പദ്ധതി -വകയിരുത്തിയതിനെക്കാൾ തുക ചെലവഴിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ,മൃഗസംരക്ഷണം |
| പ്രോജക്ട് നമ്പർ | 768/22 |
| പ്രോജക്ടിന്റെ പേര് | തെരുവ്നായ്ക്കളുടെപ്രജനനനിയന്ത്രണപദ്ധതി(സ്പിൽഓവർ) |
| അടങ്കൽ<br>₹6832053 | തനത് ഫണ്ട് ₹34,18,498<br>മറ്റു ഗ്രാമ പഞ്ചായത്ത് ₹34,13,555 |
| ചെലവ്<br>₹3780000 | മറ്റു ഗ്രാമപഞ്ചായത്ത് ₹37,80,000 |
| ചെക്ക് നമ്പർ, തീയതി | 6629913 തിയ്യതി-15-3-2022 |

മേൽപദ്ധതി പ്രകാരം, ജില്ലാപഞ്ചായത്തിന്റെ തെരുവ്നായ്ക്കളുടെ പ്രജനനനിയന്ത്രണ പദ്ധതിയിലുൾപ്പെടുത്തി പടിയൂർഗ്രാമപഞ്ചായത്തിൽ എബിസി കേന്ദ്രം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട്-ജില്ലാപഞ്ചായത്ത് അംഗീകരിച്ച 63,00,000രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് വേണ്ടി നിർമ്മിതി കേന്ദ്രക്ക് മറ്റു ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 2020-21 വർഷം 12,60,000 രൂപയും (മൊബിലൈസേഷൻ അഡ്വാൻസ്) 21-22 വർഷം 37,80,000 രൂപയും നല്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ തൻവർഷം വകയിരുത്തിയ തുക 34,13,555 രൂപയാണ്. 21-22 വർഷം 37,80,000 രൂപയാണ് ചെലവ്. വകയിരുത്തിയതിൽ അധികമായി 3,66,445 രൂപ ചെലവഴിച്ചതെങ്ങിനെ എന്ന് വ്യക്തമല്ല.

2) പദ്ധതിയുടെ 2021-22 വർഷത്തെ അംഗീകരിച്ച പദ്ധതിരേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ മൊബിലൈസേഷൻ അഡ്വാൻസ് കഴിച്ച് ബാക്കി തുകയായ37,80,000 രൂപ അനുവദിക്കണമെന്നുമുള്ള നിർമ്മിതികേന്ദ്രയുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ എം ബുക്ക്,വർക്ക് ബിൽ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി(നമ്പർ 18/4.1.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 തെരുവ്നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ,മൃഗസംരക്ഷണം |
| പ്രോജക്ട് നമ്പർ | 185/22 |
| പ്രോജക്ടിൻെറ പേര് | തെരുവ്നായ്ക്കളുടെ പ്രജനനനിയന്ത്രണ പദ്ധതി |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) ₹ 14,79,317 |
| ചെലവ് | ₹14,79,317 |
| ബിൽനമ്പർ, തീയതി | 1/21-22 ₹1,00,127 |

| | |
|---|---|
| | 2/21-22 ₹2,06,100<br>3/21-22 ₹ 45,808<br>4/21-22 ₹84,333<br>5/21-22 ₹ 41,261<br>6/21-22 ₹ 1,93,500<br>7/21-22 ₹ 1,94,900<br>8/21-22 ₹ 38,735<br>10/21-22 ₹ 14,999<br>11/21-22 ₹ 1,45,434<br>12/21-22 ₹ 37,770<br>13/21-22 ₹ 14,997<br>16/21-22 ₹ 4,780<br>17/21-22 ₹ 1,92,854<br>18/21-22 ₹ 5,392<br>19/21-22 ₹ 1,15,249<br>20/21-22 ₹ 43,078 |

തെരുവ്നായ്ക്കളിൽ നിന്ന് മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ഉണ്ടാകുന്ന ശല്യം കുറക്കുന്നതിന് വേണ്ടി, അവയെ ശാസ്ത്രീയമായി പിടികൂടി എബിസി സെന്ററിൽ കൊണ്ട് വന്ന് വന്ധ്യംകരണം നടത്തി മുറിവുകൾ ഉണങ്ങിയ ശേഷം തിരികെ പിടിച്ച സ്ഥലത്ത് തന്നെ കൊണ്ട് വിടുന്നതാണ് ഈ പദ്ധതി. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു.

1) ബിൽനമ്പർ 6 പ്രകാരം തുക നൽകിയതിൽ ശ്രീ.ഖേംബഹദൂർഛേത്രി,ഡോഗ്ക്യാച്ചർ- അറ്റൻഡൻസ് പ്രകാരം 8-10-22,9-10-22 തീയതികളിൽ ജോലിക്ക് ഹാജരായിട്ടില്ലെങ്കിലും ടിയാന് ഒക്ടോബർ മാസത്തെമുഴവൻ വേതനമായ 20,000 രൂപ അനുവദിച്ചിട്ടുണ്ട്.

2) ശ്രീ.താരാനാഥ്,ഡോഗ്ക്യാച്ചർ- ഒക്ടോബർമാസം 4 ദിവസം മാത്രമേ അറ്റൻഡൻസ് പ്രകാരം ജോലിക്ക് ഹാജരായിട്ടുള്ളൂ.എന്നാൽ ടിയാന് മുഴുവൻ വേതനമായ 18,000 രൂപയും അനുവദിച്ചിട്ടുണ്ട്.

3) ബിൽനമ്പർ 4,10 പ്രകാരം ഇംഗ്ലീഷ് ഫാർമയിൽ നിന്ന് വാങ്ങിയ മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

4) ബിൽനമ്പർ 11 പ്രകാരം ഡ്രൈവർക്ക് വാഹനവാടക നൽകിയത് 36,000 രൂപയാണ്. 16 ദിവസത്തെ ട്രിപ്പ്ഷീറ്റ് മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. പ്രതിദിനം 2000 രൂപ നിരക്കിൽ 18 ദിവസത്തെ വാടകയാണ് നൽകിയിട്ടുള്ളത്

5) ശ്രീ.ഉണ്ണി.പി.വി,ഡോഗ് ക്യാച്ചർ- അറ്റൻഡൻസ് പ്രകാരം 4 ദിവസം അവധിയുണ്ടെങ്കിലും അയാൾക്ക് മറ്റുള്ളവർക്ക് നൽകിയ നിരക്കിൽ 23 ദിവസത്തെ വേതനം നൽകിയിട്ടുണ്ട്. (2021ഡിസംബർ 24 മുതൽ 2022ജനുവരി 1 വരെ ഡിസ്റ്റംബർ ഡിസീസ് എന്ന വൈറസ് രോഗം ബാധിക്കുന്നതിനാൽ എബിസി സെന്റർ അടച്ചിട്ടിരുന്നു)

6) ബിൽ നമ്പർ 8 പ്രകാരം 38,735 രൂപയും ബിൽനമ്പർ 18 പ്രകാരം പിഴ ഉൾപ്പെടെ കുടിശ്ശിക ചാർജ്ജ് 4,090 രൂപയും വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കുടിശ്ശിക ഉണ്ടാകാനിടയായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (17/4.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 ആട് വളർത്തൽ-മിനിഫാം-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -₹2,12,500 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ,മൃഗസംരക്ഷണം |

| | |
|---|---|
| പ്രോജക്ട് നമ്പർ | 930/22 |
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ –മിനിഫാം -ഗ്രാമപഞ്ചായത്തുകൾക്ക് ധന സഹായം |
| അടങ്കൽ ₹8,50,000 | വികസനഫണ്ട്(പൊതുവിഭാഗം)₹2,12,500, മറ്റുഗ്രാമപഞ്ചായത്ത് വിഹിതം₹2,12,500, ഗുണഭോക്തൃവിഹിതം₹4,25,000 |
| ചെലവ് | ₹ 2,12,500 (വികസനഫണ്ട്) |
| ബിൽനമ്പർ, തീയതി എ.സി.ആർ പ്രകാരം | 1269/16-03-2022 ₹1,25,000, 1394/21-03-2022 ₹50,000, 1534/26-03-2022 ₹ 37,500 |

മേൽപദ്ധതി പ്രകാരം ആറ് ആടുകളെ വീതം വളർത്തുന്ന 17 മിനി ആട്ഫാമുകൾ ആരംഭിക്കുന്നതിന് ഒരു യൂണിറ്റിന് 50,000 രൂപനിരക്കിൽ 50% ഗുണഭോക്തൃവിഹിതം, 25% ജില്ലാപഞ്ചായത്ത് വിഹിതം, 25% ഗ്രാമപഞ്ചായത്ത് വിഹിതം എന്നിങ്ങനെയാണ് തുക വകയിരുത്തിയിട്ടുള്ളത്.ഇതുപ്രകാരം പദ്ധതി നിർവഹണത്തിനായി ₹2,12,500 വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി കൈമാറിയിട്ടുണ്ട്.

12,500രൂപ നിരക്കിൽ കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ 10 പേർക്കായി 1,25,000രൂപയും കടന്നൂർ ഗ്രാമപഞ്ചായത്തിലെ 4പേർക്കായി 50,000 രൂപയും പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ 3പേർക്കായി 37,500 രൂപയും നൽകിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം,ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ, പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതിൽ, പെരളശ്ശേരി ഗ്രാമപഞ്ചായത്തിന് നൽകിയ തുക സമയപരിധിക്കകം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ സാധിക്കാത്തതിനാൽ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുണ്ട് എന്ന് 5-9-2022 ലെ നമ്പർ 401063/DPDC01/GPO/2022/3016(1) കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിൽ മേൽ പദ്ധതി നടപ്പാക്കിയിട്ടില്ലേ എന്ന് വ്യക്തമല്ല.

മേൽക്കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ്എൻക്വയറി(19/4.1.23)ക്ക് മറുപടിയും അനുബന്ധ രേഖകളും (തിരിച്ചടവ് ഉൾപ്പെടെ) ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 2,12,500 തടസ്സപ്പെടുത്തുന്നു.

## 1-29 മൃഗസംരക്ഷണ മേഖലയിലെ 'സമൃദ്ധി-നിറവ് ' പദ്ധതികൾക്ക് ധനസഹായം- അപാകങ്ങൾ -ചെലവ് തുക ₹ 1,50,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ജില്ലാ മൃഗസംരക്ഷണ ഓഫീസർ |
| പ്രോജക്ട് നമ്പർ | 974/22 |
| പ്രോജക്ടിന്റെ പേര് | മൃഗസംരക്ഷണ മേഖലയിലെ 'സമൃദ്ധി-നിറവ് ' പദ്ധതികൾക്ക് ധനസഹായം |
| അടങ്കൽ | വികസനഫണ്ട് - ₹ 1,50,000 |
| ചെലവ് | ₹ 1,50,000 |
| ബിൽ നമ്പർ, തീയതി | 32/ 21-22 തീയതി- 30-3-22 |

മൃഗസംരക്ഷണ മേഖലയിലെ 'സമൃദ്ധി-നിറവ് ' പദ്ധതികൾക്ക് ധനസഹായം എന്ന പദ്ധതി പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്കാണ് റിവോൾവിംഗ്ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഗ്രാമസഭ അംഗീകരിച്ച അപേക്ഷകൾ,പ്രോജക്ട്കോപ്പി എന്നിവ ജില്ലാ പഞ്ചായത്തിന് കൈമാറിയാൽ ഗുണഭോക്താവ്, ബാങ്ക് പ്രതിനിധി എന്നിവരുടെ യോഗം ചേർന്ന് പ്രായോഗിക പ്രോജക്ട് ആണെങ്കിൽ ബാങ്കിന് ശുപാർശ ചെയ്ത് സംരംഭം ആരംഭിച്ചാൽ ഫണ്ട് നൽകാൻ ആണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ, സ.ഉ (കൈ)22/2018തസ്വഭവ തീയതി 14-2-2018, പ്രകാരം സംരംഭകർ പ്രൊജക്ട്

പ്രൊപ്പോസൽ ഗ്രാമപഞ്ചായത്തിന് സമർപ്പിക്കണം. മാർഗ്ഗരേഖയിൽ സൂചിപ്പിച്ച പ്രകാരം പ്രൊജക്ട് പ്രൊപ്പോസൽ ഉപസമിതി പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയോടെ ധനകാര്യസ്ഥാപനത്തിന് നൽകണം. വായ്പ അനുവദിച്ചാൽ സംരംഭകർ അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് നിർവ്വഹണഉദ്യോഗസ്ഥൻ ഗുണഭോക്താവുമായി കരാറിലേർപ്പെട്ട് റിവോൾവിംഗ്ഫണ്ട് നൽകണം.റിവോൾവിംഗ്ഫണ്ട് അക്കൗണ്ടിൽ തിരിച്ചടച്ച് സ്ളിപ്പ് ഹാജരാക്കണം.കരാർ ലംഘിച്ചാൽ പിഴയും പലിശയും ചേർത്ത് തിരിച്ചടക്കാമെന്ന് വ്യവസ്ഥ ചെയ്യണം.

പദ്ധതിനിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ-

1)ഈ പദ്ധതി പ്രകാരം അബ്ദുൾനാസർ,സജ്ന.കെ,രാജൻ.പി.കെ എന്നിവർക്കാണ് 50,000/-രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുള്ളത്. ഈ മൂന്ന് ഗുണഭോക്താക്കളും ധനകാര്യസ്ഥാപനത്തിൽ നിന്ന് ലോൺ അനുവദിക്കാൻ മാർഗ്ഗരേഖപ്രകാരം പാലിക്കേണ്ടുന്നതായ മേല്പരാമർശിച്ച നടപടിക്രമങ്ങൾ പാലിക്കാതെയാണ് ലോൺ എടുത്തിട്ടുള്ളത്. ഇവർക്ക് പലിശ സബ്സിഡി നൽകാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച് വികേന്ദ്രീകൃതാസൂത്രണത്തിന്റെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് ജില്ലാ പഞ്ചായത്ത് അപേക്ഷ നൽകിയതിനെ തുടർന്ന് കോ-ഓർഡിനേഷൻകമ്മിറ്റിയുടെ 11-01-22 ലെ യോഗതീരുമാനം അനുസരിച്ചാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്. മുൻകൂർ അനുമതി വാങ്ങിയില്ല എന്നതിൽ ഇളവ് അനുവദിക്കുന്നുവെന്നും എന്നാൽ ഫാം ആരംഭിക്കുന്നതിന് യഥാർത്ഥത്തിൽ ആവശ്യമായി വന്ന തുകക്കനുസൃതമായാണോ ലോൺ എടുത്തത്, അങ്ങിനെയെങ്കിൽ ആ തുകയുടെ പലിശ മാത്രം പിഴ പലിശ ഒഴികെ എത്രയാണ്,ഫാമിന്റെ ഇപ്പോഴത്തെ സ്ഥിതി,അനുവദനീയമായ ധനസഹായം എത്രയാണ് എന്നിവ സംബന്ധിച്ച് നിർവ്വഹണഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതും ജില്ലാപഞ്ചായത്ത് ആയത് പരിശോധിച്ച് നിയമാനുസൃത തുടർനടപടി സ്വീകരിക്കേണ്ടതുമാണ് എന്ന് കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) 2018 ൽ ലോൺ അനുവദിച്ച മൂന്ന് ഗുണഭോക്താക്കളുടെയും സംരംഭത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടില്ല. പലിശസബ്സിഡിയിനത്തിൽ എത്ര തുക വേണ്ടി വരും എന്നതിന്റെ കണക്ക് സൂക്ഷിച്ചിട്ടില്ല.

3)റിവോൾവിംഗ്ഫണ്ട്തിരിച്ചടവ്,തവണഎന്നിവസംബന്ധിച്ച്പട്ടികതയ്യാറാക്കിയിട്ടുണ്ടെങ്കിലും റിവോൾവിംഗ്ഫണ്ട് തിരിച്ചടവിനായി മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരം റിവോൾവിംഗ്ഫണ്ട്റിക്കുപ്പ്മെന്റ്അക്കൗണ്ട് ഓപ്പൺ ചെയ്തിട്ടുണ്ടെങ്കിൽ,ആയതിന്റെ വിശദാംശം, നാളിതുവരെയുള്ള തിരിച്ചടവ് എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4)റിവോൾവിംഗ്ഫണ്ട്റിക്കുപ്പ്മെന്റ് സംബന്ധിച്ച് ഒരു രജിസ്റ്റർ നിർവ്വഹണഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും അതിൽ ഓരോ സംരംഭകർക്കും ഓരോ ഫോളിയോ നൽകി റിവോൾവിംഗ് ഫണ്ട് തവണഇടപാടുകളും ബാങ്ക് വായ്പ,കാലാവധി,പലിശനിരക്ക് എന്നിവയും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇത്തരത്തിൽ ഒരു രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5)ഗുണഭോക്താക്കളായ ശ്രീ രാജൻ എന്നവർക്ക് 6-10-18 നം ശ്രീമതി സജിന.കെ എന്നവർക്ക് 30-7-18 നം ശ്രീ അബ്ദുൾനാസർ എന്നവർക്ക് 10-07-2018നം ആണ് ലോൺ അനുവദിച്ചിട്ടുള്ളത്. എന്നാൽ മൂന്ന് പേരുടെയും ലോൺ അക്കൗണ്ടിലേക്കുള്ള തിരിച്ചടവ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സജിന,അബ്ദുൾ നാസർ എന്നവർ അഞ്ച് വർഷക്കാലാവധിയും രാജൻ എന്നവർ ആറ് വർഷക്കാലാവധിയുമുള്ള ലോൺ ആണ് എടുത്തിട്ടുള്ളത്. ഈ കാലയളവിൽ ഇവരുടെ ലോൺ തിരിച്ചടവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഇവർ പലിശ സബ്സിഡിക്കർഹരാണോ എന്നത് സംബന്ധിച്ച് പരിശോധന നടത്തിയതായി കാണുന്നില്ല.

ഇക്കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നമ്പർ7/21.11.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടിയും മേൽപ്രതിപാദിച്ച രേഖകളും ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 1,50,000 തടസ്സപ്പെടുത്തുന്നു.

## 1-30 ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ ഫർണിച്ചർവിതരണം -അപാകങ്ങൾ- ചെലവ് തുക ₹3,99,61,998 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 402/22 |
| പ്രോജക്ടിന്റെ പേര് | ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ ഫർണിച്ചർ വിതരണം |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം |
| അടങ്കൽ | മെയിന്റനൻസ്ഗ്രാന്റ്(റോഡിതരം) ₹2,00,00,000<br>ധനകാര്യകമ്മീഷൻഗ്രാന്റ് ₹2,00,00,000<br>ആകെ ₹ 4,00,00,000 |

| | |
|---|---|
| ചെലവ് | മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം)₹1,99,80,999<br>ധനകാര്യകമ്മീഷൻഗ്രാന്റ് – ₹1,99,80,999<br>ആകെ ₹ 3,99,61,998 |
| ബിൽ നമ്പർ തീയതി | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1)ബിൽ നമ്പർ 764/17.1.22 ₹ 58,94,100<br>2)ബിൽ നമ്പർ 891/10-2-22 ₹ 58,94,100<br>3)ബിൽ നമ്പർ 1209/14-3-22 ₹ 81,92,799<br>മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)-<br>4)ബിൽ നമ്പർ 1496 /25-3-22 ₹ 41,45,517<br>5)ബിൽ നമ്പർ 1530 /26-3-22 ₹ 77,01,624<br>6)ബിൽ നമ്പർ 1698 /30-3-22 ₹ 81,33,858 |

'ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ ഫർണിച്ചർ വാങ്ങുക' എന്ന ഈ പദ്ധതിയിൽ 1017 ബെഞ്ചും 1017 ഡസ്കും വാങ്ങാനാണ് ഉദ്ദേശിച്ചിരുന്നത്.ബഞ്ചും ഡസ്കും ചേർന്ന് 19,647രൂപക്ക് ലഭ്യമാക്കാം എന്നവ്യവസ്ഥയിലാണ് റബ്കോയുമായി കരാറിൽ ഏർപ്പെട്ടത് . പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ചെലവുമായി ബന്ധപ്പെട്ട ട്രഷറിബില്ലുകൾ, തുക കൈമാറിയതിന്റെ അക്നോളജ്മെന്റ് രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) സമർപ്പിച്ച ഫയലിൽ ക്രമ നമ്പർ 1,2,5,6 എന്നീ ബില്ലുകളുടെ സപ്പോർട്ടിംഗ് വൗച്ചേഴ്സും റബ്കോവിൽ നിന്നുള്ള ബില്ലുകളും വിതരണസ്റ്റേറ്റ്മെന്റുകളും മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ബാക്കിയുള്ള ബില്ലുകൾ,റബ്കോവിന്റെ ഇൻവോയ്സ്,സ്കൂളുകൾക്ക് നൽകിയ വിതരണസ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3)മേൽക്കാണിച്ച 1,2,5,6എന്നീ ബില്ലുകൾപ്രകാരം യഥാക്രമം 300+300,300+300,414+414,392+392എന്നപ്രകാരമാണ് ബെഞ്ചുകളും ഡസ്കുകളും വാങ്ങി വിതരണം ചെയ്തതായി കാണുന്നത്. ഇത് പ്രകാരം തന്നെ 1406 വീതം ബെഞ്ചുകളും ഡസ്കുകളും വാങ്ങിയതായി കാണുന്നു. പ്രൊജക്ടിൽ കാണിച്ചതിൽ കൂടുതൽ ഫർണിച്ചർ വാങ്ങിയതെങ്ങിനെയെന്ന് വ്യക്തമാക്കിയിട്ടില്ല.

4) ക്രമനമ്പർ 3,4 എന്നീ ബില്ലുകൾ പ്രകാരമുള്ള ചെലവുകൾക്കാധാരമായ ട്രഷറി ബില്ലുകൾ,സപ്പോർട്ടിംഗ് വൗച്ചേഴ്സ്, വിതരണരേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5) ആരോഗ്യവിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3-2-22 ലെ 10/2022(24) നമ്പർ തീരുമാന പ്രകാരം 67 സ്കൂളുകൾക്ക് 1017 വീതം ബെഞ്ചുകളും ഡസ്കുകളും വിതരണം ചെയ്യാനാണ് നിർദ്ദേശിച്ചത്.അധികമായി വാങ്ങിയ ഫർണിച്ചറടക്കം ഫർണിച്ചറുകൾ സ്കൂളുകൾക്ക് വിതരണം ചെയ്തതിന്റെ സമഗ്രമായ ലിസ്റ്റ് ഹാജരാക്കേണ്ടതാണ്.അധികം നൽകുന്നതിനാധാരമായ തീരുമാനം, പ്രൊജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ 54/9.3.23)ക്ക് മറുപടി ലഭ്യമായിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹3,99,61,998/- തടസ്സപ്പെടുത്തുന്നു.

## 1-31 ജി.എസ്.ടി ബിൽ ഹാജരാക്കാതെ തുക അനുവദിച്ചു.₹32,148 യുടെ നിയമാനുസൃതനികുതി സർക്കാർ ഖജനാവിലേക്ക് ലഭിച്ചില്ല

| | |
|---|---|
| നിർവഹണം | സൂപ്രണ്ട്,ജില്ലാകൃഷിത്തോട്ടം |
| പ്രോജക്ട് നമ്പർ പേര് | 958/22ഫാം ടൂറിസം |
| അടങ്കൽ ₹10,82,700 | ₹25,00,000(തനത് ഫണ്ട്) |
| ചെലവ്- | ₹7,16,882 |
| ബിൽനമ്പർ തീയതി തുക | ചെക്ക് നമ്പർ- 668670/26.0322 ₹ 1,58,061<br>ചെക്ക് നമ്പർ-668670/26.0322 ₹52687<br>ആകെ -2,10,748 |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2021-22 വർഷത്തെ പദ്ധതിയുടെ ഭാഗമായി ജില്ലാകൃഷിത്തോട്ടം, കരിമ്പം എന്ന ഘടകസ്ഥാപനത്തിൽ ഫാംടൂറിസം എന്ന പദ്ധതിയുടെ ഭാഗമായി 2022 ജനുവരി 14 മുതൽ 30വരെ 25 ലക്ഷം രൂപ

അടങ്കൽ തുക നിശ്ചയിച്ച് സംഘടിപ്പിക്കാൻ തീരുമാനിച്ച പുഷ്പ-ഫല-സസ്യപ്രദർശനവും കാർഷികമേളയും, കോവിഡ് മഹാമാരിയുടെ മൂന്നാംതരംഗത്തെ തുടർന്ന് പൊതുപരിപാടികൾ നടത്തുന്നതിന് സർക്കാർ നിയന്ത്രണം നിലവിൽ വന്നതുകാരണം മാറ്റിവെച്ചിരുന്നു. എന്നാൽ പ്രവൃത്തികൾ നടത്തുന്നതിനുള്ള മുന്നൊരുക്കത്തിന് ചെലവായ തുകയ്ക്കുവേണ്ടി കെ.എ.വി ഡക്കറേഷൻസ്,ഡോർനമ്പർ22,പാലത്തിങ്കൽബിൽഡിംഗ്,പൂണിത്തുറപി.ഒ,പേട്ട, എറണാകുളം എന്ന സ്ഥാപനം 11.01.2022 ൽ ₹94,400, ₹35,400, ₹80948 എന്നീ തുകയുള്ള മൂന്ന് ഇൻവോയ്സുകൾ ഹാജരാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഇൻവോയ്സുകളിൽ ജി.എസ്.ടി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ CGST,SGST എന്നിങ്ങനെ 18% നികുതി(₹32,148 മുപ്പത്തിരണ്ടായിരത്തിനൂറ്റിനാൽപത്തിഎട്ട്) ബില്ലിൽ നിന്നും ഈടാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(02/20.12.22)ത്തിന് മറുപടിയായി, ഈ സ്ഥാപനം SHAJU KEERANTHARA VARGHESE എന്ന വ്യക്തിയുടെ പേരിലുള്ള 32CQXPK5210PIZB എന്ന റജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയുണ്ടായി.

ഈ സ്ഥാപനത്തിൽ നിന്നും സർക്കാരിലേക്ക് നിയമാനുസൃതനികുതി ലഭിക്കുന്നുണ്ടോ എന്നതിലും, ഇൻവോയ്സുകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിലേക്കുമായി പ്രസ്തുത ഇൻവോയ്സുകളുടെ പകർപ്പ് സഹിതം കെ.എസ്.എ./കെ.എൻ.ആർ-ഡി.പി/എ2-20/2023 തീയ്യതി 28.01.2023 നമ്പർ കത്ത് പ്രകാരം സംസ്ഥാനചരക്ക്സേവനനികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്), കണ്ണൂരിന് ഓഡിറ്റ് വിഭാഗം കത്ത് നൽകിയിരുന്നു. ഇതിന് മറുപടിയായി ഈ സ്ഥാപനം 2019-20 സാമ്പത്തിക വർഷത്തിനുശേഷം ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്യാൻ വീഴ്ചവരുത്തുകയും നികുതി അടക്കാതെ പ്രവർത്തിക്കുകയും ചെയ്തതിനെ തുടർന്ന് സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ 24.05.2022 മുതൽ റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണെന്നും സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സുകൾ ജി.എസ്.ടി. നിയമം വകുപ്പ് 31 അനുശാസിക്കുന്ന പ്രകാരം ഉള്ളതല്ലെന്നും ആയതിൽ കാണിച്ചിട്ടുള്ള നികുതി സർക്കാർ ഖജനാവിലേക്ക് ലഭിച്ചിട്ടില്ലെന്നും ബോധ്യമായിട്ടുള്ളതായി സംസ്ഥാനചരക്ക്സേവനനികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്), കണ്ണൂർ- സി157/2023 തീയതി 02.03.2023 നമ്പർ കത്ത് പ്രകാരം-ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

ആയതിനാൽ സർക്കാർ ഖജനാവിലേക്ക് ലഭിക്കേണ്ട ₹32,148 (മുപ്പത്തിരണ്ടായിരത്തി നൂറ്റിനാൽപത്തിഎട്ട് രൂപ) കെ.എ.വി ഡക്കറേഷൻസ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് ജി.എസ്.ടി.വകുപ്പിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുകയുടെ അടവ് വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്.

## 1-32 ജില്ലാപഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിൽ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

ജില്ലാപഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ(ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ-തീയതി.08.11.2010)പ്രകാരം മതിപ്പുവില 5,000നു മുകളിലും 50,000നു താഴെയും ഉള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടിക്രമങ്ങളും 50000 ന് മുകളിൽ ഉള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടികളും പാലിക്കേണ്ടതുണ്ട്. ആയത് പാലിക്കാത്തതിന്റെ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | വിശദാംശങ്ങൾ | ചെക്ക് നമ്പർ/തുക |
|---|---|---|---|
| 1 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | File No-KSF/201/21 Dt 21.06.2021<br>Cost Of Coir Pith<br>Kripa Bone Industries<br>Invoice No.B-48/27.04.2021 | 2684658/24.06.21<br>₹14,500 |

| | | | |
|---|---|---|---|
| 2 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | File No-KSF/201/21 Dt 21.06.2021<br>Cost Of Fogger<br>Nambuthiries Haritha Agritech<br>Invoice No.208/21-22 Dt 24 .04.2021 | 2684658/24.06.21<br>₹14,580 |
| 3 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | File No-KSF/201/21 Dt 25.11.2021<br>Cost Of Lime Powder<br>Kodakkad Service Co.op Bank<br>Invoice No.142/21.10.2021 | 4996482/08.12.21<br>₹19,950 |
| 4 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | File No-KSF/201/21 Dt 24.07.2021<br>Cost Of Lime Powder<br>Kodakkad Service Co.op Bank<br>Invoice No.140/25.05.2021 | 6436403/24.07.21<br>₹84,787 |
| 5 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | File No-KSF/201/21 Dt 20.10.2021<br>Cost Of Poly Bag<br>Kripa Poly Packs Chalakkudy<br>Invoice No.43/21-22/06.09.2021 | 88786/20.10.21<br>₹14,278 |
| 6 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | File No-KSF/201/21 Dt 08.11.2021<br>Cost Of Tarpolin<br>Sakthi Tarpolin<br>Invoice No.ST.R9930/11.10.2021 | 4213648/08.11.21<br>₹11,000 |
| 7 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | File No-KSF/201/21 Dt 24.09.2021<br>Cost Of Cattle Feed<br>Kankole Ksheerolpadaka Sahakarana Sangham<br>Invoice No.176/23.03.2021 | 2685656/09.05.21<br>₹61,822 |
| 8 | സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് | Cost Of Kerala Feeds<br>Anjarakkandy Ksheerolpadaka Sahakarana Sangham<br>Invoice No.881/24.05.21 | 4092664/24.06.21<br>₹13750 |
| 9 | സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് | Cost Of Kerala Feeds<br>Anjarakkandy Ksheerolpadaka Sahakarana Sangham<br>Invoice No.5726/09.02.22 | 3762223/30.03.22<br>₹14795 |

ഒരു സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് സർക്കാർ നിർദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നിർദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

## 1-33 ജില്ലാ ആശുപത്രിയിൽ നിന്നുള്ള വാങ്ങലുകൾക്ക് നിയമാനുസൃത ജി.എസ്.ടി,ടി.ഡി.എസ് ഈടാക്കുന്നില്ല

നിർവഹണം-സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി)കണ്ണൂർ

CGST,SGSTനിയമം-2017ലെ വകുപ്പ് 51(1) ൽ വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികമായ സാധനങ്ങളുടെയോ, സേവനങ്ങളുടെയോ ബില്ലിൽ നിന്നും സ്രോതസ്സിൽ നിന്നും 1%വീതം (ആകെ2%) ജി.എസ്.ടി (TDS) തുക കുറവുചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെപ്രതിപാദിക്കുന്ന, വികസന ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകൾക്ക് ഇത്തരത്തിലുള്ള കുറവ് വരുത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ | പ്രോജക്ട് | സ്ഥാപനം | ആകെ | ഈടാക്കേണ്ട |
|---|---|---|---|---|

| നമ്പർ | | | അനുവദിച്ച തുക | ജി.എസ്.ടി |
|---|---|---|---|---|
| 1 | 413/22<br>കോവിഡ്പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ<br>ബിൽ നമ്പർ-21190152011300502877<br>തീയ്യതി-11.102021<br>തുക ₹12,91,025<br>കണ്ണൂർ ജില്ലാ ആശുപത്രിയിലെ എംഎം2, എംഎസ്1 വാർഡുകളിലേക്ക് മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം പ്രവൃത്തി ചെയ്യുന്നതിന്. | മെഡ്ഫ്ലോ നിയർഗോൾഡൻ ജൂബിലിചൗക്ക്. ഫോർട്ട് റോഡ് കണ്ണൂർ | ₹11,84,427 | ₹23689 |
| 2 | 413/22<br>കോവിഡ്പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ<br>ബിൽ നമ്പർ-21190152011300500934<br>തീയ്യതി 11.10.2021<br>തുക-3,35,120<br>കണ്ണൂർ ജില്ലാ ആശുപത്രിയിലെ മോർച്ചറിയിലേക്ക് മോഡ്യുലാർ കോൾഡ് ചേമ്പർ വാങ്ങിക്കുന്നതിന് | ഇക്കോകൂളിംഗ് സൊല്യൂഷ്യൻ | ₹3,35,120 | ₹6702 |
| 3 | 413/22<br>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ<br>ബിൽ നമ്പർ-21190152011300364637<br>തീയ്യതി 02.09.2021<br>തുക-₹4,27,749<br>കണ്ണൂർ ജില്ലാ ആശുപത്രിയിലെ എം എസ്.1 കോവിഡ് ഐ.സിയുവിൽ ഉള്ള മൾട്ടിപാരാമോണിറ്റർ ഏകീകരിച്ച് സെൻടൽമോണിറ്ററിംഗ്സിസ്റ്റം സ്ഥാപിക്കുന്നതിന് | ശ്രീഗോകുലം ഹെൽത്ത് കെയർ(പ്രൈവറ്റ്) ലിമിറ്റഡ് | ₹2,99,450 | ₹5989 |
| 4 | 413/22<br>കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ<br>ബിൽ നമ്പർ-21190152011300211063<br>തീയ്യതി 16.07.2021<br>തുക-₹14,88,760 | മെഡ്ഫ്ലോ നിയർ ഗോൾഡൻ ജൂബിലിചൗക്ക്. ഫോർട്ട് റോഡ് കണ്ണൂർ | ₹13,29,250 | ₹26,585 |

| | | | | | |
|---|---|---|---|---|---|
| | കണ്ണൂർ ജില്ലാ ആശുപത്രിയിലെ എൻഎച്ച്എം ബിൽഡിംഗിൽ മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് | | | | |

ഈ വിഷയം കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ്അന്വേഷണ(40/09-02-2023)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങൾ ജി.എസ്.ടി അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 സ്കൂളുകളിൽ ജലപരിശോധനാലാബ് സ്ഥാപിക്കൽ- പദ്ധതി ലക്ഷ്യം കൈവരിക്കാത്തതും സർക്കാർ ഉത്തരവിന്റെ ലംഘനവും ചെലവ് തുക₹ 25,00,000 തടസ്സപ്പെടുത്തുന്ന

| | |
|---|---|
| പ്രോജക്ട് നമ്പർ | 450/22 |
| പ്രോജക്ടിന്റെ പേര് | ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ ജലപരിശോധന ലാബ് സ്ഥാപിക്കൽ |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ<br>പൊതുവിദ്യാഭ്യാസം |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് ₹25,00,000 |
| ചെലവ് | ബിൽ നമ്പർ 1729/30-3-2022 ₹25,00,000 |

ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ ജലപരിശോധനാലാബ് സ്ഥാപിക്കലാണ് പദ്ധതി. അംഗീകരിച്ച പദ്ധതിരേഖയനുസരിച്ച് ഒരു ലാബിന് ഒരു ലക്ഷംരൂപ പ്രകാരം 25 ലാബ് സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്.ജലവിഭവവകപ്പിന് കീഴിലുള്ള അംഗീകൃത ഏജൻസിയായ കേരള ഇറിഗേഷൻ & ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയാണ് പദ്ധതി നടപ്പാക്കിയത്.

ജില്ലാപഞ്ചായത്ത് ഭരണസമിതിതീരുമാനപ്രകാരം 13 സ്കൂളുകളിൽ ജലപരിശോധനാലാബ് സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. KIIDC സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 13 സ്കൂളുകളിൽ ജല പരിശോധനാലാബ് സ്ഥാപിക്കുന്നതിനായി KIIDCയുമായി 26-3-2022 തീയതിയിൽ കരാറിൽ ഏർപ്പെടുകയും അതനുസരിച്ച് 31-3-2022ന് 25 ലക്ഷം രൂപ KIIDCയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട് . പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ടിൽ നിന്നും മുൻകൂർ സംഖ്യ നൽകാവുന്ന ഇനങ്ങളെ കുറിച്ച് ജി.ഒ.(പി)177/2006 ഫിൻ 12.04.2006 പ്രകാരം സർക്കാർ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈയിനത്തിൽ ഉൾപ്പെടാത്ത KIIDC ക്ക് മുൻകൂർ സംഖ്യയായി ₹25,00,000 രൂപ അനുവദിച്ചത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

2)ജലപരിശോധനാലാബ് സ്ഥാപിക്കാനുള്ള അംഗീകൃത ഏജൻസിയാണ് KIIDC എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇത് സംബന്ധിച്ച ഇ- ഫയലിൽ സമർപ്പിച്ചിട്ടുള്ള സർക്കാർ ഉത്തരവ് ജിഒ(പി) നമ്പർ 111/2021

ഫിൻ -5-8-2021, ജിഒ (പി) 77/2019 ഫിൻ 4-7-2019 എന്നിവയിൽ KIIDC യെ Irrigation Related Works As PMC ആയി നടത്തുന്നതിനുള്ള ഏജൻസിയായി അംഗീകരിച്ചതായി കാണുന്നു.എന്നാൽ മേൽ പ്രസ്താവിച്ച Irrigation Related Works ൽ ജലപരിശോധനാലാബ് ഉൾപ്പെട്ടതായി കാണുന്നില്ല.

3)പദ്ധതിയുടെ കൂടെ സമർപ്പിച്ച എസ്റ്റിമേറ്റ്റിപ്പോർട്ടിൽ ഹരിതകേരളമിഷന്റെ നിർദ്ദേശപ്രകാരം സ്കൂളിലൂടെ വിദ്യാർത്ഥികൾക്ക് ജലത്തിന്റെ ഗുണനിലവാരപരിശോധനയിൽ ആവശ്യമായ പരിശീലനം നൽകി വാട്ടർക്വാളിറ്റി സംബന്ധിച്ച താലൂക്ക്തല/വില്ലേജ്തല സമഗ്രഡാറ്റാബേസ് തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങൾ അറിയിക്കേണ്ടതുമാണ്.
4)പദ്ധതിയുടെ പൂർത്തീകരണകാലാവധി കരാർതീയതി മുതൽ 4 മാസം വരെയാണ് എന്ന് വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരം ലഭ്യമല്ല.KIIDC പ്രവൃത്തി നടത്തുന്നതിന് സബ്കോൺട്രാക്ട് നല്കിയExcelsior Enterprises,ചേർത്തല,ആലപ്പുഴ എന്ന സ്ഥാപനവുമായി KIIDCകരാറിൽ ഏർപ്പെടുന്നത് 25-7-22 നാണ്.27-9-22ന് KIIDC, ജില്ലാവിദ്യാഭ്യാസഡെപ്യൂട്ടി ഡയറക്ടർക്കയച്ച കത്തിൽ ഒരു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കും എന്ന് കാണിച്ചിട്ടുണ്ട്, തുടർന്ന് പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല.

5) ഡെപ്പോസിറ്റ് തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം 3 മാസത്തിനുള്ളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം എന്ന് കരാറിൽ വ്യവസ്ഥ ചെയ്ത്, 31-3-2022ന് തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

6) KIIDC മായി വെച്ച കരാർഉടമ്പടി പ്രകാരം ലാബ്പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു അധ്യാപികക്കും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കും ജലപരിശോധനയിൽ പരിശീലനം നൽകണമെന്നും മൂന്ന് മാസം ലാബിന്റെ പ്രവർത്തനം KIIDC മോണിറ്റർ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം പരിശീലനം നൽകിയതിന്റെയോ,ലാബ് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

7) ജലപരിശോധനാലാബിന്റെ ലക്ഷ്യം, പ്രവർത്തനപരിധി എന്നിവ സംബന്ധിച്ച യാതൊന്നും അംഗീകരിച്ച പദ്ധതി രേഖയിൽ വ്യക്തമല്ല.

8) ലാബിന്റെ തുടർപ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം,സജ്ജീകരണംഎന്നിവക്ക് വേണ്ട സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കേണ്ടതും ലാബിന്റെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട്,വാട്ടർക്വാളിറ്റി സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

9)ഓഡിറ്റിന്റെ ഭാഗമായി, ജലപരിശോധനാലാബ് സ്ഥാപിച്ചതായി ഫയലിൽ രേഖപ്പെടുത്തിയ കതിരൂർ ജിവിഎച്ച് എസ്എസിൽ 16-2-2023 ന് നേരിട്ട് പരിശോധന നടത്തിയതിൽ, പരിശോധനാലാബിന് പ്രോജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ നിലവിലെ കെമിസ്ട്രിലാബിന്റെ ഒരു മൂലയിൽ ടെസ്റ്റിങ്ങ് ഉപകരണങ്ങളടക്കമുള്ള സാധനങ്ങൾ കവർ പോലുംതുറക്കാതെ ഒതുക്കി വെച്ചിട്ടാണുള്ളത്.ഇപ്രകാരം ഒരു ലാബ് സ്ഥാപിക്കപ്പെടുകയോ,പ്രൊജക്ട് വിഭാവനം ചെയ്ത പ്രകാരമുള്ള പരിശീലനം (അധ്യാപികക്കും വിദ്യാർത്ഥികൾക്കും ) KIIDC നൽകുകയോ ചെയ്തിട്ടില്ലെന്ന് സ്കൂളധികൃതർ വിശദീകരിക്കുകയുണ്ടായി. പദ്ധതിത്തുക ചെലവഴിച്ചിട്ടും സംരംഭം പ്രവർത്തനക്ഷമമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി(നമ്പർ-46/16.2.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തുക₹ 25,00,000 തടസ്സപ്പെടുത്തുന്നു.

## 1-35 ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറികൾക്കും സ്റ്റാഫ് റൂമുകളിലും ഫർണിച്ചർ വിതരണം അപാകങ്ങൾ ₹1,43,55,880തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 956/22 |
| പ്രോജക്ടിന്റെ പേര് | ജില്ലപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറികൾക്കും സ്റ്റാഫ് റൂമുകളിലും ഫർണിച്ചർ വിതരണം |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം |

| | |
|---|---|
| അടങ്കൽ ₹1,43,56,400 | മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം) ₹1,11,20,000<br>ധനകാര്യകമ്മീഷൻഗ്രാന്റ് ₹32,36,400 |
| ചെലവ് ₹14355880 | മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം)<br>ബിൽനമ്പർ 1722/30-3-2022 ₹1,11,19,480<br>ധനകാര്യകമ്മീഷൻഗ്രാന്റ്<br>ബിൽ നമ്പർ 1741/30-3-2022 ₹ 32,36,400 |

200 മേശയും 400 കസേരയും റബ്കോവിൽ നിന്നും വാങ്ങിച്ച് ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറികൾക്കും സ്റ്റാഫ്റൂമുകൾക്കും വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ഇ-ഫയലിൽ കാണിച്ചിട്ടുള്ള അംഗീകരിച്ച പദ്ധതിരേഖ പ്രകാരം 200മേശയും 400 കസേരയും വാങ്ങാനാണ് ഉദ്ദേശിച്ചതെങ്കിലും പദ്ധതി നടത്തിപ്പ് സമയത്ത് 1180 മേശയും 1180 കസേരയുമാണ് വാങ്ങിയിരിക്കുന്നത്. അംഗികരിച്ച പദ്ധതിരേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ഇതനുസരിച്ച് ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2) റബ്കോവിൽ നിന്ന് വാങ്ങാനായിരുന്ന പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടതെങ്കിലും നിർവ്വഹണസമയത്ത് കാഡ്കോവിൽ നിന്നാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. പദ്ധതി ഭേദഗതി ചെയ്തിട്ടാണോ ഇപ്രകാരം വാങ്ങൽ നടത്തിയത് എന്നതും വ്യക്തമല്ല.

3) കാഡ്കോവിൽ നിന്ന് ഇൻവോയ്സ് നമ്പർ 853/22-3-22 (₹48,66,400) പ്രകാരം 400 മേശയും 400 കസേരയും ഇൻവോയ്സ് നമ്പർ 854/22-3-22(₹94,89,480) പ്രകാരം 780 മേശയും 780 കസേരയും ചേർന്ന് ആകെ 1180 കസേരയും(@4886.89)1180 മേശയും(@7279.30)ആണ് ബിൽ പ്രകാരം വാങ്ങിയിട്ടുള്ളത് . എന്നാൽ,പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർ സമർപ്പിച്ച AcceptanceCertificate പ്രകാരം 1183 മേശയും 1183 കസേരയും കിട്ടിയതായാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് .

4) 3-2-2022ലെ ആരോഗ്യവിദ്യാഭ്യാസസ്റ്റാന്റിംഗ്കമ്മിറ്റി യോഗത്തിലെ 10/2022(25) നമ്പർ തീരുമാനപ്രകാരം 69 വിദ്യാലയങ്ങൾക്കായി 1183 മേശയും 1183 കസേരയും വിതരണം ചെയ്യാനാണ് തീരുമാനിച്ചത്.മേശയും കസേരയും 69 വിദ്യാലയങ്ങൾക്ക് വിതരണം ചെയ്തതിന്റെ വിതരണസ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5) ഫർണിച്ചറിന്റെ വിലയായി ആകെ 1,43,55,880രൂപ കൈപ്പറ്റിയതായുള്ള കാഡ്കോവിന്റെ രശീതി ഉണ്ടെങ്കിലും സുലേഖസ്റ്റേറ്റ്മെന്റ് പ്രകാരം മെയിന്റനൻസ്ഗ്രാന്റ്-നോൺറോഡിനത്തിൽ 1,11,19,480 രൂപ മാത്രമേ ചെലവായികാണിച്ചിട്ടുള്ളൂ.ധനകാര്യകമ്മീഷൻഗ്രാന്റിനത്തിൽ വകയിരുത്തിയ 32,36,400 രൂപയിൽ ചെലവ് കാണിച്ചിട്ടില്ല.ചെലവ് സംബന്ധിച്ച ട്രഷറി ബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി(45/16.03.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക₹ 1,43,55,880 തടസ്സപ്പെടുത്തുന്നു.

## 1-36 കർഷകകൂട്ടായ്മകൾക്ക് വിപണന സൗകര്യം ഒരുക്കൽ - അപാകങ്ങൾ

| | |
|---|---|
| നിർവഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| പ്രോജക്ട് നമ്പർ പേര് | 949/22 കർഷകകൂട്ടായ്മകൾക്ക് വിപണന സൗകര്യം ഒരുക്കൽ |
| അടങ്കൽ ₹5,50,000 | ₹5,00,000(തനത് ഫണ്ട്)<br>₹50,000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ്-₹5,00,000 | ₹4,50,000 (തനത് ഫണ്ട്),<br>₹50,000 (ഗുണഭോക്തൃ വിഹിതം) |
| ബിൽനമ്പർ തീയതി തുക | ചെക്ക് നമ്പർ-1) 047394/12.04.22₹50300,<br>2)047396/25.04.22₹449700 |
| ഓഡിറ്റ് അന്വേഷണം | 29/2021-22/03-2-2023 |

| | |
|---|---|
| ഉത്തരവ് നമ്പർ- | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) യുടെ എ.ഇ.(3)30/22 തീ.21.04.2022 |

കണ്ണൂർജില്ലാപഞ്ചായത്ത് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെടുന്ന കർഷക കൂട്ടായ്മകൾക്ക് വിപണനസൗകര്യം ഒരുക്കുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.

ടെന്റ് സൗകര്യം ഒരുക്കുന്നതിന് ₹449700, വെയിംഗ് മെഷീൻ 2 എണ്ണം വാങ്ങുന്നതിന് ₹37000, സ്റ്റാളിലേക്ക് ആവശ്യമായ പച്ചക്കറി ട്രേകൾ വാങ്ങിയ വകയിൽ ₹13,300 രൂപ ഉൾപ്പെടെ ₹500000 രൂപ ഈ പ്രോജക്ടിൽ ചെലവഴിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലാപഞ്ചായത്ത് വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 04.03.22 ലെ 12/22(1) നമ്പർ തീരുമാനപ്രകാരം മയ്യിൽറൈസ് പ്രൊഡ്യൂസർ കമ്പനി എന്ന സംഘത്തെ പദ്ധതിക്കായി തെരഞ്ഞെടുക്കുകയും പ്രോജക്ട് പ്രകാരമുള്ള രണ്ട് യൂണിറ്റുകളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)ഇരിട്ടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, പാലപ്പുഴ എന്നസ്ഥാപനവും, കേരള കോക്കനട്ട് ആന്റ് അഗ്രി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ,പരിയാരം എന്ന സ്ഥാപനവും വിപണന സൗകര്യം ഒരുക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.എങ്കിലും പദ്ധതി പ്രകാരമുള്ള രണ്ട് യൂണിറ്റുകളും (4ടെൻറുകൾ) മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ് എന്ന സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. മറ്റ സ്ഥാപനങ്ങൾക്കുള്ള അയോഗ്യത വ്യക്തമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പെട്ടെന്ന് നശിച്ചുപോകുന്ന പച്ചക്കറികൾ കൂടുതലായി ഉത്പാദിപ്പിക്കുന്ന കർഷകഗ്രൂപ്പിന് ആവശ്യമായ വിപണന സൗകര്യം ഏർപ്പെടുത്തുകയാണ് പ്രോജക്ട് വഴി ലക്ഷ്യമിടുന്നതെന്നും ഇത് പരിഗണിച്ചാണ് 2 യൂണിറ്റും മയ്യിൽ റൈസ് പ്രോഡ്യൂസേഴ്സ് എന്ന കർഷക ഗ്രൂപ്പിന് നൽകിയതെന്നുമാണ്. എന്നാൽ കണ്ണൂർ ജില്ലാപഞ്ചായത്തിന് മുൻവശത്ത് പെട്ടെന്ന് നശിച്ചുപോകാത്തതും പാക്കറ്റിൽ സൂക്ഷിക്കുന്നതുമായ ഉത്പന്നങ്ങൾ വിൽപന നടത്തുന്നതിനാണ് ഒരു യൂണിറ്റ് ഉപയോഗിക്കുന്നതെന്ന് വ്യക്തമായതിനാൽ മറ്റുസ്ഥാപനങ്ങൾക്ക് സൗകര്യം നൽകാത്തതിനുള്ള വിശദീകരണത്തെ ഈ മറുപടി സാധൂകരിക്കുന്നില്ല.

2)ഇതുമായി ബന്ധപ്പെട്ട് 03.11.2022 ന് ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ മയ്യിൽ റൈസ് പ്രോഡ്യൂസേഴ്സിന് നൽകിയ യൂണിറ്റുകളിൽ ഒരെണ്ണം ( 2 ടെൻറ്) മയ്യിൽ ബസ്റ്റാന്റ് പരിസരത്ത് ഉപയോഗശൂന്യമായ വിധത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ജില്ലാപഞ്ചായത്ത് പരിസരത്ത് ഒരു ടെന്റിൽ മാത്രമാണ് വിപണനം നടക്കുന്നത്. ഒന്ന് ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. മയ്യിൽ ബസ്റ്റാന്റ് പരിസരത്തുള്ള ടെന്റുകൾ ഉപയോഗിച്ച ശേഷം സുരക്ഷിതമായി അഴിച്ചുമാറ്റി വെച്ചിരിക്കുയാണെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഇതിൽ നിന്നും സ്ഥാപനത്തിന് ആവശ്യമില്ലാത്ത തരത്തിൽ യൂണിറ്റുകൾ വിതരണം ചെയ്യുകയാണുണ്ടായതെന്ന് ഓഡിററ് വിലയിരുത്തുന്നു. ഒരു സ്ഥാപനത്തിന് നൽകുന്നതിനു പകരം അപേക്ഷ നൽകിയതും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ മറ്റു സ്ഥാപനങ്ങൾക്ക് കൂടി ഇവ നൽകിയിരുന്നെങ്കിൽ കർഷകഗ്രൂപ്പുകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള ജില്ലാപഞ്ചായത്തിന്റെ സദുദ്ദേശം ലക്ഷ്യം കാണുമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-37 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാവാത്തതിനാൽ ചെലവുതുക ₹1,54,18,402 തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ തുക നല്കിയതായി ഫയലിലും സുലേഖ ചെലവുപത്രികയിലും പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ആർക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കുന്ന TR59/Treasury Acknowledgement Receipt എന്നിവയും പ്രവൃത്തി പൂർത്തീകരണ രേഖ, വിനിയോഗസാക്ഷ്യപത്രം, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാവാത്തതിനാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാവാത്തവയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ഫയൽ നമ്പർ | ബിൽ നമ്പർ തീയതി തുക ( ഫണ്ടിനം ) | ആവശ്യമായ രേഖകൾ |
|---|---|---|---|---|
| 1 | 985/22<br>ശ്മശാനത്തിന് ചുറ്റുമതിൽ നിർമാണം നടുവിൽ ഗ്രാമപഞ്ചായത്ത് | B6/1416 | 1559/26-03-2022<br>₹13,10,704<br>വികസനഫണ്ട് | തുക ആർക്കാണ് അനുവദിച്ച തെന്ന വിവരം വ്യകതമല്ല.<br>TR59/Treasury Aknowledgement Receipt |

| | | | | |
|---|---|---|---|---|
| | | | | പ്രവൃത്തി പൂർത്തീകരണ രേഖ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. |
| 2 | 355/22<br>ജലജീവൻ മിഷൻ ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം<br>മാട്ടൂൽ ഗ്രാമപഞ്ചായത്ത് | B6/1059 | 1388/21-03-2022 ₹10,00,000 വികസനഫണ്ട് | തുക ആർക്കാണ് അനുവദിച്ച തെന്ന വിവരം വ്യകതമല്ല.<br>TR59/Treasury Aknowledgement Receipt<br>പ്രവൃത്തി പൂർത്തീകരണ രേഖ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല |
| 3 | 356/22<br>ദുരിതാശ്വാസ കേമ്പുകളിൽ ഷെൽട്ടർ നിർമാണം | B6/2271 | 1552/06-03-2022 25,00,000 വികസനഫണ്ട് | തുക ആർക്കാണ് അനുവദിച്ച തെന്ന വിവരം വ്യകതമല്ല<br>TR59/Treasury Aknowledgement Receipt<br>പ്രവൃത്തി പൂർത്തീകരണ രേഖ, വിനിയോഗസാക്ഷ്യപത്രം എന്നിവ വ്യക്തമല്ല.<br>ദുരിതാശ്വാസ കേമ്പുകളിൽ ഷെൽട്ടർ നിർമാണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. |
| 4 | 416/22<br>ടർഫ് ഗ്രൗണ്ട് നിർമാണം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം<br>ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | B6/3904 | 578/06-12-2021 ₹8,67,086 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | തുക ആർക്കാണ് അനുവദിച്ച തെന്ന വിവരം വ്യകതമല്ല.<br>TR59/Treasury Aknowledgement Receipt<br>പ്രവൃത്തി പൂർത്തീകരണ രേഖ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>ടർഫ് ഗ്രൗണ്ട് നിർമാണം പൂർത്തിയാക്കിയിട്ടുണ്ടോ |

| | | | | |
|---|---|---|---|---|
| | | | | എന്ന് വ്യക്തമല്ല. |
| 5 | 421/22<br>ആധുനിക ശ്മശാന നിർമാണവും നവീകരണവും | B6/778 | 1208/14-03-2022 ₹10,00,000<br>1389/21-03-2022 ₹10,00,000<br>1558/26-03-2022 ₹2,00,000<br>ആകെ 22,00,000<br>വികസനഫണ്ട് | തുക ആർക്കാണ് അനുവദിച്ച തെന്ന വിവരം വ്യകതമല്ല<br>TR59/Treasury Aknowledgement Receipt<br>പ്രവൃത്തി പൂർത്തീകരണ രേഖ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>ആധുനിക ശ്മശാനം നിർമിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. |
| 6 | 988/22<br>കണ്ണാപ്പള്ളിപ്പൊയിൽ കുടിവെള്ള പദ്ധതി എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് | B6/1320 | 1800/31-03-2022 ₹45,00,000<br>ധനകാര്യ കമ്മിഷൻ ഗ്രാന്റ് | തുക ആർക്കാണ് അനുവദിച്ച തെന്ന വിവരം വ്യകതമല്ല<br>നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമല്ല..<br>TR59/Treasury Aknowledgement Receipt<br>പ്രവൃത്തി പൂർത്തീകരണ രേഖ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>കുടിവെള്ള പദ്ധതി പൂർത്തചിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. |
| 7 | 954/22<br>പാട്യം ജി.എച്ച്. എസ്. എസ് ന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | B5/2015 | 1154/06-03-2022 ₹40,612 തനത് ഫണ്ട്<br>തനത് ഫണ്ട് | തുക ആർക്കാണ് അനുവദിച്ച തെന്ന വിവരം വ്യകതമല്ല<br>കണക്ഷൻ ലഭ്യമായിട്ടുണ്ടോ<br>എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.<br>TR59/Treasury Aknowledgement Receipt<br>പ്രവൃത്തി പൂർത്തീകരണ രേഖ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>പാട്യം ജി.എച്ച്. എസ്. എസ് ന് വൈദ്യുതി കണക്ഷൻ |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. |
| 8 | 935/22<br>കളിസ്ഥലം വാങ്ങാൻ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായം | B5/3988 | 1438/23-03-2022 ₹30,00,000 വികസനഫണ്ട് | തുക ആർക്കാണ് അനുവദിച്ച തെന്ന വിവരം വ്യകതമല്ല<br>കളിസ്ഥലം നിർമിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.<br>TR59/Treasury Aknowledgement Receipt.പ്രവൃത്തി പൂർത്തീകരണ രേഖ എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>ബ്ലോക്ക് പഞ്ചായത്തുകൾ തൻ വർഷം തന്നെ ഈ തുക പൂർണമായി വിനിയോഗിച്ച് കളിസ്ഥലം വാങ്ങി സ്ഥലം റജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. |
| | ആകെ | | 1,54,18,402 | |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ (55/28-02-23) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹1,54,18,402 തടസ്സപ്പെടുത്തുന്നു. പട്ടികയിൽ പ്രതിപാദിച്ച രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള ചെലവുതുക വികസന ഫണ്ടിൽ നിന്നും പിൻവലിച്ചു. ₹17,885 സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണം | പ്രോജക്ട് ഓഫീസർ( ഐ. ടി. ഡി.പികണ്ണൂർ) |
| പ്രോജക്ടിന്റെ നമ്പർ പേര് | 854/22 പട്ടികവർഗ ഗ്രൂപ്പുകൾക്ക് ബാന്റ് വിതരണം |
| അടങ്കൽ- | ₹3,60,000 വികസനഫണ്ട് (ടി.എസ്.പി.) |
| ചെലവ്- | ₹3,57,750 |
| ബിൽനമ്പർ- | 21190152025901429234/23.03.2022 |

കണ്ണൂർജില്ലയിലെ പട്ടികവർഗഗ്രൂപ്പുകൾക്ക് ബാന്റ്സെറ്റ് വിതരണം ചെയ്യുന്നതിന് വേണ്ടി തയ്യാറാക്കിയ ഈ പ്രോജക്ട് പ്രകാരം സുവർണരാഗം മ്യൂസിക്കൽസ് , ന്യൂബസ്റ്റാന്റ് , കൽപറ്റ എന്ന സ്ഥാപനത്തിൽ നിന്നും ബാന്റ് സെറ്റുകൾ വാങ്ങി താഴെ പ്രതിപാദിക്കുന്ന ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

1.എന്റെ മാട്ടറ വാദ്യസംഘം,മാട്ടറ

2.യങ്ങ്സ്റ്റാർ സ്വയംസഹായസംഘം,ചെടിക്കുളം,ആറളം.

3.ചൈതന്യ നാസിക് ഡോൽ ,കയനി ഉളിക്കൽ

4.ദാരാവീസ് കലാഗ്രൂപ്പ്, പായം

5.സർവോദയ പുരുഷ സഹായസംഘം, പയ്യാവൂർ

ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃവിഹിതം ₹17,885 ജില്ലാപഞ്ചായത്തിലേക്ക് റസീറ്റ് നമ്പർ 122150100031/20.04.2022 പ്രകാരം അടവാക്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും ഗുണഭോക്തൃവിഹിതം കുറച്ചതുക (3,57,750-17,885=3,39,865) പിൻവലിക്കാതെ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും പിൻവലിച്ച് സുവർണരാഗം എന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്നു.ഇതുവഴി വികസനഫണ്ടിൽ നിന്നും ₹17,885 രൂപയുടെ അധികചെലവ്

വന്നിരിക്കുന്നു. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം (30/03-2-2023) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ₹17,885 സഞ്ചിതനിധിയിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 പട്ടികവർഗക്കാർക്കുള്ള പി.എസ്.സി പരിശീലനം-സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല-₹1,64,800 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണം | ഐ.ടി.ഡി പ്രോജക്ട് ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ പേര് | 970/22 പട്ടികവർഗക്കാർക്കുള്ള പി. എസ്. സി പരിശീലനം |
| അടങ്കൽ- | ₹2,00,000 വികസനഫണ്ട് (ടി.എസ്.പി.ഫണ്ട്) |
| ചെലവ്- | ₹2,00,000 |
| ബിൽനമ്പർ- | 211901520259013234126/03.03.2022 |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിപ്രകാരം പട്ടികവർഗ ഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷാപരിശീലനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജില്ലാഎംപ്ലോയ്മെന്റ് ഓഫീസറുടെ 10.02.2022 ലെ DEE/KNR/8192/2021-VII നമ്പർ കത്ത് പ്രകാരം സമർപ്പിച്ച രൂപരേഖയുടെ അടിസ്ഥാനത്തിൽ മട്ടന്നൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ ഇരിട്ടിനഗരസഭയിൽ വച്ച് പരിശീലനം നൽകുകയുണ്ടായി. ഇതിന് ആവശ്യമായ തുക മുകളിൽ പരാമർശിച്ച ബിൽ പ്രകാരം പിൻവലിച്ച് മട്ടന്നൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസറുടെ അക്കൗണ്ടിലേക്ക് നൽകുകയും ഇതിൻനിന്നും ₹1,84,145 ചെലവഴിക്കുകയും ബാക്കിതുക ₹15,855സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.ജി.ഒ.(പി)-177/2006 ധന. തീയ്യതി 12.4.2006 ലെ ഖണ്ഡിക 8-2 പ്രകാരം₹ 1000 ൽ കൂടുതലുള്ള ചെലവ് നിർവഹണം ബാങ്ക് മുഖേനയായിരിക്കണമെന്ന് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫാക്കൽറ്റികൾക്ക് പ്രതിഫലം നൽകിയതിൽ പ്രസ്തുത ഉത്തരവ് പാലിക്കാതെ തുക നേരിട്ട് നൽകുകയാണ് ചെയ്തത്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പേര് | തുക (₹) |
|---|---|
| നിധിൻ നങ്ങോത്ത് | 2,000 +2,000+2,000 |
| ദിലീപ് കുമാർ | 2,000 +2,000+2,000 |
| അനിൽ കുമാർ കെ | 2,000 +2,000+2,000+2,000 |
| അനില കെ | 2,000 +2,000+2,000+2,000 |
| പ്രശാന്ത്കുമാർ | 2,000 |
| അഡ്വ.ഹംസക്കുട്ടി | 2,000 |
| രാധാകൃഷ്ണൻ കെടി | 2,000 +2,000+2,000+2,000 |
| മേഘ | 2,000 |
| മുഹമ്മദ് അജ്മൽ | 2,000 |
| പി സുരേന്ദ്രൻ | 2,000 |
| പ്രിയ സികെ | 2,000 +2,000+2,000+2,000 |

| | |
|---|---|
| കനകവല്ലി | 2,000 |
| പത്മനാഭൻ കെ വി | 2,000 |
| റസീല എ പി | 4,000 |
| ഗംഗാധരൻ പി | 2,000 |
| രജിൽരാജ് | 2,000 |
| സിന്ധു നെട്ടൂർവീട്ടിൽ | 2,000 |
| ഗംഗാധരൻ പി | 2,000 |
| ദിലീപ് കുമാർ | 2,000 |
| രാധാകൃഷ്ണൻ കെ ടി | 2,000 |
| ആകെ | 74,000 |

2.പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി-ധനസഹായം അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ,തീയതി.14.02.2018 ലെ ഖണ്ഡിക 7.2.25ൽ കേരളത്തിലെ പട്ടികവർഗവിഭാഗത്തിലെ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചവർ മുതൽ ഉയർന്ന യോഗ്യതയുള്ള തൊഴിൽതൽപരർക്ക് അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതുവരെ പരിശീലനം നൽകുന്നതിനുവേണ്ടിയാണ് പദ്ധതി ആസൂത്രണം ചെയ്യാൻ നിർദേശിച്ചിരിക്കുന്നത്. എന്നാൽ 2022 ഫെബ്രുവരി,മെയ് മാസങ്ങളിലായി37 ദിവസം മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്. തൊഴിൽ ലഭിക്കുന്നതുവരെ തുടർപരിശീലനം നൽകാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല.പരിശീലനം ലഭിച്ചവരിൽ എത്രപേർക്ക് അനുയോജ്യമായ തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

3)പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി-ധനസഹായം അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ,തീയതി.14.02.2018 ലെ ഖണ്ഡിക നമ്പർ 8.5 ൽ തൊഴിൽപരിശീലനപരിപാടികൾ സംബന്ധിച്ച് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട്. ഇതിൽ പരിശീലനാർത്ഥികൾക്ക് യാത്രപ്പടി, സ്റ്റൈപ്പന്റ് എന്നിവ അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. സ്റ്റൈപ്പന്റ് നൽകിയതിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

| പേര് | തുക(₹) |
|---|---|
| പ്രവിത എൻ പി | 400 |
| അശ്വനി പി | 1400 |
| ബിപിന ബിപേഷ് | 3000 |
| അശ്വതി സി | 3000 |
| ബിൽന ബാലകൃഷ്ണൻ | 3000 |
| ദിൽഷ പി | 3000 |
| സ്മിത ഗോവിന്ദൻ | 2900 |
| അമൽ ചന്ദ്രൻ | 3200 |
| വിഷ്ണു എൻ ആർ | 3100 |
| ഗീതു എ | 3000 |

| | |
|---|---|
| ദിൽന പ്രകാശ് | 2700 |
| അരുണിമ രാമൻ | 2700 |
| മനീജ | 3000 |
| സജിഷ പി എസ് | 1300 |
| ഓമന കെ | 3100 |
| വിഷ്ണു ഗംഗ | 3300 |
| അഞ്ജു പി | 3000 |
| വിഷ്ണു ശശി | 500 |
| അനശ്രീ ചന്ദ്രൻ | 500 |
| കണ്ണൻ കെ എസ് | 800 |
| അഖില ഇ എസ് | 2700 |
| ശ്യാമിലി ടി എസ് | 100 |
| അനഭാമ കെ വി | 3300 |
| പ്രവീൺ എ കെ | 300 |
| അഭിജിത്ത് കെ | 3300 |
| രെഖില എം കെ | 400 |
| ജിഷ്ണു ബാബു | 2700 |
| സിന്ധു ഇ ആർ | 3300 |
| അജയ് പി ആർ | 3300 |
| മൃദുല എ | 2600 |
| അപർണ വി ആർ | 2800 |
| സജിത്ത് വി കെ | 100 |
| ഷാരോൺ വി | 3300 |
| ശുഭ ബാലകൃഷ്ണൻ | 2500 |
| വിഷ്ണു എ വി | 3200 |
| ആര്യ ജെ എൻ | 1900 |
| മനോജ് എൻ കെ | 3100 |
| ഇന്ദു എ | 100 |
| ദിൽന പി കെ | 2900 |
| സുഖില സി കെ | 100 |
| ദിൽന ഷിജിൽ | 100 |
| വിഷ്ണു എ വി | 200 |
| ഓമന കെ | 400 |
| അമൽ ചന്ദ്രൻ | 400 |
| അപർണ വി ആർ | 400 |
| സിന്ധു ഇ ആർ | 100 |
| അശ്വിനി പി | 100 |
| വിഷ്ണു എൻ ആർ | 200 |
| ആകെ | 90,800 |

മുകളിൽ പരാമർശിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്ന് നിർദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(32/03-2-2023)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ ചെലവഴിച്ച ₹1,64,800 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-40 പട്ടികവർഗവിഭാഗങ്ങൾക്കുവേണ്ടിയുള്ള പ്രോജക്ട് ലക്ഷ്യം കണ്ടില്ല.₹20,800സർക്കാർ ഫണ്ടിന് നേരിട്ടുള്ള നഷ്ടം-₹29,79,200 തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്- 853/22 പട്ടികവർഗ കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി

നിർവഹണം - ഐ.ടി.ഡി. പ്രോജക്ട് ഓഫീസർ,കണ്ണൂർ

അടങ്കൽ ₹30,00,000(ടി.എസ്.പി)

ചെലവ് ₹30,00,000

ബിൽ നമ്പർ-21190152025901055286/02.02.2022

കണ്ണൂർ ജില്ലാപഞ്ചായത്ത് ക്ഷേമകാര്യസ്റ്റാൻഡിംഗ്കമ്മിറ്റിയുടെ 20.10.2021-ലെ 35/2021 നമ്പർ തീരുമാനപ്രകാരം വിദൂരസ്ഥലങ്ങളിലുള്ള 107 പട്ടികവർഗകോളനികളിൽ കേബിൾ വഴി ഇന്റർനെറ്റ്സൗകര്യം ഒരുക്കുന്നതിന് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള ശുപാർശ 113/2021 തീയ്യതി 05.11.2021 ൽ ജില്ലാപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 'പ്രാദേശികഡിജിറ്റൽഇന്റർനെറ്റ്ആന്റ്കമ്മ്യൂണിക്കേഷൻലിമിറ്റഡ്' എന്ന സ്ഥാപനത്തിൽ നിന്നും താഴെ പ്രതിപാദിക്കുന്ന രീതിയിൽ ഇന്റർനെറ്റ് കണ്കഷൻ ലഭ്യമാക്കാൻ തീരുമാനിച്ചു.

| Sl.No. | Items | Numbers | Rate | Total(₹) |
|---|---|---|---|---|
| 1 | TotalOFC Cable | 245 Km | 10000/Km | 24,50,000 |
| 2 | Stay-14 (HI CARBON) | 245/Km | 5600/Km | 13,72,000 |
| 3 | GI Post | 100 | 1500 | 1,50,000 |
| 4 | Modem (Earth -1010) | 107 | 1600 | 1,71,200 |
| 5 | One Year Recharge Amount | 107 | 5898 | 6,31,086 |
| 6 | Cable Maintanance Charge | 245Km | 4000/Km/Year | 9,80,000 |
| | Total | | | 57,54,286 |
| | Discount Allowed | | | 27,54,286 |
| | Total After Discount | | | 30,00,000 |

സ്ഥാപനം 31.12.2021 തീയ്യതി PDIC/Gen/2021 നമ്പറായി നൽകിയ കത്തിൽ 107 കോളനികളിൽ പ്രവൃത്തി പൂർത്തീകരിച്ച് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ച ബിൽപ്രകാരം ₹30,00,000 അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് കാണിച്ചുകൊണ്ട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ(പേരാവൂർ,തളിപ്പറമ്പ്, ഇരിട്ടി)മാർക്ക് ഈ ഓഫീസിൽ നിന്നും അയച്ച 31.01.2023 ലെ കെഎസ്എ/കെ.എൻ.ആർ-ഡിപി/എ2-24/2023 കത്തിന് ലഭ്യമാക്കിയ മറുപടിയിൽ 6 കോളനികൾ ഒഴികെ മറ്റ് കോളനികളിൽ ഇപ്പോൾ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പട്ടികവർഗ കോളനി | പദ്ധതി പ്രകാരം ലഭിച്ച ഇന്റർനെറ്റ് കണക്ടിവിറ്റിനിലവിൽ കോളനിയിൽ ഉപയോഗപ്പെടുത്തുന്നതിന്റെ വിവരം | സ്ഥാപിച്ച കെട്ടിടത്തിന്റെ ഉടമസ്ഥൻ |
|---|---|---|---|---|
| 1 | നടുവിൽ | കൊട്ടച്ചോല | റീചാർജ് ചെയ്തിട്ടില്ല | |
| 2 | നടുവിൽ | മൈലംപെട്ടി | ട്രൈബൽഎക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 3 | നടുവിൽ | മൈക്കാട് | റീചാർജ് ചെയ്തിട്ടില്ല | പത്മിനി |

| | | | | |
|---|---|---|---|---|
| | | | | പ്രാൻ |
| 4 | നടുവിൽ | പാറമൊട്ട | ട്രൈബൽഎക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 5 | നടുവിൽ | കാരമരംതട്ട് | ട്രൈബൽഎക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 6 | നടുവിൽ | ആശാൻ കവല | റീചാർജ് ചെയ്തിട്ടില്ല | രാജേഷ് ചപ്പിലി |
| 7 | നടുവിൽ | പതിമൂണ്ട | റീചാർജ് ചെയ്തിട്ടില്ല | |
| 8 | നടുവിൽ | മാവിൻചാൽ | നെറ്റ് കണക്ഷൻ ഇല്ല | |
| 9 | നടുവിൽ | കോട്ടയംതട്ട് | ട്രൈബൽഎക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 10 | ഉദയഗിരി | തലതാന്നി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 11 | ഉദയഗിരി | ആനക്കുഴി | റീചാർജ് ചെയ്തിട്ടില്ല | |
| 12 | ഉദയഗിരി | മുണ്ടേരിത്തട്ട് | നെറ്റ് കണക്ഷൻ ഇല്ല | |
| 13 | ഉദയഗിരി | പെരുമുണ്ട | റീചാർജ് ചെയ്തിട്ടില്ല | |
| 14 | ഉദയഗിരി | അപ്പർചീക്കാട് | റീചാർജ് ചെയ്തിട്ടില്ല | |
| 15 | ചെറുപുഴ | ഇയ്യംകല്ല് | ട്രൈബൽഎക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 16 | ചെറുപുഴ | കാനാംവയൽ | നെറ്റ് കണക്ഷൻ ഇല്ല | |
| 17 | ചെറുപുഴ | കുറിച്യകുന്ന് | നെറ്റ് കണക്ഷൻ ഇല്ല | |
| 18 | ചെറുപുഴ | കുണ്ടേരി | റീചാർജ് ചെയ്തിട്ടില്ല | |
| 19 | ചെറുപുഴ | രാജഗിരി | നെറ്റ് കണക്ഷൻ ഇല്ല | |
| 20 | ചെറുപുഴ | കുന്നിയംകല്ല് | നെറ്റ് കണക്ഷൻ ഇല്ല | |
| 21 | ചെറുപുഴ | വായവളപ്പിൻ കോളനി | ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 22 | ചെറുപുഴ | ആനക്കല്ല് തിരുമേനി | ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 23 | ചെറുപുഴ | പാടി തിരുമേനി | ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 24 | ചെറുപുഴ | പട്ടത്ത് വയൽ | റീചാർജ് ചെയ്തിട്ടില്ല | ശ്രീധരൻ കാണിക്കാരൻ |
| 25 | ആലക്കോട് | പെരുവട്ടം | റീചാർജ് ചെയ്തിട്ടില്ല | ശ്രീനിവാസൻ പള്ളത്ത് |
| 26 | ആലക്കോട് | പെരുമുണ്ട | റീചാർജ് ചെയ്തിട്ടില്ല | മധു കെ കെ |
| 27 | ആലക്കോട് | കാവുംകുടി | റീചാർജ് ചെയ്തിട്ടില്ല | ഷീബ കണ്ണ |
| 28 | ശ്രീകണ്ഠാപുരം | ഞാണ്ണമല | റീചാർജ് ചെയ്തിട്ടില്ല | |
| 29 | ശ്രീകണ്ഠാപുരം | ചെട്ടിയാൽ | റീചാർജ് ചെയ്തിട്ടില്ല | |
| 30 | ശ്രീകണ്ഠാപുരം | കമ്പലരി | റീചാർജ് ചെയ്തിട്ടില്ല | |
| 31 | ശ്രീകണ്ഠാപുരം | ചാണോക്കുണ്ട് | ട്രൈബല്എക്സ്റ്റൻഷൻ ഓഫീസർ വിവരം | |

| | | | | |
|---|---|---|---|---|
| | | | ലഭ്യമാക്കിയിട്ടില്ല | |
| 32 | ശ്രീകണ്ഠാപുരം | വാതിൽമട | ട്രൈബൽ എക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 33 | ശ്രീകണ്ഠാപുരം | ആനയടി | ട്രൈബൽ എക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 34 | ശ്രീകണ്ഠാപുരം | കുട്ടിമാവ് | ട്രൈബൽ എക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 35 | ശ്രീകണ്ഠാപുരം | പാലയോട് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 36 | ശ്രീകണ്ഠാപുരം | ചിറ്റാരി | ട്രൈബൽ എക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 37 | ഏരുവേശ്ശി | മാങ്കുളം | ട്രൈബല്എക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 38 | ഏരുവേശ്ശി | അരീക്കാമല | ട്രൈബൽ എക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 39 | പടിയൂർകല്യാട് | ചടച്ചികുണ്ടം | ട്രൈബൽ എക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 40 | ഉളിക്കൽ | മുണ്ടാന്നൂർ | ട്രൈബല്എക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 41 | ഉളിക്കൽ | പുറവയൽ | ട്രൈബൽഎക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 42 | ഉളിക്കൽ | കൊരേങ്ങ | ട്രൈബല്എക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 43 | അയ്യൻകുന്ന് | ഉപ്പുംകുറ്റി | ട്രൈബൽഎക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 44 | അയ്യൻകുന്ന് | എടപ്പുഴ | ട്രൈബൽഎക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 45 | അയ്യൻകുന്ന് | ഈന്തുങ്കരി | ട്രൈബൽഎക്സ്റ്റൻഷൻ ഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |

2)പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പട്ടികവർഗ കോളനി | പദ്ധതി പ്രകാരംലഭിച്ച ഇന്റർനെറ്റ് കണക്ടിവിറ്റി നിലവിൽ കോളനിയിൽ | സ്ഥാപിച്ച കെട്ടിടത്തിന്റെ ഉടമസ്ഥൻ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉപയോഗപ്പെടുത്തുന്നതിന്റെ വിവരം | |
| 1 | കൊട്ടിയൂർ | കുനാം പള്ള | ഉപയോഗപ്പെടുത്തുന്നുണ്ട് | |
| 2 | കൊട്ടിയൂർ | ഇടമന | റീചാർജ് ചെയ്തിട്ടില്ല | ഷീബ ഇടമന |
| 3 | കൊട്ടിയൂർ | നെല്ലിയോടി | റീചാർജ് ചെയ്തിട്ടില്ല | |
| 4 | കൊട്ടിയൂർ | മാടത്തുംകാവ് | ഉപയോഗപ്പെടുത്തുന്നുണ്ട് | സുധ വേണു |
| 5 | കൊട്ടിയൂർ | വെങ്ങലോടി | ഉപയോഗപ്പെടുത്തുന്നുണ്ട് | |
| 6 | കൊട്ടിയൂർ | മേലെമന്ദംചേരി | ഉപയോഗപ്പെടുത്തുന്നുണ്ട് | |
| 7 | കണിച്ചാർ | ഓടപ്പുഴ താഴെ | പ്രവർത്തനരഹിതം | സുമി സനൽ |
| 8 | കണിച്ചാർ | ഓടപ്പുഴ മേലെ | പ്രവർത്തനരഹിതം | അംബിക ശ്രീധരൻ |
| 9 | കണിച്ചാർ | ഓടപ്പുഴ കുറിച്യ | റീചാർജ് ചെയ്തിട്ടില്ല | രമേശൻ വി സി |
| 10 | കണിച്ചാർ | പടിഞ്ഞാറെ വെള്ളൂന്നി | ഉപയോഗപ്പെടുത്തുന്നുണ്ട് | |
| 11 | കണിച്ചാർ | ചെങ്ങോം | റീചാർജ് ചെയ്തിട്ടില്ല | |
| 12 | കണിച്ചാർ | അണുങ്ങോട് ലക്ഷം വീട് | റീചാർജ് ചെയ്തിട്ടില്ല | |
| 13 | കണിച്ചാർ | അണുങ്ങോട് പന്തപ്ലാക്കൽ | ഉപയോഗപ്പെടുത്തുന്നുണ്ട് | |
| 14 | കണിച്ചാർ | ആറ്റംചേരി | റീചാർജ് ചെയ്തിട്ടില്ല | |
| 15 | കണിച്ചാർ | വെള്ളറ | റീചാർജ് ചെയ്തിട്ടില്ല | |
| 16 | കണിച്ചാർ | കാടൻ മല | റീചാർജ് ചെയ്തിട്ടില്ല | |
| 17 | കണിച്ചാർ | താഴെ വെള്ളറ | റീചാർജ് ചെയ്തിട്ടില്ല | |
| 18 | കണിച്ചാർ | വെള്ളറ മിച്ചഭൂമി | റീചാർജ് ചെയ്തിട്ടില്ല | |
| 19 | കണിച്ചാർ | ഏലപ്പീടിക | റീചാർജ് ചെയ്തിട്ടില്ല | ബിജു പാൽമി |
| 20 | കേളകം | വളയംചാൽ പണിയകോളനി | റീചാർജ് ചെയ്തിട്ടില്ല | |
| 21 | കേളകം | വളയംചാൽ കുറിച്യകോളനി | റീചാർജ് ചെയ്തിട്ടില്ല | മനോഹരൻമനാടി |
| 22 | കേളകം | പൂക്കുണ്ട്കോളനി | റീചാർജ് ചെയ്തിട്ടില്ല | |
| 23 | കേളകം | നരിക്കടവ് | റീചാർജ് ചെയ്തിട്ടില്ല | |
| 24 | കേളകം | മുട്ടുമാറ്റി | റീചാർജ് ചെയ്തിട്ടില്ല | ലക്ഷ്മി രമേശൻ |
| 25 | കേളകം | ഇല്ലിമുക്ക് | റീചാർജ് ചെയ്തിട്ടില്ല | പ്രദീപൻ എടാൻ |
| 26 | കേളകം | രാമച്ചി പണിയ | റീചാർജ് ചെയ്തിട്ടില്ല | |
| 27 | കേളകം | രാമച്ചി കുറിച്യ | റീചാർജ് ചെയ്തിട്ടില്ല | സജീവൻ പാലുമി |
| 28 | കേളകം | താഴെ കണ്ടംതോട് | റീചാർജ് ചെയ്തിട്ടില്ല | സിന്ധു സന്ദീപ് |
| 29 | കേളകം | മേലെ കണ്ടംതോട് | റീചാർജ് ചെയ്തിട്ടില്ല | ഗീത ചന്തു |
| 30 | മുഴക്കുന്ന് | നെല്ല്യാട് | മോഡം സ്ഥാപിച്ചിട്ടില്ല | |
| 31 | മുഴക്കുന്ന് | കുടലാട് | മോഡംസ്ഥാപിച്ചിട്ടില്ല | |
| 32 | മുഴക്കുന്ന് | അങ്ങാടിച്ചാൽ | റീചാർജ് ചെയ്തിട്ടില്ല | സുധ അങ്ങാടിച്ചാൽ |
| 33 | മുഴക്കുന്ന് | പുലിമുണ്ട | റീചാർജ് ചെയ്തിട്ടില്ല | രാജു പികെ |
| 34 | മുഴക്കുന്ന് | എടപ്പാടിക്കുന്ന് | മോഡംസ്ഥാപിച്ചിട്ടില്ല | ഷീബ കെ വി |

| | | | | |
|---|---|---|---|---|
| 35 | മുഴക്കുന്ന് | കിളച്ചാക്ക് | മോഡംസ്ഥാപിച്ചിട്ടില്ല | |
| 36 | മുഴക്കുന്ന് | കല്ലേരിമല | റീചാർജ് ചെയ്തിട്ടില്ല | ഓമന ഗോപാലൻ |
| 37 | കോളയാട് | പറക്കാട് | റീചാർജ് ചെയ്തിട്ടില്ല | |
| 38 | കോളയാട് | ലക്ഷംവീട് കോളനി | മോഡംസ്ഥാപിച്ചിട്ടില്ല | |
| 39 | കോളയാട് | വയലുങ്കര കോളനി | മോഡംസ്ഥാപിച്ചിട്ടില്ല | |
| 40 | കോളയാട് | മിച്ചഭൂമി കോളനി | മോഡംസ്ഥാപിച്ചിട്ടില്ല | |
| 41 | കോളയാട് | ചാലക്കൽ കോളനി | മോഡംസ്ഥാപിച്ചിട്ടില്ല | |
| 42 | കോളയാട് | ഐെരാണിക്കുണ്ട് | റീചാർജ് ചെയ്തിട്ടില്ല | വിൻസി ടി |
| 43 | പാട്യം | കടവിൽ | റീചാർജ് ചെയ്തിട്ടില്ല | ചന്ദ്രി കടവിൽ |
| 44 | തൃപ്രങ്ങോട്ടൂർ | നരിക്കോട് മല | മോഡംസ്ഥാപിച്ചിട്ടില്ല | |
| 45 | കോളയാട് | ചെക്കിയേരി | റീചാർജ് ചെയ്തിട്ടില്ല | |
| 46 | കോളയാട് | പൂളക്കുണ്ട് | റീചാർജ് ചെയ്തിട്ടില്ല | സിന്ധു പി സി |
| 47 | കോളയാട് | കരോത്ത് കോളനി | റീചാർജ് ചെയ്തിട്ടില്ല | കമലം കരോത്ത് |
| 48 | കോളയാട് | കോഴിമൂല | മോഡംസ്ഥാപിച്ചിട്ടില്ല | |
| 49 | കോളയാട് | വള്ളിയോടി | മോഡംസ്ഥാപിച്ചിട്ടില്ല | |
| 50 | കോളയാട് | മേനച്ചോടി | മോഡംസ്ഥാപിച്ചിട്ടില്ല | |
| 51 | കോളയാട് | പാടിപ്പറമ്പ | റീചാർജ് ചെയ്തിട്ടില്ല | |
| 52 | കോളയാട് | മണ്ഡപം | റീചാർജ് ചെയ്തിട്ടില്ല | |
| 53 | പാട്യം | അറയ്ക്കൽ | മോഡംസ്ഥാപിച്ചിട്ടില്ല | |
| 54 | പാട്യം | കണ്ണവം | റീചാർജ് ചെയ്തിട്ടില്ല | |

3)ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പട്ടികവർഗ കോളനി | പദ്ധതി പ്രകാരം ലഭിച്ച ഇന്റർനെറ്റ്കണക്റ്റിവിറ്റി നിലവിൽ കോളനിയിൽലഭ്യമാണോ/ ഉപയോഗപ്പെടുത്തുന്നുണ്ടോ | സ്ഥാപിച്ച കെട്ടിടത്തിന്റെ ഉടമസ്ഥൻ |
|---|---|---|---|---|
| 1 | ആറളം | ആറളം ബ്ലോക്ക്-7 | നിലവിൽ പ്രവർത്തനരഹിതമാണ് | |
| 2 | ആറളം | ആറളം ബ്ലോക്ക്-9 | നിലവിൽ പ്രവർത്തനരഹിതമാണ് | |
| 3 | ആറളം | ആറളം ബ്ലോക്ക്-10 | നിലവിൽ പ്രവർത്തനരഹിതമാണ് | |
| 4 | ആറളം | ആറളം ബ്ലോക്ക്-11 | ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 5 | ആറളം | ആറളം ബ്ലോക്ക്-12 | ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 6 | ആറളം | ആറളം ബ്ലോക്ക്-13 | ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ വിവരം ലഭ്യമാക്കിയിട്ടില്ല | |
| 7 | ആറളം | വിയറ്റ്നാം | കണക്റ്റിവിറ്റി ലഭ്യമല്ല | |
| 8 | ആറളം | നവജീവൻ | കണക്റ്റിവിറ്റി ലഭ്യമല്ല | |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) 107 പട്ടികവർഗ കോളനികളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടതെങ്കിലും ആകെ 6എണ്ണത്തിൽ മാത്രമേ നിലവിൽ കണക്ഷൻ ലഭ്യമാകുന്നുള്ളൂ. ആയതിനാൽ ഈ പ്രോജക്ട് ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ല.
2) 13 കോളനികളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭിക്കുന്നതിനുള്ള മോഡം പോലും സ്ഥാപിക്കാതെയാണ് സ്ഥാപനത്തിന് തുക അനുവദിച്ചിരിക്കുന്നത്.
3) ഒരു കിലോമീറ്ററിന് 10,000 രൂപ നിരക്കിൽ 245 കിലോമീറ്റർ ദൂരം(₹24,50,000-ഇരുപത്തിനാല് ലക്ഷത്തിഅമ്പതിനായിരം) ഈ പദ്ധതി പ്രകാരം ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കേബിൾ ജില്ലാപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ പ്രസ്തുത കേബിൾ ഉപയോഗക്ഷമമാണോ എന്നും വ്യക്തമല്ല.
4) ഒരു കിലോമീറ്ററിന് 5,600 രൂപ നിരക്കിൽ 245 കിലോമീറ്റർ ദൂരം (₹13,72,000 പതിമൂന്ന് ലക്ഷത്തി എഴുപത്തിരണ്ടായിരം) ഈ പദ്ധതി പ്രകാരം STAY-14(HI-CARBON) സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇത് ജില്ലാപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ഇത് ഉപയോഗക്ഷമമാണോ എന്നും വ്യക്തമല്ല.

5) 1,500 രൂപ നിരക്കിൽ 100 എണ്ണം G I Post കൾ(₹1,50,000 ഒരുലക്ഷത്തി അൻപതിനായിരം) സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവ ജില്ലാപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവയുടെ നിലവിലെ അവസ്ഥയും വ്യക്തമല്ല.

6) 1,600രൂപ നിരക്കിൽ 94 മോഡം (സ്ഥാപിക്കാത്ത 13 എണ്ണം കുറച്ച്) സ്ഥാപിച്ചിട്ടുണ്ട്. (ആകെ-₹1,50,400) ഇവയിൽ 5എണ്ണം മാത്രമാണ് നിലവിൽ ഉപയോഗപ്രദമായിട്ടുള്ളതെന്നാണ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ വ്യക്തമാക്കിയിട്ടുള്ളത്.

7)പ്രാദേശികഡിജിറ്റൽഇന്റർനെറ്റ്ആന്റ്കമ്മ്യൂണിക്കേഷൻലിമിറ്റഡ് എന്ന സ്ഥാപനം 31.12.2021 തീയ്യതിയിൽ ലഭ്യമാക്കിയ PDIC/GEN/2021 എന്ന ഇൻവോയ്സിൽ ഉൾപ്പെട്ട മുഴുവൻ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ/ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

8) പ്രാദേശിക ഡിജിറ്റൽ ഇന്റർനെറ്റ് ആന്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം 31.12.2021 തീയ്യതിയിൽ ലഭ്യമാക്കിയ PDIC/GEN/2021 എന്ന ഇൻവോയ്സിൽ 107 കോളനികളിലും മോഡം സ്ഥാപിച്ചതായി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. എന്നാൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ടിൽ താഴെ പ്രതിപാദിക്കുന്ന കോളനികളിൽ മോഡം സ്ഥാപിച്ചിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ഇതിൽ നിന്നും ഉപകരണങ്ങൾ മുഴുവനും സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമായിരിക്കുന്നു.

| ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് | കോളനി |
|---|---|---|
| പേരാവൂർ | കേളകം | നെല്ല്യാട് |
| പേരാവൂർ | കേളകം | കുടലാട് |
| പേരാവൂർ | മുഴക്കുന്ന് | എടപ്പാടികുന്ന് |
| പേരാവൂർ | മുഴക്കുന്ന് | കിളച്ചാക്ക് |
| പേരാവൂർ | കോളയാട് | ലക്ഷംവീട് കോളനി |
| പേരാവൂർ | കോളയാട് | വയലുങ്കര കോളനി |
| പേരാവൂർ | കോളയാട് | മിച്ചഭൂമി |
| പേരാവൂർ | കോളയാട് | ചാലക്കൽ |
| പേരാവൂർ | തൃപ്രങ്ങോട്ടൂർ | നരിക്കോട്മല |
| പേരാവൂർ | കോളയാട് | കോഴിമൂല |
| പേരാവൂർ | കോളയാട് | വള്ളിയോടി |
| പേരാവൂർ | കോളയാട് | മേനച്ചോടി |
| പേരാവൂർ | പാട്യം | അറയ്ക്കൽ |

സ്ഥാപിക്കാത്ത 13 മോഡത്തിന് പണം നൽകുക വഴി ₹20,800സർക്കാർ ഫണ്ടിന് നേരിട്ടുള്ള നഷ്ടം സംഭവിച്ചിരിക്കുന്നു.

9)സർക്കാർ സ്ഥാപനങ്ങളിലല്ലാതെ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും കണക്ഷൻ സ്ഥാപിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപിച്ച ഉപകരണങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല.

പട്ടികവർഗവിഭാഗത്തിൻെറ സാമൂഹികഉന്നമനത്തിനുവേണ്ടിയും, ഗോത്രവിഭാഗവിദ്യാർത്ഥികൾക്കും അഭ്യസ്തവിദ്യർക്കും,

നഗരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികസൗകര്യങ്ങളുടെ ചെറിയശതമാനമെങ്കിലും ലഭ്യമാക്കാൻ ഈ പ്രോജക്ട് ഫലപ്രദമായി നടപ്പാക്കിയിരുന്നെങ്കിൽ സാധിക്കുമായിരുന്നു. ഗോത്രവിഭാഗജനങ്ങൾക്ക് വേണ്ടി സർക്കാർ വകയിരുത്തുന്ന തുക ലക്ഷ്യം കാണാത്തതിന്റെ ഉത്തമോദാഹരണമായി ഈ പ്രോജക്ടിനെ വിലയിരുത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം ആകെ ₹57,54,286 (അൻപത്തിഏഴുലക്ഷത്തി അൻപത്തിനാലായിരത്തി ഇരുന്നൂറ്റി എൺപത്തിആറുരൂപ) യുടെ (27 ലക്ഷത്തിന്റെ ഡിസ്കൗണ്ട് കുറയ്ക്കാതെയുള്ളത്) ആസ്തി ജില്ലാപഞ്ചായത്തിന് കൈവരേണ്ടതാണ്. എന്നാൽ ഇത് ജില്ലാപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(47/15-02-2023)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.സ്ഥാപിക്കാത്ത 13 മോഡത്തിന് പണം നൽകുക വഴി സർക്കാർ ഫണ്ടിന് നേരിട്ടുള്ള നഷ്ടം സംഭവിച്ച ₹20,800 (ഇരുപതിനായിരത്തി എണ്ണൂറ് രൂപ) പ്രാദേശിക ഡിജിറ്റൽ ഇന്റർനെറ്റ് ആന്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്ന് ഈടാക്കി ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥൻ (ഉപകരണങ്ങൾ മുഴുവനും സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാതെ തുക അനുവദിച്ച ഐ.ടി.ഡി പ്രോജക്ട് ഓഫീസർ) സർക്കാർഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. ബാക്കിയുള്ള ₹29,79,200 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. ജില്ലാപഞ്ചായത്തധികൃതർ ആവശ്യമായ തുടർനടപടികൾ അടിയന്തിരമായി സ്വീകരിച്ച് 107 കോളനികളിലെയും ഇന്റർനെറ്റ് കണക്ഷൻ പുനസ്ഥാപിക്കേണ്ടതും, ഗോത്രവിഭാഗങ്ങളുടെ ഉന്നമനമെന്ന ലക്ഷ്യം കൈവരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-41 ജില്ലാസാമൂഹ്യക്ഷേമഓഫീസർ ചെലവു രേഖകൾ ഹാജരാക്കിയില്ല- ₹2,88,83,857 തടസ്സപ്പെടുത്തുന്നു.

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, കണ്ണൂർ 2021-22 ൽ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 34/22 ബഡ്സ് സ്കൂളുകൾക്ക് ധനസഹായം |
| അടങ്കൽ- | ₹3679486 വികസനഫണ്ട് (ജനറൽ) |
| ചെലവ്- | ₹3679486 (സുലേഖ ചെലവുപത്രിക പ്രകാരം) |
| ബിൽ നമ്പർ തീയതി തുക | 21190152022401223861/28.02.2022 ₹19,00,000<br>21190152022400986818/21.01.2022 ₹2,03,971 |

1) 2021-22 വർഷത്തെ സുലേഖ ചെലവു പത്രിക പ്രകാരം ആകെ ₹36,79,486 ചെലവുണ്ട്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ മുകളിൽ പരാമർശിച്ച ബില്ലുകൾ പ്രകാരമുള്ള ₹21,03,971 രൂപ അനുവദിച്ചതിന്റെ രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ധനസഹായം അനുവദിച്ച തുകയ്ക്ക് ആധാരമായ മുഴുവൻ രേഖകളും ലഭ്യമാക്കിയിട്ടില്ല.

2) കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിന് അനുവദിച്ച 14 ലക്ഷം രൂപയിൽ ₹3,63,000 മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത് (കത്ത്നമ്പർ-സിഎ6786/2022 തീ.22.11.2022). ബാക്കി തുക 10,37,000 ട്രഷറിയിൽ നിന്നും സർക്കാർ ഫണ്ടിലേക്ക് പിൻവലിക്കപ്പെട്ടിട്ടുണ്ട് എന്നാണ് അറിയിച്ചത്. Redemption തുക തൊട്ടടുത്ത സാമ്പത്തികവർഷം തിരികെ ലഭിച്ചിട്ടുണ്ടോയെന്നും ചെലവഴിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കിയിട്ടില്ല. റിഡംപ്ഷൻ സംബന്ധിച്ച രേഖകളും ലഭ്യമാക്കിയിട്ടില്ല.

3) രാമന്തളി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 5,00,000രൂപയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നത് വ്യക്തമാക്കിയിട്ടില്ല.

4) എരഞ്ഞോളി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 2,03,971രൂപയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നത് വ്യക്തമാക്കിയിട്ടില്ല.

5) സുലേഖ ചെലവുപത്രികയിൽ പ്രതിപാദിച്ച മുഴുവൻ തുകയും അനുവദിച്ചതിന്റെയും അവയുടെ വിനിയോഗവിവരവും ലഭ്യമാക്കേണ്ടതാണ്.ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ ₹15,75,515 യും റിഡംപ്ഷൻ രേഖകളുടെ അഭാവത്തിൽ 1037000 രൂപയും ഉൾപ്പെടെ ₹2612515 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)പ്രോജക്ട്- 772/22 ശാരീരിക-മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (സ്പിൽഓവർ)

അടങ്കൽ-₹85,00,000 (വികസനഫണ്ട്)

ചെലവ്-₹83,28,890

സുലേഖ ചെലവുപത്രിക പ്രകാരം ₹83,28,890 ചെലവുണ്ട്.എന്നാൽ ഈ തുക ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് നൽകിയതെന്നും അവയുടെ വിനിയോഗവിവരവും വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കേണ്ടതാണ്.ചെലവുരേഖകളുടെ അഭാവത്തിൽ ₹83,28,890 തടസ്സപ്പെടുത്തുന്നു.

3)പ്രോജക്ട്-32/22 ശാരീരിക-മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

ഈ പ്രൊജക്ടിൽ, താഴെ പ്രതിപാദിക്കും പ്രകാരം ₹2,38,36,300 അനുവദിച്ചിട്ടുണ്ട്. ചുവടെ പട്ടികയിൽ കാണിച്ചപ്രകാരമുള്ള 19 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി 67,55,995 രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 1,70,80,305 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.സുലേഖ ചെലവുപത്രികപ്രകാരം വികസനഫണ്ടിൽ നിന്നും ₹2,39,85,000 ചെലവുണ്ട്. എന്നാൽ ₹2,38,36,300ന്റെ രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ.ബാക്കിയുള്ള 1,48,700 രൂപയുടെ ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയ്യതി | ബിൽ തുക | ഗ്രാമ പഞ്ചായത്ത് | തുക(₹) | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|---|
| 1 | 21190152022400779325/ 14.12.2021 | 40,75,975 | നാറാത്ത് | 3,37,500 | |
| | | | ചെറുപുഴ | 4,62,500 | |
| | | | ഉദയഗിരി | 1,90,850 | 1,90,850 |
| | | | കരിവെള്ളൂർ പെരളം | 3,75,000 | |
| | | | മൊകേരി | 2,00,000 | |
| | | | ന്യൂമാഹി | 1,62,500 | |
| | | | പെരളശ്ശേരി | 4,00,000 | |
| | | | പരിയാരം | 5,00,000 | 5,00,000 |
| | | | മാട്ടൂൽ | 3,72,625 | |
| | | | കതിരൂർ | 3,00,000 | |
| | | | കുടാളി | 3,75,000 | 3,75,000 |
| | | | കുറുമാത്തൂർ | 4,00,000 | |
| 2 | 21190115202240080098/ 16.12.2021 | 25,12,200 | കണ്ണപുരം | 2,25,000 | |
| | | | വളപട്ടണം | 1,50,000 | |

| | | | | | |
|---|---|---|---|---|---|
| | | | പേരാവൂർ | 2,50,000 | |
| | | | പട്ടുവം | 2,37,200 | 237200 |
| | | | കുന്നോത്തു പറമ്പ് | 4,00,000 | 400000 |
| | | | കോട്ടയം | 2,75,000 | |
| | | | പടിയൂർ കല്യാട് | 2,00,000 | 200000 |
| | | | രാമന്തളി | 4,25,000 | 425000 |
| | | | ധർമടം | 3,50,000 | |
| 4 | 21190152022400801014/ 17.12.2021 | 18,46,875 | പന്ന്യന്നൂർ | 2,00,000 | |
| | | | വേങ്ങാട് | 4,71,875 | |
| | | | കടമ്പൂർ | 4,00,000 | |
| | | | ഇരിക്കൂർ | 2,50,000 | |
| | | | പാപ്പിനിശ്ശേരി | 5,25,000 | |
| 5 | 21190152022400864801/ 29.12.2021 | 22,32,650 | ചപ്പാരപ്പടവ് | 3,00,000 | |
| | | | മുഴക്കുന്ന് | 2,00,000 | |
| | | | കൊട്ടിയൂർ | 3,00,000 | |
| | | | അഴീക്കോട് | 5,07,650 | 5,07,650 |
| | | | എരമംകുറ്റൂർ | 4,25,000 | |
| | | | കൊളച്ചേരി | 5,00,000 | |
| 6 | 21190152022400905777/ 06.01.2022 | 23,34,920 | മുഴപ്പിലങ്ങാട് | 4,00,000 | |
| | | | ചെറുതാഴം | 6,00,000 | |
| | | | പാട്യം | 3,50,000 | |
| | | | പെരിങ്ങോം വയക്കര | 3,38,800 | |
| | | | എരഞ്ഞോളി | 2,46,120 | 2,46,120 |
| | | | തൃപ്രങ്ങോട്ടൂർ | 4,00,000 | |
| 7 | 21190152022400873526/ 31.12.2021 | 24,37,500 | കോളയാട് | 1,50,000 | 1,50,000 |
| | | | ചെറുകുന്ന് | 2,37,500 | |
| | | | കടന്നള്ളി പാണപ്പുഴ | 3,00,000 | 3,00,000 |
| | | | മാങ്ങാട്ടിടം | 4,50,000 | 4,50,000 |
| | | | നടുവിൽ | 4,00,000 | |
| | | | കാങ്കോൽ | 2,00,000 | 1,61,500 |
| | | | കുഞ്ഞിമംഗലം | 3,37,500 | |
| | | | കീഴല്ലൂർ | 1,50,000 | |
| | | | മാലൂർ | 2,12,500 | |
| 8 | 21190152022401100817/ 10.02.2022 | 29,01,250 | മാടായി | 7,15,625 | 7,15,625 |

| | | | | | |
|---|---|---|---|---|---|
| | | | കുറ്റ്യാട്ടൂർ | 4,00,000 | 4,00,000 |
| | | | അഞ്ചരക്കണ്ടി | 3,00,000 | |
| | | | മയ്യിൽ | 5,78,125 | 5,78,125 |
| | | | പിണറായി | 3,75,000 | |
| | | | കേളകം | 3,20,000 | |
| | | | മാലൂർ | 2,12,500 | |
| 9 | 21190152022400905788/ 06.01.2022 | 16,25,000 | ഏഴോം | 3,50,000 | |
| | | | മുണ്ടേരി | 4,00,000 | |
| | | | ചിറക്കൽ | 5,00,000 | |
| | | | കല്യാശ്ശേരി | 3,75,000 | 3,43,925 |
| 10 | 21190152022401168217/ 12.02.2022 | 3,59,930 | ഉളിക്കൽ | 3,59,930 | |
| 11 | 21190152022400937381/ 12.01.2022 | 11,25,000 | ആലക്കോട് | 3,75,000 | |
| | | | ചൊക്ലി | 4,00,000 | |
| | | | ആറളം | 3,50,000 | 3,50,000 |
| 12 | 21190152022400981649/ 20.01.2022 | 14,00,000 | പയ്യാവൂർ | 3,50,000 | |
| | | | ചെങ്ങളായി | 3,50,000 | |
| | | | അയ്യൻകുന്ന് | 3,25,000 | |
| | | | പായം | 3,75,000 | |
| 13 | 21190152022401353347/ 16.03.2022 | 9,85,000 | പേരാവൂർ | 1,50,000 | |
| | | | തില്ലങ്കേരി | 2,25,000 | 2,25,000 |
| | | | മലപ്പട്ടം | 60,000 | |
| | | | ചെമ്പിലോട് | 5,50,000 | |
| | | | | | |
| | ആകെ | 2,38,36,300 | | 2,38,36,300 | 6755995 |

രേഖകൾ ലഭ്യമാക്കാൻ ബാക്കിയുള്ള ₹148700 യും, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത (23836300-6755995)₹17080305 ഉൾപ്പെടെ ₹1,72,29,005 തടസ്സപ്പെടുത്തുന്നു.

4)പ്രോജക്ട് -521/22 -ട്രാൻസ് ജന്റേഴ്സിന് കലാപരിശീലനം

അടങ്കൽ ₹3,50,000 (വികസനഫണ്ട്)

ചെലവ് ₹2,19,610 (സുലേഖ ചെലവുപത്രികപ്രകാരം)

ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.ചെലവുരേഖകളുടെ അഭാവത്തിൽ ₹2,19,610 തടസ്സപ്പെടുത്തുന്നു.

5)പ്രോജക്ട് -848/22- നെല്ലിയോട് പകൽ വിശ്രമകേന്ദ്രം നിർമാണം-കൊട്ടിയൂർഗ്രാമപഞ്ചായത്തിന് ധനസഹായം

അടങ്കൽ ₹5,00,000 (വികസനഫണ്ട്)

ചെലവ് ₹4,93,837(സുലേഖ ചെലവുപത്രികപ്രകാരം)

ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്. ചെലവുരേഖകളുടെ അഭാവത്തിൽ ₹4,93,837 തടസ്സപ്പെടുത്തുന്നു.

മേൽക്കാര്യങ്ങളുമായി ബന്ധപ്പെട്ട് ജില്ലാസാമൂഹ്യക്ഷേമഓഫീസർക്ക് നൽകിയ ഓഡിറ്റ്അന്വേഷണ(നമ്പർ-56/28-2-2023)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ, മേൽപരാമർശിച്ച

പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് ₹2,88,83857 (2612515+83,28,890+1,72,29,005+2,19,610+4,93,837)രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 സർക്കാർ അനുമതിയില്ലാതെ ഹോണറേറിയവും: വാങ്ങിയ ഡസ്കുകൾ പഠനമുറിക്ക് കൈമാറാത്തതും- ₹3,24,900 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണം | പ്രോജക്റ്റ് ഓഫീസർ (ഐ.ടി.ഡി പി) |
| പ്രോജക്റ്റ് നമ്പർ പേർ | 325/22പട്ടികവർഗസങ്കേതങ്ങളിൽ വിദ്യാഭ്യാസപരിപോഷണപദ്ധതി |
| അടങ്കൽ | 5,00,000 വികസനഫണ്ട്(ടി.എസ്.പി.) |
| ചെലവ്- | ₹3,28,586 |
| ബിൽനമ്പർ തീയതി തുക | 21190152025901392221/21.03.2022 ₹2,84,900<br>21190152025901429230/23.03.2022 ₹42,388<br>ബിൽ നമ്പർ ലഭ്യമല്ലാത്തത് – ₹1298 |

കണ്ണൂർജില്ലയിലെ പട്ടികവർഗസങ്കേതങ്ങളിലുള്ള 1 മുതൽ 7വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുവേണ്ടി രൂപീകരിച്ച പദ്ധതിയാണിത്. കുട്ടികൾക്ക് പ്രഭാതഭക്ഷണം കുടുംബശ്രീ മുഖേന നൽകുകയും, ഫെസിലിറ്റേറ്റർമാർക്ക് ഹോണറേറിയം നൽകിക്കൊണ്ട് കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് സഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സാമൂഹ്യപഠനമുറിയിലേക്ക് ബഞ്ച്, ഡസ്ക് എന്നിവ വാങ്ങി നൽകുകയും ചെയ്യുന്നു.

പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി-ധനസഹായം അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ-തീയതി.14.02.2018ലെ ഖണ്ഡിക 8-10ൽ പ്രോജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.എന്നാൽ ഈപ്രോജക്റ്റിൽ വകയിരുത്തി ബിൽ നമ്പർ 2 പ്രകാരം പിൻവലിച്ച് താഴെ പ്രതിപാദിക്കുന്ന വിധത്തിൽ ട്യൂട്ടർമാർക്ക്/ഫെസിലിറ്റേറ്റർമാർക്ക് ഹോണറേറിയം അനുവദിച്ചിട്ടുണ്ട്. ഇതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

| ട്യൂട്ടറുടെ പേര് | തുക(₹) |
|---|---|
| സുചിത്ര എം | 5,000 |
| ലീബ ബാലകൃഷ്ണൻ | 5,000 |
| ആതിര കെ കെ | 5,000 |
| ശ്രുതി കെ | 5,000 |
| രേഷ്മ കെ എം | 5,000 |
| അഞ്ജു കെ കെ | 5,000 |
| അമ്പിളി കൃഷ്ണൻ | 5,000 |

| | |
|---|---|
| വൈഷ്ണവി വി ആർ | 5,000 |
| ആകെ | 40,000 |

2) പതിനഞ്ച് കുട്ടികളിൽ കൂടുതലുള്ള പഠനമുറികളിൽ കുട്ടികൾക്ക് ഇരിക്കുന്നതിന് വേണ്ടി 22 Dual Desk, ബിൽനമ്പർ- 1 പ്രകാരം തുക പിൻവലിച്ച് കേരളസ്റ്റേറ്റ്ഇന്റസ്ട്രിയൽഎന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നമ്പർ-CHNBC000200/19.03.2022 ₹2,84,900) വാങ്ങിയിട്ടുണ്ട്. എന്നാൽ ഡസ്കുകൾ പഠനമുറികൾക്ക് കൈമാറിയതായി കാണുന്നില്ല.

രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/03-2-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.മുകളിൽ പരാമർശിച്ച കാരണങ്ങളാൽ ചെലവുതുക ₹3,24,900തടസ്സപ്പെടുത്തുന്നു. ഹോണറേറിയം നൽകിയതിനുള്ള സർക്കാർ അനുമതിയും ഡസ്കുകൾ പഠനമുറിക്ക് കൈമാറിയതിന്റെ രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 സർക്കാർ നിർദേശങ്ങൾക്കു വിരുദ്ധമായി പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളം നൽകുന്നു.₹11,871 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണം | ജില്ലാ ഓഫീസർ, വനിതാശിശുവികസനം,കണ്ണൂർ |
| പ്രോജക്ട് നമ്പർ പേര് | 784/22 ജെന്റർ റിസോഴ്സ് സെന്റർ തുടർ പ്രവർത്തനം |
| അടങ്കൽ ₹10,82,700 | ₹9,82,700 (വികസനഫണ്ട്)<br>₹1,00,000 (തനത്ഫണ്ട്) |
| ചെലവ്-₹8,04,396 | ₹7,63,668 (വികസന ഫണ്ട്)<br>₹40728 (തനത് ഫണ്ട്) |
| ബിൽനമ്പർ തീയതി തുക | ചെക്ക് നമ്പർ-2972883/06/04/2022 ₹40728<br>1607/27-03-2022 ₹97,896<br>1636/27-03-2022 ₹6,65,772 |

സ.ഉ(കൈ)നം.22/2018/തസ്വഭവ തീയ്യതി 14.02.2018 ലെ ഖണ്ഡിക 8-10 ൽ പ്രോജക്ടിൽ വകയിരുത്തി ശമ്പളം, ഹോണറേറിയം എന്നിവ നൽകരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്രോജക്ടിൽ തുക വകയിരുത്തി ജില്ലാപഞ്ചായത്തിനു കീഴിൽ ചട്ടുകപ്പാറ ജെന്റർ റിസോഴ്സ് സെന്ററിൽ ജീവനക്കാരെ നിയമിച്ച് വേതനം നൽകിവരുന്നു. മുകളിൽ പ്രതിപാദിച്ച ഉത്തരവിലെ ഖണ്ഡിക 7.4-2ൽ ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനത്തിന് കരാർ അടിസ്ഥാനത്തിൽ യോഗ്യതയുള്ള ഒരു വനിതയെ നിയമിക്കാമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇതു കൂടാതെ ആശ്രഢം സെന്ററിൽ താഴെ പ്രതിപാദിക്കും പ്രകാരം നിയമനം നടത്തി ശമ്പളം നൽകിയതിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണ (നമ്പർ.44/തീയതി.13.02.2023) ത്തിന് മറുപടിയായി ചട്ടുകപ്പാറയിൽ പ്രവർത്തിക്കുന്ന ജെൻഡർ റിസോഴ്സ് സെന്ററിൽ കാഷ്വൽ സ്വീപ്പറെ നിയമിക്കുന്നതിന് തീരുമാനംനമ്പർ-04/2022തീയതി 13.01.2022 പ്രകാരം ജില്ലാപഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ടെന്നാണ് വ്യക്തമാക്കിയത്. സർക്കാർ ഉത്തരവിൽ നിർദേശിച്ചതിനു വിരുദ്ധമായി പ്രോജക്ടിൽ വകയിരുത്തി തുകചെലവഴിച്ചതിനാൽ ഇതിന് സർക്കാർ നിന്നും അംഗീകാരം ലഭിക്കേണ്ടതുണ്ട്. സർക്കാർ അംഗീകാരം ലഭ്യമല്ലാത്തതിനാൽ ചെലവു തുക ₹11,871തടസ്സപ്പെടുത്തുന്നു.

| ക്രമനമ്പർ | പേര്,തസ്തിക | ശമ്പളം ഹോണറേറിയം നൽകിയമാസം | തുക(₹) |
|---|---|---|---|
| 1 | അനിത പി പി, സ്വീപ്പർ, | 2022 ജനുവരി | 3,871 |
| 2 | അനിത പി പി, സ്വീപ്പർ | 2022 ഫെബ്രുവരി | 8,000 |
| | | ആകെ | 11,871 |

സർക്കാർ അംഗീകാരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-44 ജില്ലാകൃഷിത്തോട്ടം കരിമ്പം- അഗ്രോബയോടെക്നോളജി വിഭാഗത്തിൽ ലേബർ സ്റ്റെങ്ങ്ത്ത് നിശ്ചയിച്ചിട്ടില്ല.

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2011-12 വർഷത്തെ പദ്ധതിയിൽ (211/12) 52ലക്ഷം രൂപ വകയിരുത്തിക്കൊണ്ടാണ് ജില്ലാകൃഷിത്തോട്ടത്തിൽ ടിഷ്യൂ കൾച്ചർ ലാബ് നിർമ്മിച്ചിട്ടുള്ളത്.ഇതിനായി കൊല്ലം ജില്ലയിലെ അഞ്ചൽ കൃഷിഫാമിൽ വച്ച് അഞ്ച് പേർക്ക് ടിഷ്യൂകൾച്ചറിൽ പരിശീലനം നൽകുകയും അവരെ ജില്ലാകൃഷിത്തോട്ടത്തിൽ നിയമിക്കുകയും ചെയ്തു. കണ്ണൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 16.07.2012 ലെ സി2/1067/2011 നമ്പർ ഉത്തരവ് പ്രകാരം 2012 മെയ് മാസം പത്താം തീയ്യതി മുതൽ 6000 രൂപ പ്രതിമാസ നിരക്കിൽ വേതനം നൽകാനും തീരുമാനിച്ചു. സ.ഉ.(കൈ)183/07 തസ്വഭവ തീയ്യതി.24.07.2007 , സ.ഉ.(കൈ)229/12 തസ്വഭവ തീയ്യതി.25.08.2012 എന്നിവ പ്രകാരം വികസനഫണ്ടിൽ നിന്നും ശമ്പളം നൽകാൻ പാടില്ല എന്നും പരമാവധി ആറ് മാസത്തേക്ക് ഹോണറേറിയം മാത്രമേ നൽകാവൂ എന്ന് നിർദേശമുള്ളതിനാൽ ഭരണസമിതിയുടെ 27.09.2012 ലെ 101/2012(7) നമ്പർ തീരുമാനപ്രകാരം സ്റ്റാഫ് സ്റ്റെങ്ങ്ത്ത് നിശ്ചയിച്ച് വേതനം അനുവദിക്കുന്നതിന് പ്രത്യേക അനുമതിക്കായി സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി സർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല.

ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ് ജില്ലയിലെ കാർഷികരംഗത്തെ സാരമായി ബാധിക്കുന്നതിനാൽ ജൈവസാങ്കേതികവിദ്യയുടെ പ്രയോഗം വഴി ജനപ്രിയമായതും വ്യവസായവൽക്കരിക്കപ്പെട്ടതുമായ നടീൽ വസ്തുക്കളുടെ ഉദ്പാദനം വർധിപ്പിക്കുവാനാണ് ജില്ലയിൽ ടിഷ്യൂകൾച്ചർ ലാബ് സ്ഥാപിക്കുവാൻ കണ്ണൂർ ജില്ലാപഞ്ചായത്ത് തീരുമാനിച്ചത്. 2012 ലെ പ്രസ്തുത സാഹചര്യം ജില്ലയിൽ ഇപ്പോഴും നിലനിൽക്കുന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിനാൽ ടിഷ്യൂകൾച്ചർ ലാബിൽ ഉത്പാ്ദനം വർധിപ്പിക്കേണ്ടതുണ്ട്. നിലവിൽ ലാബിൽ ഏഴ് ലാമിനാർ ഫ്ലോചേമ്പറാണ് ഉള്ളത് ഇതിൽ ഒരെണ്ണത്തിൽ രണ്ടുപേരെ വച്ച് 14 ടെക്നീഷ്യൻമാർക്ക് ജോലിചെയ്യുവാൻ സാധിക്കും. നിലവിൽ 12 ജോലിക്കാരാണ് (സൂപ്പർ വൈസർ -1,ടെക്നീഷ്യൻസ്-10, ഹെൽപർ കം ഇലക്ട്രീഷ്യൻ-1) ഇവിടെ ജോലി ചെയ്യുന്നത്. ലാമിനാർ ഫ്ലോചേമ്പർ പൂർണമായും ഉപയോഗപ്പെടുത്തുമ്പോൾ നാല് ജീവനക്കാർ കൂടി ആവശ്യമായി വരും. ടെക്നീഷ്യൻമാരുടെ എണ്ണം വർധിപ്പിച്ചാൽ മാത്രമേ ഉത്പാദനം വർധിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതോടൊപ്പം നൂതന സാങ്കേതിക വിദ്യകളിൽ പ്രവർത്തിക്കുന്ന മെഷീനുകളും ലാബിൽ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ സർക്കാരിൽ നിന്നും ലേബർസ്റ്റെങ്ങ്ത്ത് നിശ്ചയിച്ച് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ ടിഷ്യൂകൾച്ചർ ലാബ് പൂർണസജ്ജമാക്കി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ ലേബർ സ്റ്റെങ്ങ്ത്ത് നിശ്ചയിച്ചുകിട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-45 സ്ഥിര നിക്ഷേപത്തിൽ നിന്നും ബാങ്ക് ഈടാക്കിയതുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കനറ ബാങ്കിലെ സ്ഥിരനിക്ഷേപത്തിൽ നിന്നും നിക്ഷേപിച്ചിട്ടുള്ള ₹7,23,912 ൽ നിന്നും ബാങ്ക് തുക (₹702.94) ഈടാക്കിയതായി അക്കൗണ്ട് പരിശോധനയിൽ വ്യക്തമാവുന്നു. ഇത് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 2021-22 വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,07,23,912 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 1,07,23,912 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,00,00,000 |
| ബാങ്ക് ഈടാക്കിയ തുക | 702.94 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7,23,209.06 |

ഇപ്രകാരം തുക ഈടാക്കിയതെന്തിനെന്ന് വ്യക്തമല്ല.മുൻവർഷങ്ങളിലും ഇതുപോലെ ചാർജ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-46 ഡി.ടി.പി സെന്റർ ആരംഭിച്ചില്ല- ധനസഹായം നല്കിയ ₹2,50,000/-തടസ്സപ്പെടുത്തുന്ന

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 313/22 |
| പ്രോജക്ടിൻെറ പേര് | പട്ടികജാതി സഹകരണ സംഘങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം |
| അടങ്കൽ | വികസനഫണ്ട് -(SCP) - ₹ 10,00,000 |
| ചെലവ് | ₹ 2,50,000 |
| ബിൽ നമ്പർ, തീയതി എ.സി.ആർ പ്രകാരം | 1763/30-03-2022 |

പട്ടികജാതിസഹകരണസംഘങ്ങൾക്ക് സംരംഭം ആരംഭിക്കുവാൻ ധനസഹായം എന്ന പ്രോജക്റ്റ് പ്രകാരം ചിറക്കൽ പട്ടികജാതി സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് (No-c-871) ഡിടിപി സെന്റർ ആരംഭിക്കുന്നതിന് 2,50,000രൂപ അനുവദിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് 22/18-തസ്വഭവ-തീയതി 14-2-18) ഖ: 6-10(4),(2) പ്രകാരം ഇത്തരത്തിൽ ധനസഹായം നൽകുന്നതിന് തൊട്ട് മുമ്പുള്ള വർഷമെങ്കിലും സ്ഥാപനം പ്രവർത്തനലാഭമുള്ളതായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറുടെ 2020-21 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ് (377/20-21തീയതി 7-1-22) പ്രകാരം പ്രസ്തുത സൊസൈറ്റി 2020-21 വർഷത്തിൽ, ₹1349 നഷ്ടത്തിലും ₹11,40,874 അറ്റനഷ്ടത്തിലുമാണ്. ഇപ്രകാരം, സർക്കാർ ഉത്തരവ് ലംഘിച്ചുകൊണ്ട് പ്രസ്തുത സ്ഥാപനത്തിന് ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2)പ്രസ്തുത പദ്ധതി നിർവ്വഹണം സംബന്ധിച്ച് വ്യാപകപ്രചാരണം നൽകി അപേക്ഷ ക്ഷണിച്ചു കാണുന്നില്ല. അപേക്ഷാസ്വീകരണത്തിന് സമയപരിധി ഏർപ്പെടുത്തിയിട്ടില്ല.

3) ജില്ലയിലെ 8 സംഘങ്ങൾക്ക് കത്തയച്ചതിൽ ആദ്യഘട്ടം (12/2021ൽ) താഴെ ചേർത്ത 3 സംഘങ്ങളുടെ അപേക്ഷയാണ് ലഭ്യമായത്.

1)അംബേദ്കർമെമ്മോറിയൽ പട്ടികജാതി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

2) കണ്ണൂർ ഉൾനാടൻ പട്ടികജാതി മത്സ്യതൊഴിലാളി വികസനസഹകരണസംഘം

3) അഴീക്കോട് പട്ടികജാതി സർവ്വീസ് സഹകരണസംഘം

1/2022ൽ ചിറക്കൽ പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ അപേക്ഷ ലഭ്യമായി ഇവയെ യോഗ്യതക്കനുസരിച്ച്/മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ റാങ്ക് പട്ടിക . (മുൻഗണന ലിസ്റ്റ് ) തയ്യാറാക്കി സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും അംഗീകാരം വാങ്ങിയിട്ടില്ല. ഇത് സർക്കാർ ഉത്തരവിൻെറ (സ.ഉ-22/18-ത.സ്വ.ഭ.വ-തീ-14-2-18-ഖണ്ഡിക 6-10-6ൻെറ) ലംഘനമാണ്. റാങ്ക് പട്ടിക തയ്യാറാക്കാതെ ചിറക്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ആനുകൂല്യത്തിന് തെരഞ്ഞെടുത്തത് എങ്ങിനെയെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള യോഗ്യതാമുൻഗണനകൾക്ക് ഉപരിയായി പ്രാദേശിക പ്രത്യേകതകൾ അനുസരിച്ച് എന്ത് മുൻഗണനകളാണ് ആനുകൂല്യം നേടിയ സ്ഥാപനത്തിനുള്ളതെന്ന് വ്യക്തമാക്കിയിട്ടുമില്ല.

4)നിർദ്ദിഷ്ടപദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടതായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും അറിയിപ്പ് കിട്ടിയാൽ സെക്രട്ടറി കരാർ വെക്കുന്ന മുറക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സഹായധനത്തിന്റെ അനുമതി പത്രം സംഘത്തിന് നൽകേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ നിന്നുള്ള വായ്പാഅനുമതി പത്രം നിർവ്വഹണഉദ്യോഗസ്ഥന് ഹാജരാക്കുന്ന മുറക്ക് സബ്സിഡി, ബാങ്ക് അക്കൗണ്ടിലേക്ക് ബാക്ക് എൻഡഡ് ആയി മാറ്റിനൽകുകയും പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചെന്ന സംഘം സെക്രട്ടറിയുടെ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തി സബ്സിഡി ആ സംഘത്തിന് ക്രമീകരിക്കാനുള്ള അനുമതി നൽകണമെന്നുമാണ് സബ്സിഡി സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളത്. തുക ബാക്ക്-എൻഡഡ്-സബ്സിഡി ആയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രേഖകളും കരാറും, സംഘത്തിന്റെ മിനുട്സ്, വായ്പ ലഭ്യമായത് വ്യക്തമാക്കുന്ന ലോൺസംബന്ധമായ പാസ് ബുക്ക് (കേരള ബാങ്ക്), സംഘത്തിൻെറ മിനുട്സ്, ട്രഷറി അക്നോളജ്മെൻറ്

രശീതി, ബിൽ ഇവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5) ഓഡിറ്റിന്റെ ഭാഗമായി 31-10-2022ന് ചിറക്കൽ ബാലൻകിണറിന് സമീപമുള്ള ചിറക്കൽ പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റി സന്ദർശിച്ചതിലും സെക്രട്ടറിയുമായി സംസാരിച്ചതിലും സബിസിഡി സംഖ്യ വിനിയോഗിച്ച് നാളിതുവരെയായും ഡി.ടി.പി സെന്റർ ആരംഭിച്ചിട്ടില്ലെന്ന് ബോധ്യപ്പെടുകയുണ്ടായി. ധനസഹായം നൽകി 9 മാസം പിന്നിട്ടിട്ടും സംരംഭം ആരംഭിച്ചിട്ടില്ല. മേൽക്കാര്യങ്ങളിലുള്ള മറുപടിയും രേഖകളും ആവശ്യപ്പെട്ടും ആരംഭിക്കാത്ത/ നിലവിലില്ലാത്ത സംരംഭത്തിന് അനുവദിച്ച തുക തിരികെ ഗവൺമെന്റിലേക്ക് ഒടുക്കുവാതിരിക്കാനുള്ള കാരണം വ്യക്തമാക്കാനുമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ(6/21-11-22)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽക്കാരണങ്ങളാൽ,ചെലവുതുക 2,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സംരംഭം ആരംഭിച്ചതിന്റെ വിവരവും, മേൽ പാരമർശിച്ച രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-47 പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹61,70,000 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 477/22 (സ്പിൽ ഓവർ)<br>164/22 |
| പ്രോജക്റ്റിന്റെ പേര് | ഉന്നതപഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹ 17,05,000 (വികസന ഫണ്ട് -എസ്.സി.പി)<br>₹53,00,000 (വികസന ഫണ്ട് -എസ്.സി.പി) |
| ചെലവ് | ₹ 8,75,000<br>₹ 52,95,000 |
| ബിൽ നമ്പർ, തീയതി (എ,സി.ആർ പ്രകാരം ) | ₹ 8,75,000 183/18-08-2021<br>₹ 12,45,000 711/06-01-2022<br>₹ 10,90,000 1071/25-02-2022<br>₹ 10,45,000 1356/19-03-2022<br>₹ 12,35,000 1484/25-03-2022<br>₹ 6,80,000 1523/25-03-2022 |

പ്രസ്തുത പ്രോജക്ടുകൾ പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഉന്നതപഠനം നടത്തുന്ന വിദ്യാർത്ഥികൾക്കായി 61,70,000 രൂപ (8,75,000+52,95,000) സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിനിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) 22/18 തസ്വഭവ തിയതി 14-2-2018 ഖ : 7-2-6) പ്രകാരം ജില്ലാ പഞ്ചായത്തുകൾ ഈ ആനുകൂല്യം നൽകുമ്പോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭിച്ചിരിക്കണമെന്ന് വ്യവസ്ഥ

ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, മേൽപ്രകാരമുള്ള തീരുമാനങ്ങൾ ലഭ്യമാക്കാതെയാണ് ആനുകൂല്യം നൽകിയത്.

2) തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ ലഭ്യമായതായി തെളിയിക്കുന്ന രേഖകൾ/ട്രഷറി അക്നോളജ്മെൻറ് വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.
3) ഗുണഭോക്താവിന് ജില്ലാ പഞ്ചായത്തിൽ നിന്ന് ആനുകൂല്യത്തിന് അർഹത ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്ന് പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റിന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(4/21-11-22)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകങ്ങൾ കാരണം 61,70,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനം, ട്രഷറി അക്നോളജ്മെൻറ്, ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-48 പട്ടികജാതിഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങിനൽകൽ- ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല-₹34,500 ന്റെ ചെലവ് നിരാകരിക്കുന്നു.മറ്റു അപാകങ്ങൾ-₹6,64,500 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതിവികസനഓഫീസർ |
| പ്രോജക്ട് നമ്പർ | 478/22(സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | പട്ടികജാതിഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങിനൽകൽ |
| അടങ്കൽ | വികസനഫണ്ട് (എസ്.സി.പി ) ₹ 7,00,000/- |
| ചെലവ് | ₹ 6,99,000/- |
| ബിൽനമ്പർ, തീയതി എ.സി.ആർ പ്രകാരം | 166/04-08-2021 |

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ, ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത സുവർണരാഗംമ്യൂസിക്കൽസ്,കൽപ്പറ്റ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇവരിൽ നിന്നും 29 ഇടംതല ചെണ്ട, 6വലംതല ചെണ്ട, 3 ഇലത്താളം, 4ഇടി,1ചേങ്ങില എന്നിവ 6,99,000രൂപക്ക് വാങ്ങിച്ച് 9ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുകയും ചെയ്തു. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) പതിമൂന്നാംപദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ-7.2.15 പ്രകാരം എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും എസ്.സി,എസ്.ടി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ,സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. എന്നാൽ, ആയതിന് 5% ഗുണഭോക്തൃവിഹിതം ഈടാക്കണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഗുണഭോക്തൃ വിഹിതം ഈടാക്കാതെ പദ്ധതി നിർവ്വഹിച്ചത് വഴി 34,500 (6,99,000x5%) രൂപ പദ്ധതിപ്പണം അധികമായി ചെലവഴിച്ചിട്ടുണ്ട്.

2) ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് മൂന്ന് വർഷത്തിന് ശേഷമേ ആനുകൂല്യം നൽകാവൂ എന്നും മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ,ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകൾ ജില്ലാപഞ്ചായത്തിൽ നിന്നോ,മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നോ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

3) 10-15 അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്കാണ് ആനുകൂല്യത്തിനർഹതയെന്ന മാർഗ്ഗരേഖാ വ്യവസ്ഥയും പാലിച്ചിട്ടില്ല.

4) തുക അനുവദിച്ചത് വ്യക്തമാക്കുന്ന ബിൽ/ Treasury Acknowledgement Receipt ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5) ടെണ്ടർ ക്ഷണിക്കാതെ താൽപര്യപത്രം വഴി വിതരണക്കാരെ തിരഞ്ഞെടുത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

6)വിതരണസ്ഥാപനത്തെ അംഗീകരിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം,അർഹരായവർ എസ്.സി.വിഭാഗക്കാരാണെന്ന സാക്ഷ്യപത്രം,വാദ്യോപകരണങ്ങളുടെ സ്റ്റോക്ക്/വിതരണവിവരം, സ്പെസിഫിക്കേഷൻ പ്രകാരമുള്ള വാദ്യോപകരണങ്ങൾ തന്നെയാണ് ലഭ്യമായതെന്ന സാക്ഷ്യപത്രം, ഇവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ്അന്വേഷണ(5/21-11-2022)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഗുണഭോക്തൃവിഹിതം ഈടാക്കാതെ പദ്ധതി നിർവ്വഹിച്ചത് വഴി അധികമായി ചെലവഴിച്ച 34,500 (6,99,000x5%) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.34,500 രൂപ സർക്കാറിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

മേൽപ്പരാമർശിച്ച രേഖകളുടെ അഭാവത്തിൽ 6,64,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണസ്ഥാപനത്തെ അംഗീകരിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം,അർഹരായവർ എസ്.സി.വിഭാഗക്കാരാണെന്ന സാക്ഷ്യപത്രം,വാദ്യോപകരണങ്ങളുടെ സ്റ്റോക്ക്/വിതരണവിവരം,സ്പെസിഫിക്കേഷൻ പ്രകാരമുള്ള വാദ്യോപകരണങ്ങൾ തന്നെയാണ് ലഭ്യമായതെന്ന സാക്ഷ്യപത്രം, ജില്ലാപഞ്ചായത്തിൽ നിന്നോ, മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നോ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-49 പട്ടികജാതി സാംസ്കാരികനിലയങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനം -പൂർത്തീകരണവിവരം ലഭ്യമല്ല- ₹19,70,020 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 230/22 |
| പ്രോജക്ടിന്റെ പേര് | സാംസ്കാരികനിലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം -ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം |
| അടങ്കൽ | വികസനഫണ്ട് -(SCP) - ₹ 19,70,020 |
| ചെലവ് | ₹ 19,70,020 |
| ബിൽ നമ്പർ, തീയതി എസിആർ പ്രകാരം | 1381/21-03-2022 ₹ 23,170<br>1395/21-03-2022 ₹ 9,84,946<br>1433/23-03-2022 ₹ 8,42,904<br>1605/27-03-2022 ₹ 57,600<br>1611/27-03-2022 ₹ 61,400 |

പ്രസ്തുത പദ്ധതി പ്രകാരം ചുവടെ ചേർത്ത ഗ്രാമപഞ്ചായത്തുകൾക്കായി സംയുക്തപ്രോജക്ടിനത്തിൽ 19,70,020/-രൂപ വികസനഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക (₹) | ഉദ്ദേശ്യം |
|---|---|---|---|
| 1 | ഏഴോം | 23,170 | എസ് സി കോളനി സാംസ്കാരിക നിലയത്തിന്ഫർണിച്ചർ |

| | | | |
|---|---|---|---|
| 2 | പരിയാരം | 9,84,946 | മുടിക്കാനം എസ് സി കൾച്ചറൽ സെന്റർ നിർമ്മാണം |
| 3 | ഉളിക്കൽ | 8,42,904 | മുണ്ടാനൂർ പട്ടികജാതി സാസ്കാരിക നിലയം പുനരുദ്ധാരണം |
| 4 | വേങ്ങാട് | 1,19,000 | പാതിരിയാട്എസ്.സി സാംസ്കാരിക നിലയത്തിന് അടിസ്ഥാനസൗകര്യ വികസനം |
| | ആകെ | 19,70,020 | |

1) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ, പൂർത്തീകരിച്ചെങ്കിൽ, ആയതിന്റെ ഗ്രാമപഞ്ചായത്ത്തല മോണിറ്ററിങ്ങ്റിപ്പോർട്ട്, പൂർത്തീകരണസാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) തുക കൈമാറിയ വിവരം വ്യക്തമാക്കുന്ന ട്രഷറി അക്നോളജ്മെന്റ് രശീതി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ( 3/21-11-22)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ ചെലവു തുക ₹19,70,020 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-50 മൂല്യവർദ്ധിതമത്സ്യോൽപന്നങ്ങളുടെ നിർമ്മാണവിപണനയൂണിറ്റ്- നിലവിൽ പ്രവർത്തിക്കാത്ത സംരംഭങ്ങൾ ₹1,49,809 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 793/22 |
| പ്രോജക്ടിന്റെ പേര് | മത്സ്യസഹകരണസംഘം വഴി മത്സ്യവും മൂല്യവർദ്ധിതമത്സ്യോൽപന്നങ്ങളുടെ നിർമ്മാണവിപണനയൂണിറ്റും |
| അടങ്കൽ | വികസനഫണ്ട് -₹ 7,00,000<br>ഗുണഭോക്തൃവിഹിതം- ₹7,00,000<br>ആകെ- ₹14,00,000 |
| ചെലവ് ₹3,50,300 | ബിൽ 4/21-1-22 ₹ 78,513<br>ബിൽ 12/28-2-22 ₹ 61,408<br>ബിൽ 13/28-2-22 ₹ 84,801 |

| | |
|---|---|
| | ബിൽ 14/7-3-22 ₹54,836<br>ബിൽ 16/11-3-22 ₹ 70,742 |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയരക്ടർ,ഫിഷറീസ് |

നൂതന പ്രോജക്ടുകൾ അംഗീകരിക്കുന്നതിനുള്ള ജില്ലാതലവിദഗ്ദസമിതിയുടെ 03-11-2020 ലെ 500/2020/DPC/DPO/KNR നമ്പർ നടപടിക്രമപ്രകാരം അംഗീകരിച്ച പ്രോജക്ടാണിത്. മത്സ്യവും മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ നിർമ്മാണവും വിതരണവും വഴി മിതമായ വിലയിൽ ഗുണമേൻമയുള്ള ഉൽപന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുകയാണ് പ്രോജക്ട്കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് വഴി മത്സ്യ സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിലൂടെ സംഘാംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയും ലക്ഷ്യമിടുന്നു.

പ്രസ്തുത പ്രോജക്ട് പ്രകാരം 5 മത്സ്യസഹകരണസംഘങ്ങൾക്കായി 3,50,300 രൂപ നൽകിയതിന്റെയും, ആയതിന്റെ നിലവിലെ പ്രവർത്തനവും ( ഓഡിറ്റ് അന്വേഷണം 12/04-01-2023നുള്ള മറുപടി ) അപാകങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സംഘത്തിൻെറ പേര് | അനുവദിച്ച സംഖ്യ(₹) | പ്രവർത്തനം ആരംഭിച്ച തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | തലശ്ശേരി ഉൾനാടൻമത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘം | 78,513 | 10-08-2021 | പ്രവർത്തിക്കുന്നു |
| 2 | പാലിശ്ശേരി മത്സ്യത്തൊഴിലാളിവികസന ക്ഷേമസഹകരണസംഘം | 61,408 | 08-12-2021 | പ്രവർത്തിക്കുന്നില്ല. |
| 3 | എടക്കാട്ബ്ലോക്ക് വനിതമത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘം | 84,801 | 21-10-2021 | പ്രവർത്തിക്കുന്നില്ല. |
| 4 | പുതിയങ്ങാടി കടപ്പുറം മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘം | 54,836 | 10-01-2022 | സംഘം നേരിട്ട് പ്രവർത്തിപ്പിക്കുന്നില്ല. നടത്തിപ്പിന് നൽകിയിരിക്കുകയാണ്. |
| 5 | അഴീക്കോട് കടപ്പുറം മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘം | 70,742 | 11-01-2022 | പ്രവർത്തിക്കുന്നു |
| | ആകെ | 3,50,300 | | |

പട്ടികയിലെ ക്രമ നമ്പർ 2, 3 എന്നീ സംഘങ്ങൾ സംരംഭം പ്രവർത്തനക്ഷമമാക്കാത്തപക്ഷം തുക തിരിച്ചടക്കേണ്ടതാണ്. ക്രമ നമ്പർ 4, സംഘം നേരിട്ട് പ്രവർത്തിപ്പിക്കാതെ നടത്തിപ്പിന് നൽകിയത് കാരണം സംഘാംഗങ്ങൾക്ക് പ്രോജക്ട് വിഭാവനം ചെയ്ത നേട്ടം നേരിട്ട് പ്രാപ്യമാകുന്നില്ല.

മത്സ്യവും മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ നിർമ്മാണവും വിതരണവും വഴി മിതമായ വിലയിൽ ഗുണമേൻമയുള്ള ഉൽപന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ നൂതന പ്രോജക്ടായി അംഗീകരം ലഭിച്ച ഈ പദ്ധതിയിൽ മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ നിർമ്മാണവും വിതരണവും നടപ്പിലാക്കാതെ മത്സ്യവിൽപന മാത്രമാണ് നടന്നുവരുന്നത്. പ്രോജക്ട് അംഗീകരം ലഭിച്ച ശേഷം അതിൽനിന്ന് വ്യതിചലിച്ചുകൊണ്ടുള്ള ഇത്തരം പ്രവർത്തനങ്ങൾ ഒഴിവാക്കേണ്ടതാണ്. നിലവിൽ പ്രവർത്തിക്കാത്ത പാലിശ്ശേരി മത്സ്യത്തൊഴിലാളിവികസനക്ഷേമസഹകരണസംഘം, എടക്കാട് ബ്ലോക്ക് വനിതമത്സ്യത്തൊഴിലാളിവികസനക്ഷേമ

സഹകരണസംഘം എന്നിവ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കാത്തപക്ഷം അനുവദിക്കപ്പെട്ട ധനസഹായം 1,49,809 രൂപ (61,408+88,401) തിരച്ചടക്കേണ്ടതാണ്. സംഘങ്ങൾ നിലവിൽ പ്രവർത്തിക്കാത്തതിനാൽ അനുവദിക്കപ്പെട്ട ധനസഹായം 1,49,809 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-51 കരിമീൻകൃഷി -അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല-₹1,10,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 936/22 |
| പ്രോജക്ടിന്റെ പേര് | കരിമീൻ കൃഷി |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ,ഫിഷറീസ് |
| അടങ്കൽ | വികസന ഫണ്ട് ₹ 1,10,000 |
| ചെലവ് ₹1,10,000 | ബിൽ 6/7-2-22 ₹32,772<br>ബിൽ 11/23-2-22 ₹57,867<br>ബിൽ 25/23-3-22 ₹19,361 |

പ്രസ്തുത പ്രോജക്ട് പ്രകാരം ധർമ്മടം ഗ്രാമപഞ്ചായത്തിന് 32,772 രൂപയും രാമന്തളി ഗ്രാമപഞ്ചായത്തിന് 77,228 രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ചുവടെ പരാമർശിച്ച കാര്യങ്ങളിൽ വ്യക്തത വരുത്തിയിട്ടില്ല.

1) പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച പ്രോജക്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയതല്ലാതെ, എത്രകർഷകർ എത്ര തുക ചെലവഴിച്ച് പദ്ധതി നടപ്പാക്കി എന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) കർഷകർക്ക് തുക കൈമാറിയ വിവരം ലഭ്യമല്ല.

4)1,10,000രൂപ ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി മനസ്സിലാക്കാനുതകുന്ന ട്രഷറി അക്നോളജ്മെന്റ് രശീതി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5) പ്രസ്തുത പ്രോജക്ടിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട്/ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച അവലോകന റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ (13/04.01.23) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും അനുബന്ധ രേഖകളുടെയും അഭാവത്തിൽ ചെലവുതുക ₹1,10,000 തടസ്സപ്പെടുത്തുന്നു. പ്രസ്തുതരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-52 ലൈവ്ഫിഷ് മാർക്കറ്റ്- അർഹതാരേഖകളും ആരംഭിച്ച വിവരവും ലഭ്യമല്ല-₹ 1,48,480 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 251/21 |
| പ്രോജക്ടിന്റെ പേര് | ലൈവ് ഫിഷ് മാർക്കറ്റ് |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ,ഫിഷറീസ് |
| അടങ്കൽ | വികസന ഫണ്ട് ₹1,50,000 |

| | |
|---|---|
| | ഗുണഭോക്തൃ വിഹിതം ₹ 1,50,000<br>ആകെ₹ 3,00,000 |
| ചെലവ് | ബിൽ നമ്പർ 26/27-3-22 ₹1,48,480 |

ഉൾനാടൻ മത്സ്യസഹകരണസംഘങ്ങളിലൂടെ വിഷരഹിതമത്സ്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ജില്ലാപഞ്ചായത്ത്, ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് 'ലൈവ് ഫിഷ് മാർക്കറ്റുകൾ'. യൂണിറ്റ് ചെലവായി പരമാവധി 3,00,000 രൂപ നിജപ്പെടുത്തപ്പെട്ട പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്ന മത്സ്യസഹകരണസംഘങ്ങൾക്ക് (ജനറൽ വിഭാഗം) യൂണിറ്റ് ചെലവിന്റെ 50% ആണ് അനുവദിക്കാവുന്ന സബ്സിഡി.

ഈ പ്രോജക്ട് പ്രകാരം 2021-22 വർഷം 'ഡ്രീംഹിൽ ഫിഷ് ഫാം',കോറോം,പയ്യന്നൂർ എന്ന സ്ഥാപനത്തിന് 1,48,480 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ ചേർത്ത കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1) സ. ഉ (കൈ) 22/2018 തസ്വഭവ-14-2-2018 ഖ-6-3-16 പ്രകാരം മത്സ്യസഹകരണ സംഘങ്ങൾക്കാണ് ഈ പ്രോജക്ട് നടപ്പാക്കാവുന്നതും ആനുകൂല്യം അനുവദിക്കാവുന്നതും. ആയത് വ്യക്തമാക്കുന്ന ഡ്രീംഹിൽ ഫിഷ് ഫാമിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) ഷാരോൺ. ഇ.വി(സെക്രട്ടറി)യുൾപ്പെടെയുള്ള അഞ്ചംഗ ഗ്രൂപ്പെന്ന് അപേക്ഷയിൽകാണിച്ചിട്ടുണ്ടെങ്കിലും ഗ്രൂപ്പ് രൂപീകരിച്ച വിവരം, മുൻകാല പ്രവർത്തനം ഇവ വ്യക്തമാക്കുന്ന മിനുട്സ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) ബന്ധപ്പെട്ട ഫിഷറീസ്ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്റ്റ്റിപ്പോർട്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തസ്വഭവ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന മാർഗ്ഗരേഖാവ്യവസ്ഥ പാലിച്ചിട്ടില്ല.

4) ലഭ്യമായ 3 അപേക്ഷകളിൽ നിന്നും ഡ്രീംഹിൽ ഫാമിനെ തെരഞ്ഞെടുത്തത് എങ്ങിനെയെന്ന് വ്യക്തമല്ല.

5) പദ്ധതിയുടെ ഡിപിസി അംഗീകരിച്ച പ്രോജക്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

6) സംരംഭം ആരംഭിച്ച വിവരം,നിലവിലെ സ്ഥിതി, കാഷ്ബുക്ക് ,ബാങ്ക്ബുക്ക് , മിനുട്സ് ഇവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ചവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(15/4-1-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ,ഈ പ്രോജക്ടിനായുള്ള 1,48,480 രൂപയുടെ ചെലവ് ഓഡിററിൽ തടസ്സപ്പെടുത്തുന്നു.പ്രസ്തുത രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-53 ബയോഫ്ളോക്- ചെലവ് രേഖകൾ ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും-₹18,61,023 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 176/22 |
| പ്രോജക്ടിന്റെ പേര് | വീട്ടുവളപ്പിൽ ബയോഫ്ളോക് |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| അടങ്കൽ | ₹18,83,000 (വികസനഫണ്ട്) |

| | |
|---|---|
| ചെലവ് ₹ 18,61,023 | ബിൽ നമ്പർ 3/21-1-22 ₹ 1,47,124<br>ബിൽ നമ്പർ 7/7-2 -22 ₹4,54,085<br>ബിൽ നമ്പർ 8/11-2 -22 ₹4,00,106<br>ബിൽ നമ്പർ 10/23-2-22 ₹2,06,149<br>ബിൽ നമ്പർ 15/7-3-22 ₹36,800<br>ബിൽ നമ്പർ 21/21-3-22 ₹1,40,946<br>ബിൽ നമ്പർ 23/21-3-22 ₹41,304<br>ബിൽ നമ്പർ 28/26-3-22 ₹8,313<br>------------------<br>₹ 14,34,827<br>------------------ |

പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ താഴെ ചേർത്ത അപാകങ്ങൾ കാണുന്നു.

1) അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) ജില്ലാ പഞ്ചായത്തിന്റെ 2021-22 ലെ ചെലവ് പത്രിക/ സുലേഖസ്റ്റേറ്റ്മെന്റ് പ്രകാരം ഈ പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 18,61,023/-രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ മേൽ കാണിച്ച 8 ബില്ലുകൾ പ്രകാരം 14,34,827/-രൂപ ചെലവഴിച്ച വിവരം മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. 4,26,196/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) സംയുക്ത പ്രോജക്ടിനായുള്ള TSB അക്കൗണ്ടിന്റെ 2021-22ലെ ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ,പ്രോജക്ട് രജിസ്റ്റർ ഇവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4) തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് വ്യക്തമാക്കുന്ന ട്രഷറി അക്നോളജ്മെന്റ് രശീതി ലഭ്യമാക്കിയിട്ടില്ല.

5) കർഷകർക്ക് തുക വിതരണം ചെയ്തത് മനസ്സിലാക്കാനുതകുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

6) വിവിധ ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് റിക്വയർമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ആവശ്യപ്പെട്ട തുക അനുവദിച്ചു എന്നല്ലാതെ എത്രകർഷകർക്ക്, എത്ര തുക വീതം വിതരണം ചെയ്തു എന്ന് വ്യക്തമാക്കുന്ന ചെലവ് സംബന്ധമായ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(16/4-1-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ ചെലവ് തുക ₹18,61,023 തടസ്സപ്പെടുത്തുന്നു. മേൽപ്രതിപാദിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-54 വീട്ടുവളപ്പിൽ മത്സ്യകൃഷി - പട്ടതാക്കളം - ചെലവ് രേഖകൾ ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും-₹50,78,126 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 175/22 |
| പ്രോജക്ടിന്റെ പേര് | വീട്ടുവളപ്പിൽ മത്സ്യകൃഷി - പട്ടതാക്കളം |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |

| | |
|---|---|
| അടങ്കൽ | ₹51,45,000(വികസനഫണ്ട്) |
| ചെലവ് ₹50,78,126 | ബിൽ നമ്പർ 1/15-1-22 ₹1,51,432<br>ബിൽ നമ്പർ 2/15-1-22 ₹1,33,062<br>ബിൽ നമ്പർ 5/7-2-22 ₹5,57,583<br>ബിൽ നമ്പർ 9/11-2-22 ₹3,83,830<br>ബിൽ നമ്പർ 17/16-3-22 ₹3,24,843<br>ബിൽ നമ്പർ 18/16-3-22 ₹2,67,718<br>ബിൽ നമ്പർ 19/21-3-22 ₹6,98,477<br>ബിൽ നമ്പർ 20/21-3-22 ₹2,24,885<br>ബിൽ നമ്പർ 22/21-3-22 ₹78,561<br>ബിൽ നമ്പർ 24/23-3-22 ₹543<br>ബിൽ നമ്പർ 27/26-3-22 ₹6,533<br>ബിൽ നമ്പർ29/26-3-22 ₹92,886<br>-------------<br>₹29,20,353<br>-------------- |

പ്രസ്തുത പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകങ്ങൾ കാണുന്നു.

1) അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) ജില്ലാ പഞ്ചായത്തിന്റെ 2021-22 ലെ ചെലവ് പത്രിക/ സുലേഖസ്റ്റേറ്റ്മെന്റ് പ്രകാരം ഈ പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 50,78,126/-രൂപ ചെലവഴിച്ചിട്ടുണ്ട് .എന്നാൽ മേൽ കാണിച്ച 12 ബില്ലുകൾ പ്രകാരം 29,20,353/-രൂപ ചെലവഴിച്ച വിവരം മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. 21,57,773/- രൂപയുടെ വ്യത്യാസം കാണുന്നുണ്ട്.

3) വിവിധ ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് റിക്വയർമെൻറ് സ്റ്റേറ്റ്മെന്റ് പ്രകാരം ആവശ്യപ്പെട്ട തുക അനുവദിച്ച വിവരമല്ലാതെ, എത്ര കർഷകർ മത്സ്യകൃഷി നടത്തിയെന്നും അവർക്ക് എത്ര രൂപ വീതം ചെലവായെന്നും വ്യക്തമാക്കുന്ന ചെലവിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4) ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിൽ നിന്നും തുക കർഷകർക്ക് വിതരണം ചെയ്തത് വ്യക്തമാക്കുന്ന രേഖകൾ, ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്യപ്പെട്ടതായി മനസ്സിലാക്കാനുതകുന്ന ട്രഷറി അക്നോളജ്മെന്റ് രശീതി എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5) പ്രസ്തുത പ്രോജക്ടിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് /ലക്ഷ്യപ്രാപ്തി സംബന്ധിച്ച അവലോകന റിപ്പോർട്ട് എന്നിവയും ലഭ്യമാക്കിയിട്ടില്ല
മേൽക്കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(14/4-1-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ ₹50,78,126 ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.മേൽപ്രതിപാദിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-55 മാതമംഗലം ടി.ടി.ഐ ക്ക് കെട്ടിട നിർമ്മാണം -പിഴ ഈടാക്കിയതിൽ കുറവ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 374/20, 484/22 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | മാതമംഗലം ടിടിഐ കെട്ടിട നിർമ്മാണം- എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | വികസന ഫണ്ട് ₹ 50,42,000 |
| ചെലവ് | ₹ 47,09,306 |
| ബിൽ നമ്പർ, തീയതി | 1641072/30-3-20 ₹22,32,500 (2019-20)<br>43/12-07-2021 ₹22,73,730<br>109/15-02-2022 ₹2,03,076 |
| കരാറുകാരൻ | കെ വി പ്രത്യൂബാബു |
| കരാർ | LSGD/AEE 320/18-19/25-2-2019 |
| പി എ സി | ₹49,38,875 |
| ഭരണാനുമതി തുക | ₹51,42,000 |
| കരാർ തുക | ₹45,06,230 |
| അളവ് പുസ്തകം : | 541/18-19 541 B/18-19 |

1)ബഹുവർഷപ്രോജക്റ്റായി 18-19ൽ ആരംഭിച്ച ഈ പദ്ധതിയിൽ, കെട്ടിടനിർമ്മാണത്തിന് 45,06,230 രൂപയും വയറിംഗ്പ്രവൃത്തിക്ക് 2,03,076 രൂപയും ഉൾപ്പെടെ ₹47,09,306 രൂപ ചെലവഴിച്ചിട്ടുണ്ട്. 06-03-2019ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത പ്രസ്തുത പ്രവൃത്തി കരാർപ്രകാരം പൂർത്തീകരിക്കേണ്ട കാലാവധി 05-01-2020നാണ്. എന്നാൽ6-1-20 മുതൽ 10-03-2020 വരെ പിഴയോടെയും 11-03-2020 മുതൽ 30-05-2020വരെ പിഴയില്ലാതെയും 01-06-2020 മുതൽ 31-12-2020വരെയും 01-01-2021മുതൽ 21-02-2021 വരെ പിഴയോടെയും 4 തവണ സമയദീർഘീകരണം നൽകിക്കൊണ്ട് 21-02-2021നണ് പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടത്.

പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണകാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വ്യക്തത നൽകി ഇറക്കിയ സർക്കുലർ നമ്പർ AC2/223/2015/ത.സ്വ.ഭ.വ തീയതി 18-08-2018 പ്രകാരം മുൻകൂട്ടികാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ, നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് ആയത് അനുവദിക്കാവുന്നതാണ്. ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി അധികപൂർത്തീകരണകാലാവധി ആ പ്രവൃത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതി മാത്രമായിരിക്കും. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം പിഴയോട് കൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ആദ്യത്തെ മൂന്ന് മാസം വരെ കരാർതുകയുടെ 1% ( 1000 രൂപയിൽ കുറയാതെയും 50,000 രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% ( 2000 രൂപയിൽ കുറയാതെയും 1,00,000 രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും ആണ്.

സർക്കാർ നിർദ്ദേശം പാലിക്കാതെ കരാറുകാരനിൽ നിന്ന് ₹1,00,000 യിൽ പരിമിതപ്പെടുത്തിമാത്രമാണ് കാലതാമസത്തിന് പിഴ ഈടാക്കിയത്. പി.ഡബ്ല്യൂ.ഡി/സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ സംഖ്യ കണക്കാക്കി കുറവുവന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) പബ്ലിക്ക് വർക്ക് ഡിപ്പാർട്ട്മെന്റ് മാന്വലിലെ 2112വ്യവസ്ഥ പ്രകാരം യഥാർത്ഥ പ്രവൃത്തി പൂർത്തീകരണത്തിന് കരാർപ്രകാരം ക്ലിപ്തപ്പെടുത്തിയ സമയത്തിന്റെ പകുതിയിൽ കൂടുതൽ സമയദീർഘീകരണം പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിക്കാൻ പാടില്ല എന്ന വ്യവസ്ഥ പാലിക്കപ്പെട്ടു കാണുന്നില്ല. 10മാസം പ്രവൃത്തി പൂർത്തീകരണ കാലാവധിയായി കണക്കാക്കിയ പ്രവൃത്തിക്ക് 11 മാസത്തിലധികം അധിക സമയം അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 57/23-03-2023) മറുപടി നൽകിയിട്ടില്ല.

## 1-56 എട്ടൂർ പോസ്റ്റ് ഓഫീസ് ഞണ്ടും കണ്ണി ആറളം റോഡിൽ തോട്ടുംകടവിലുള്ളപാലത്തിന് ഇൻവെസ്റ്റിഗേഷൻ- ഫൈനൽ ബില്ലില്ലാതെ തുക അനുവദിച്ചതും പ്രവൃത്തി പൂർത്തീകരിക്കാത്തതും ₹ 1,10,094 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 462/22 |
| പ്രോജക്ടിന്റെ പേര് | എട്ടൂർ പോസ്റ്റ് ഓഫീസ് ഞണ്ടും കണ്ണി ആറളം റോഡിൽ തോട്ടുംകടവിലുള്ള പാലത്തിന് ഇൻവെസ്റ്റിഗേഷൻ |
| അടങ്കൽ | തനത് ഫണ്ട് ₹1,50,000 |
| ചെലവ് | ₹ 1,10,094 |
| ബിൽ നമ്പർ, തീയതി | ₹60,094 (UTR: RBI 2152195931482/29-7-21)<br>₹50,000 (UTR:RBI 2602165975028/16-9-21) |

പ്രസ്തുത പ്രോജക്ടിന് മുൻവർഷം (പ്രോ.നമ്പർ-742/21) സോയിൽ ഇൻവെസ്റ്റിഗേഷൻ ഫീസനിത്തിൽ 50,000 രൂപ (ചെക്ക് 394104 തീയതി 18-8-20) ഗവ: എഞ്ചിനീയറിങ്ങ് കോളേജ് ,കണ്ണൂരിന്റെ കണ്ടിന്യൂയിങ്ങ് എഡ്യുക്കേഷൻ സെന്ററിന് അഡ്വാൻസ് നൽകിയിട്ടുണ്ട്. സ്പിൽഓവർ ആയി തുടരുന്ന പ്രോജക്ടിൽ പ്രസ്തുത സ്ഥാപനത്തിന്റെ 9-2-21ലെ കത്ത് പ്രകാരം 60,094 രൂപയും (UTR: RBI 2152195931482/29-7-21) 6-8-21 ലെ കത്ത് പ്രകാരം സ്ട്രക്ചറൽ ഡിസൈൻ ഫീസിനത്തിൽ അഡ്വാൻസ് തുകയായി 50,000 രൂപയും (RBI 2602165975028/16-9-21) കണ്ണൂർ ഗവ.എഞ്ചിനീയറിങ്ങ് കോളേജിന് നൽകിയിട്ടുണ്ട്

ഇത് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സോയിൽ ഇൻവെസ്റ്റിഗേഷൻ ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. ഫൈനൽ ബില്ലിന്റെ അഭാവത്തിൽ മുൻകൂർ കഴിച്ച് 60,094/- രൂപ നൽകിയതിന്റെ ആധികാരികത ഓഡിറ്റിന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

2) സ്ട്രക്ചറൽ ഫീസിനത്തിൽ അഡ്വാൻസ് നൽകി ഒന്നര വർഷത്തോളമായിട്ടും സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലെ തുടർനടപടികൾ ഫയലിൽ ലഭ്യമല്ല.

മേൽ പ്രോജക്ടിൽ നാളിതുവരെയായി 1,60,094 രൂപ ചെലവഴിച്ചെങ്കിലും പ്രവൃത്തി ആരംഭിക്കുക പോലും ചെയ്തിട്ടില്ലെന്നാണ് ഓഡിറ്റിൽ മനസിലാക്കുന്നത്. മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് കാലയളവിൽ ചെലവഴിച്ച ₹1,10,094 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്.

## 1-57 നിർമാണം പൂർത്തിയായ ഉടനെ പുഴയുടെ സംരക്ഷണഭിത്തി തകർന്നു- അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണം - | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ പേര് | 703/22 കൊമ്മേരി സർക്കാർ ആട്ടുവളർത്തൽ കേന്ദ്രം തീറ്റപ്പുൽകൃഷിക്കുവേണ്ട സ്ഥലം സജ്ജമാക്കൽ |

| | |
|---|---|
| അടങ്കൽ- | ₹10,00,000(തനത് ഫണ്ട്) |
| ചെലവ്- | ₹7,90,245 |
| ചെലവ് തീയ്യതി : | 31.03.2022 |
| അലോട്ട്മെന്റ് നമ്പർ- | 1829/31.03.2022 |
| എം ബുക്ക് നമ്പർ- | 235/2020-21 |
| എഗ്രിമെന്റ് നമ്പർ | LSGD/AEE/145/20-21 -05/11/2020 |
| കരാറുകാരന്റെ പേര് | വിനോദൻ വള്ളുവക്കണ്ടി |

കണ്ണൂർജില്ലാപഞ്ചായത്ത് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി 'കൊമ്മേരി സർക്കാർ ആട്ടുവളർത്തൽകേന്ദ്രം-തീറ്റപ്പുൽകൃഷിക്കുവേണ്ട സ്ഥലം സജ്ജമാക്കൽ' എന്ന പ്രോജക്ടിന്റെ ഭാഗമായി കൊമ്മേരിഫാമിൽ കൂടി ഒഴുകുന്ന പുഴയുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

കൊമ്മേരി ഗോട്ട്ഫാമിലൂടെ ഒഴുകുന്ന പുഴയിൽ നിന്നും മഴക്കാലത്ത് വലിയതോതിൽ വെള്ളം കയറി ഫാമിലെ പുൽകൃഷി നശിക്കാറുണ്ടെന്നും പുഴയുടെ കൊട്ടുംവളവും വീതികുറവും ഇതിന്റെ കാരണങ്ങളാണെന്നും ആയതിനാൽ വളവ് നിവർത്തിക്കെട്ടുന്നതിന് സാങ്കേതികതടസ്സങ്ങളില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 23.02.2021 ൽ ചേർന്ന ഭരണസമിതിയോഗം 31/21 നമ്പറായി പ്രോജക്ട് - 622/22 കൊമ്മേരി ഫാം-പുഴയുടെ സംരക്ഷണഭിത്തി നിർമാണം എന്ന പദ്ധതി നടപ്പാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിൽ നടപ്പാക്കിയ പ്രവൃത്തിയിൽ ഉൾപ്പെടാത്ത 30 മീറ്റർ ഭാഗത്ത് പ്രോജക്ട് - 703/22 പ്രകാരം പുഴയുടെ ഭിത്തി സംരക്ഷണ പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി മുകളിൽ പരാമർശിച്ച വിശദാംശങ്ങൾ പ്രകാരം പ്രവൃത്തി നടപ്പാക്കി കരാറുകാരന് ₹7,90,245 നൽകിയിട്ടുണ്ട്.

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കൊമ്മേരി ഗോട്ട്ഫാമിൽ നടത്തിയ പരിശോധനയിൽ മേൽപ്രവൃത്തിയുടെ ഭാഗമായി നിർമിച്ച കരിങ്കൽഭിത്തി, തുടങ്ങുന്ന ഭാഗത്തുതന്നെ തകർന്ന് വീണതായി കണ്ടു. പുഴയുടെ ഒഴുക്ക് വരുന്ന ഭാഗത്ത് തന്നെ ഭിത്തി തകർന്നതിനാൽ തുടർന്ന് വരുന്ന മഴക്കാലത്ത് ശക്തമായ ഒഴുക്കിൽ ഭിത്തി പൂർണമായും തകർന്നു വീഴുന്ന സ്ഥിതിയാണ് ഇതുവഴി സംജാതമായിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ 3 ആയി ചെയ്ത Random Rubble Dry Masonry With Hard Stone In Foundation And Plinth (55.800 Cum) പ്രവൃത്തിയിൽ കരാറുകാരൻ കൃത്യമായി പ്രവൃത്തി നിർവഹിക്കാത്തതിനാലും നിർവഹണഉദ്യോഗസ്ഥൻ പ്രവൃത്തി വിലയിരുത്തിയിട്ടില്ലാത്തതിനാലുമാണ് ഈ പദ്ധതിനിർവ്വഹണത്തിൽ പാളിച്ച പറ്റിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തി ഫലപ്രദമായ രീതിയിൽ നടപ്പാക്കാത്തതിന് കാരണം വല്ലതുമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(52/17-2-2023)ത്തിന് ലഭ്യമാക്കിയ മറുപടിയിൽ പൂർത്തിയായ പ്രവൃത്തിയിൽ 1 മീറ്റർ നീളത്തിലും 2മീറ്റർ ഉയരത്തിലും സംരക്ഷണഭിത്തി തകർന്നിട്ടുണ്ടെന്നത് അംഗീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ സംരക്ഷണകാലാവധി കഴിഞ്ഞിട്ടില്ലാത്തതിനാൽ സംരക്ഷണഭിത്തി പുനസ്ഥാപിക്കുന്നതിനായി കരാറുകാരന് നിർദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ കൃത്യമായി പ്രവൃത്തി നിർവഹിക്കാത്തതിനാലും ആവശ്യമായ സാങ്കേതികവിലയിരുത്തൽ നടത്താത്തതിനാലുമാണ് പദ്ധതി ലക്ഷ്യം കൈവരിക്കാഞ്ഞതെന്ന ഓഡിറ്റ് നിരീക്ഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് - 622/22 കൊമ്മേരി ഫാം-പുഴയുടെ സംരക്ഷണഭിത്തി നിർമാണം, പ്രോജക്ട് - 703/22 തീറ്റപുൽകൃഷിക്കുവേണ്ട സ്ഥലം സജ്ജമാക്കൽ എന്നീ പ്രവൃത്തികൾ കരാറുകാരൻ കൃത്യമായി നിർവഹിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. തകർന്നുവീണ ഭാഗം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുനസ്ഥാപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-58 കമ്പ്യൂട്ടർ വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ- അധികചെലവ് വരാതെ ശ്രദ്ധിക്കേണ്ടതാണ് - ₹58,494 തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണം- | സൂപ്രണ്ട്,ജില്ലാകൃഷിത്തോട്ടം |
| പ്രോജക്റ്റ് നമ്പർ പേര് | 344/22ജില്ലാ കൃഷിത്തോട്ടത്തിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കൽ |
| അടങ്കൽ | 400000(മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| ആകെ ചെലവ്- | ₹3,99,703 |
| ബിൽ റഫറൻസ് നമ്പർ- | 21190100000030233/16.11.21 ₹2,59,238 |

1)ജില്ലാ കൃഷിത്തോട്ടത്തിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കൽ എന്ന പ്രോജക്ടിന്റെ ഭാഗമായി മുകളിൽ പ്രതിപാദിക്കുന്ന ബിൽ പ്രകാരം ₹2,59,238 കെൽട്രോണിലേക്ക് അടവാക്കിയിരുന്നു. കെൽട്രോണിന്റെ 20.10.21 തീയ്യതിയിലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ-31126,31129,31131,31132,31133എന്നിവ പ്രകാരം താഴെ പ്രതിപാദിക്കുന്ന നിരക്കിൽ ഉപകരണങ്ങൾ ലഭ്യമാക്കാനാണ് വർക്ക് ഓർഡർ നൽകിയത്.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക(₹) |
|---|---|---|---|
| 1 | ഡെസ്ക്ടോപ്കമ്പ്യൂട്ടർ | 3 | 1,15,533 |
| 2 | ലാപ്ടോപ്കമ്പ്യൂട്ടർ | 2 | 54,458 |
| 3 | എ4മൾട്ടിപ്രിന്റർ | 3 | 40,036 |
| 4 | യു.പി.എസ്. | 1 | 23,305 |
| 5 | പ്രിന്റർ | 2 | 25,906 |
| | ആകെ | | 2,59,238 |

വർക്ക്ഓർഡർ പ്രകാരമുള്ള ഉപകരണങ്ങൾ ലഭിക്കാത്തതിനെ തുടർന്ന് കെൽട്രോണിൽ അന്വേഷിച്ചപ്പോൾ, വർക്ക് ഓർഡർ ക്രിയേറ്റ് ചെയ്തിട്ടില്ലെന്ന് മനസ്സിലാവുകയും വീണ്ടും നൽകിയപ്പോൾ കാലാവധി കഴിഞ്ഞു എന്ന കാരണത്താൽ നിരസിക്കുകയും ചെയ്തു. മേൽപ്രതിപാദിച്ച കമ്പ്യൂട്ടറുകൾ ലഭിക്കുന്നതിനായി പുതിയ ഇൻവോയ്സ് ജനറേറ്റ് ചെയ്യാൻ കെൽട്രോണിൽ നിന്നും നിർദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ ഇൻവോയ്സ് ജനറേറ്റ് ചെയ്തപ്പോൾ ഡസ്ക് ടോപുകളും ലാപ്പ്ടോപുകളും മാത്രമേ ലഭിച്ചുള്ളൂ. എന്നാൽ ആയതിന് പുതിയനിരക്ക് പ്രകാരം ഡസ്ക്ടോപിന് ₹ 12123 രൂപയും ലാപ്പ്ടോപിന് ₹18630 രൂപയും അധികം നൽകേണ്ടിവന്നു. ഇതുവഴി ആകെ ₹30,753 അധികം ചെലവായിട്ടുണ്ട്. ആകെ ₹2,00,744 രൂപയാണ് ഈയിനത്തിൽ ചെലവായത്. കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും ലഭിക്കുന്നതിന് വേണ്ടി ആകെ ₹2,59,238 നൽകിയതിൽ, അനുബന്ധഉപകരണങ്ങൾ ലഭ്യമാകാഞ്ഞതിനാൽ ₹58,494 കെൽട്രോണിൽ നിന്നും തിരികെ ലഭിക്കാനുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ്അന്വേഷണ(1/20.12.2022)ത്തിന് ലഭ്യമാക്കിയ മറുപടിയിൽ കമ്പ്യൂട്ടർ ഓൺലൈൻ നെറ്റ് വർക്ക് തകരാർ മൂലമാണ് വർക്ക്ഓർഡർ ക്രിയേറ്റ് ചെയ്യാൻ സാധിക്കാതിരുന്നതെന്നതാണ് അറിയിച്ചത്. ഇത്തരം അപാകങ്ങൾ കാരണം സർക്കാർഫണ്ടിന് അധികചെലവ് വഴി നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ജാഗ്രത നിർവഹണ ഉദ്യോഗസ്ഥൻ പുലർത്തേണ്ടതായിരുന്നു.

₹58,494 കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഖജനാവിലേക്ക് അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.അധികമായി ഒടുക്കിയ തുക തിരികെ ലഭ്യമാക്കുന്നതിലേക്കായി ₹58,494 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) ഈ പ്രോജക്ടിൽ നിന്നും ബിൽ റഫറൻസ് നമ്പർ 21190152027001403402/22.03.22 പ്രകാരം ₹90,000

ജില്ലാകൃഷിത്തോട്ടത്തിൽ LAN സ്ഥാപിക്കുന്നതിനായി PWD ഇലക്ട്രോണിക്സ് വകുപ്പിലേക്ക് അടവാക്കിയിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ വിവരം ലഭ്യമല്ല. ജില്ലാകൃഷിത്തോട്ടം സൂപ്രണ്ട് ലഭ്യമാക്കിയ മറുപടിയിൽ പൂർത്തീകരണ വിവരം ലഭിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ തൃശ്ശൂരിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. പൂർത്തീകരണവിവരവും, വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-59 അക്കൗണ്ടിലേക്ക് തിരിച്ചുവന്ന തുക യഥാർത്ഥ ഗുണഭോക്താവിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാപഞ്ചായത്തിന്റെ ട്രഷറി സ്പെഷൽ ടി.എസ്.ബി - ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേക്ക് താഴെ പ്രതിപാദിക്കുന്ന വിശദാംശങ്ങൾ പ്രകാരം തുക തിരികെ വന്നിട്ടുണ്ട്. ഇത് മുൻ വർഷത്തെ ചെലവിനത്തിൽ ഉൾപ്പെട്ടതും ഗുണഭോക്താവിന് അർഹതപ്പെട്ട തുകയുമായതിനാൽ യഥാർത്ഥ അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

അക്കൗണ്ട് - ട്രഷറി സ്പെഷൽ ടി.എസ്.ബി - ജോയിന്റ് വെഞ്ചർ (450650109)

വൗച്ചർ നമ്പർ - 121290900154/01.03.2022

ഹെഡ് കോഡ് -350300109

ചെക്ക് നമ്പർ/തീയ്യതി -EPOC -10.07.2021

തുക -₹7500
Government And Other Dues Payable Refund Of Unutilised Grants Of Prior Period എന്ന ശീർഷകത്തിലേക്ക് EPOC Clearence Bill Credited On 16.07.2021 എന്ന വിവരം ചേർത്തുകൊണ്ടാണ് തുക അക്കൗണ്ടിൽ വരവ് ചെയ്തിരിക്കുന്നത്. ഇത് പരിശോധിക്കേണ്ടതും ഗുണഭോക്താവിന്റെ യഥാർത്ഥ അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണ്.പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-60 നെൽക്കൃഷിക്ക് കൂലിച്ചെലവ്-സബ്സിഡി-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹41,83,028 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 865/22 |
| പ്രോജക്ടിന്റെ പേര് | നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, വാട്ടർ മാനേജ്മെന്റ് |
| അടങ്കൽ ₹ 87,46,202 | വികസന ഫണ്ട് (പൊതു വിഭാഗം ) -₹ 43,73,101<br>(ഗ്രാമപഞ്ചായത്ത് വിഹിതം)- ₹43,73,101 |
| ചെലവ് ₹43,73,101 | അലോട്ട്മെന്റ്നമ്പർ 373/11-10-21 ₹ 2,64,180<br>അലോട്ടമെന്റ് നമ്പർ438/22-10-21₹ 4,91,219<br>അലോട്ടമെന്റ് നമ്പർ 493/1-11-21 ₹ 3,21,504<br>അലോട്ടമെന്റ്നമ്പർ 494/ 1-11-21 ₹ 4,04,040<br>അലോട്ടമെന്റ്നമ്പർ 495/1-11-21 ₹1,90,073<br>ബിൽ നമ്പർ 2/21-12-21 ₹ 10,06,292 |

| | |
|---|---|
| | ബിൽ നമ്പർ 5/20-1-22 ₹ 15,86,993<br>ബിൽ നമ്പർ 7/17-2-22 ₹ 1,08,800 |

പ്രസ്തുതപദ്ധതിയിൽ താഴെ പറയുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.വിശദ വിവരം ചുവടെ -

| ക്രമനമ്പർ | ഗ്രാമ പഞ്ചായത്ത് | അനുവദിച്ച തുക (₹) |
|---|---|---|
| 1 | കുറുമാത്തൂർ | 2,64,180 |
| 2 | കൊളച്ചേരി | 4,91,219 |
| 3 | കരിവെള്ളൂർ- പെരളം | 7,25,544 |
| 4 | ഏഴോം | 1,90,073 |
| 5 | കണ്ണപുരം | 5,11,292 |
| 6 | ഉളിക്കൽ | 4,95,000 |
| 7 | ചെറുതാഴം | 15,61,178 |
| 8 | കടന്നൂർ | 25,815 |
| 9 | മലപ്പട്ടം | 1,08,800 |
| | ആകെ | 43,73,101 |

മേൽപ്രകാരം തുക നൽകിയതിൽ, ഏഴോം ഗ്രാമപഞ്ചായത്ത് മാത്രമേ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളൂ.

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി (നമ്പർ-25/01-02-2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 41,83,028 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പട്ടികയിൽ പരാമർശിച്ച മറ്റ് ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-61 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.₹1,16,95,568 തടസ്സപ്പെടുത്തുന്നു.

1)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ ,ഡയറീസ് |
| പ്രോജക്റ്റ് നമ്പർ | 5/22 |
| പ്രോജക്റ്റ് പേര് | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി |
| അടങ്കൽ | വികസന ഫണ്ട് ₹60,00,000 |
| ചെലവ് | ₹ 59,99,147 |

| | |
|---|---|
| | (509/12-11-2021 മുതൽ 1742/30-03-2022 വരെയുള്ള 73 ബില്ലുകൾ) |

'ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി' എന്ന പദ്ധതി പ്രകാരം വിവിധഗ്രാമപഞ്ചായത്തുകൾക്കായി 59,99,147 രൂപ നൽകിയിട്ടുണ്ട്. തുക നൽകിയതിൽ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾ മാത്രമേ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളൂ. വിശദ വിവരം ചുവടെ ചേർക്കുന്നു-

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക(₹) |
|---|---|---|
| 1 | ഉദയഗിരി | 1,70,000 |
| 2 | ചിറ്റാരിപ്പറമ്പ് | 43,000 |
| 3 | മാങ്ങാട്ടിടം | 75,000 |
| 4 | പട്ടുവം | 25,000 |
| 5 | കടന്നപ്പള്ളി പാണപ്പുഴ | 1,49,000 |
| 6 | പരിയാരം | 73,000 |
| 7 | കുന്നോത്ത് പറമ്പ് | 17,000 |
| 8 | പടിയൂർ കല്ല്യാട് | 77,000 |
| 9 | കണിച്ചാർ | 1,86,000 |
| | ആകെ | 8,15,000 |

51,84,147 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രവും, തുകനല്കിയതിന്റെ അലോട്മെന്റ്/ബിൽ നമ്പർ എന്നിവയും ഹാജരാക്കാൻ വേണ്ടിയുള്ള ഓഡിറ്റ്എൻക്വയറി (നമ്പർ49/17-02-23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിലേക്കായി ₹51,84,147 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ ,ഡയറീസ് |
| പ്രോജക്ട് നമ്പർ | 863/22 |
| പ്രോജക്ടിന്റെ പേര് | ക്ഷീരസംഘം മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (സ്പിൽ ഓവർ) |
| അടങ്കൽ | വികസന ഫണ്ട് ₹98,85,967 |
| ചെലവ് | ₹ 98,85,967<br>(376/18-10-2021 മുതൽ 1526/25-03-2022 വരെയുള്ള 46 ബില്ലുകൾ) |

'ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി' എന്ന പദ്ധതി പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി 98,85,967രൂപ നൽകിയിട്ടുണ്ട്. തുക നൽകിയതിൽ, താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾ മാത്രമേ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളൂ.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക(₹) |
|---|---|---|
| 1 | കോളയാട് | 1,50,000 |
| 2 | മാങ്ങാട്ടിടം | 4,00,000 |
| 3 | കടന്നപ്പള്ളി -പാണപ്പുഴ | 5,00,000 |
| 4 | പടിയൂർ – കല്ല്യാട് | 3,50,000 |
| 5 | കേളകം | 11,50,000 |
| 6 | കണിച്ചാർ | 4,00,000 |
| 7 | ചിറ്റാരിപ്പറമ്പ് | 4,24,546 |
| | ആകെ | 33,74,546 |

₹65,11,421/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യ പത്രം,അലോട്മെന്റ്/ബിൽനമ്പർ എന്നിവ ഹാജരാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 50/17-2-23) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതിലേക്കായി ₹65,11,421 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-62 ഡെപ്യൂട്ടി ഡയറക്ടർ കൃഷി (YP) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല 27,29,885 തടസ്സപ്പെടുത്തുന്നു.

2021-22 വർഷം ഡെപ്യൂട്ടി ഡയറക്ടർ കൃഷി (YP)നിർവ്വഹണം ചെയ്ത താഴെ പറയുന്ന വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ, പേര് | അടങ്കൽ ₹ | ചെലവ് ₹ | ബിൽ നമ്പർ | തുക അനുവദിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ വിവരം | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരം |
|---|---|---|---|---|---|---|
| 1 | 194/22 പച്ചരിക്കൃഷിക്ക് കൂലിച്ചെലവ് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം | വികസന ഫണ്ട് 8,56,000 | 8,56,000 | ബിൽനമ്പർ 5/21-22 തീയതി-15-2-22 ₹1,30,000<br>ബിൽനമ്പർ 13/21-22 തീയതി- 23-2-22 ₹5,13,500<br>ബിൽനമ്പർ 16/21-22തീയതി-8-3-22 ₹ 1,70,000<br>ബിൽനമ്പർ - | മലപ്പട്ടം -20,000<br>മയ്യിൽ-1,10,000<br>മുഴക്കുന്ന്-1,00,000<br>മാങ്ങാട്ടിടം -2,50,000<br>നാറാത്ത് -40,000<br>ഉദയഗിരി -51,000 | മലപ്പട്ടം -20,000<br>മുഴക്കുന്ന്-1,00,000<br>മാങ്ങാട്ടിടം -2,50,000<br>നാറാത്ത് - 40,000<br>ചപ്പാരപ്പടവ്-30,000<br>ചെറുതാഴം -₹1,70,000<br>ചെങ്ങളായി |

| | | | | | | |
|---|---|---|---|---|---|---|
| | | | | 1082/28.02.22 ₹25,500 ബിൽനമ്പർ - 1158/07.03.22₹17000 | ചപ്പാരപ്പടവ്- 30,000<br>പട്ടുവം -42,500<br>ചെറുതാഴം -₹1,70,000<br>ചെങ്ങളായി -25,500<br>കുറുമാത്തൂർ -17,000 | -25,500<br>കുറുമാത്തൂർ -17,000<br>ആകെ<br>₹652500 |
